www.malankaralibrary.com

# കാരുണികൻ

സമഗ്രദൈവശാസ്ത്ര മാസിക

₹ 25
www.karunikan.com

Vol. 19 | No. 10
OCTOBER 2022



## തിരയും തീരവും

www.malankaralibrary.com

## ആലുവ എട്ടേക്കർ തീർത്ഥാടന കേന്ദ്രത്തിൽ

# വിശുദ്ധ യൂദാ തദേവൂസിന്റെ മദ്ധ്യസ്ഥ തിരുനാൾ

**ഒക്ടോബർ 26 മുതൽ 30 വരെ**

തിരുനാളിന് ഒരുക്കമായുള്ള

## നവനാൾ

**ഒക് ടോബർ 17 മുതൽ 25 വരെ**

## ഊട്ടുതിരുനാൾ

**2022 നവംബർ 3 വ്യാഴം**



### തിരുനാൾ ദിനങ്ങൾ ഒക്ടോബർ 26-30 [ബുധൻ-ഞായർ]

**ഒക്ടോബർ 26 ബുധൻ**

വൈകീട്ട് 5.30ന് : കൊടിയേറ്റ്, ദിവ്യബലി, പ്രസംഗം

മുഖ്യകാർമികൻ : വെരി റവ. മോൺ. മാത്യു ഇലഞ്ഞിമറ്റം (വികാർ ജനറൽ, വരാപ്പുഴ അതിരൂപത)

പ്രസംഗം : റവ. ഫാ. വിബിൻ ചൂതംപറമ്പിൽ

രാവിലെ 06.00, 06.30, 07.30, 09.30, 10.30 വൈകീട്ട് 04.00, 05.30

**ഒക്ടോബർ 27 വ്യാഴം**

വൈകീട്ട് 5.30ന് : ദിവ്യബലി, പ്രസംഗം, നൊവേന

മുഖ്യകാർമികൻ : റവ. ഫാ. നെൽസൻ ജോബ് കളപ്പുരക്കൽ OCD

**ഒക്ടോബർ 28 വെള്ളി**

വൈകീട്ട് 5.30ന് : ദിവ്യബലി, പ്രസംഗം

മുഖ്യകാർമികൻ : മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപറമ്പിൽ (മെത്രാപ്പോലീത്ത, വരാപ്പുഴ അതിരൂപത)

പ്രസംഗം : റവ. ഫാ. യേശുദാസ് പഴമ്പിള്ളി

**ഒക്ടോബർ 29 ശനി**

വൈകീട്ട് 5.30ന് : ദിവ്യബലി, പ്രസംഗം

മുഖ്യകാർമികൻ : വെരി റവ. മോൺ. ജെൻസൻ പുത്തൻവീട്ടിൽ (വികാർ ജനറൽ, കോഴിക്കോട് രൂപത)

പ്രസംഗം : റവ. ഫാ. ഡെന്നി പാലക്കപറമ്പിൽ

പ്രദക്ഷിണം (എസ്.ഒ.എസ്. ഭാഗത്തേക്ക്)

**ഒക്ടോബർ 30 ഞായർ**

രാവിലെ 7.00ന് : ദിവ്യബലി

രാവിലെ 9.30ന് : തിരുനാൾ ദിവ്യബലി

മുഖ്യകാർമികൻ : മോസ്റ്റ് റവ. ഡോ. ഫ്രാൻസിസ് കല്ലറക്കൽ (ആർച്ചുബിഷപ് എമെരിത്തൂസ്)

പ്രസംഗം : റവ. ഫാ. വിൻസന്റ് വാര്യത്ത്

പ്രദക്ഷിണം (ചൂണ്ടി ഭാഗത്തേക്ക്)

വൈകീട്ട് 5.30ന് : തിരുനാൾ സമാപന ദിവ്യബലി

മുഖ്യകാർമികൻ : വെരി റവ. മോൺ. മാത്യു കല്ലിങ്കൽ (വികാർ ജനറൽ, വരാപ്പുഴ അതിരൂപത)

പ്രസംഗം : റവ. ഫാ. ആൻഡ്രൂസ് പുത്തൻപറമ്പിൽ OCD

### ഊട്ടുതിരുനാൾ നവംബർ 3 [വ്യാഴം]

രാവിലെ 06.00ന് : നൊവേന

06.30ന് : ദിവ്യബലി, നൊവേന 07.30ന് : ദിവ്യബലി, നൊവേന

09.00ന്: ഊട്ടുതിരുനാൾ ദിവ്യബലി, പ്രസംഗം,

മുഖ്യകാർമികൻ : റവ. ഫാ. ജോസഫ് തട്ടാരശ്ശേരി

പ്രസംഗം : റവ. ഫാ. ഡേവിഡ് OCD

ഊട്ടുനേർച്ച വെഞ്ചിരിപ്പ്, നേർച്ച വിതരണം

YouTube LIVE

തിരുക്കർമ്മങ്ങൾ തൽസമയം കാണുന്നതിന് (Live Telecasting)

YouTube

https://youtube.com/c/StJudeEttekkar

https://www.facebook.com/stjudeshrine/

www.stjudeshineettekkar.com

www.malankaralibrary.com

എഡിറ്റോറിയൽ

# പുത്തൻവീട്ടിലെ പഴയ പുല്ലും വികസനമുറ്റത്തെ കരിയിലയും!

പുതുതായി പണിത ഒരു വലിയ വീട്. പക്ഷേ, അതിരിക്കുന്ന പറമ്പ് പണ്ടേ അവർക്കു സ്വന്തമായ് ഉള്ളതാണ്. തറവാട്ടിൽ നിന്ന് അവിടേയ്ക്കു മാറിത്താമസിച്ചിരിക്കുന്നതു പുതുതലമുറയിലെ ചെറുപ്പക്കാരനായ മകനാണ്. കയറിത്താമസം കഴിഞ്ഞധികനാളുകൾ പിന്നിടും മുൻപേ വീട്ടുമുറ്റത്തു പണ്ട് പറമ്പിൽ ഉണ്ടായിരുന്നതുപോലെ പുല്ല് ആർത്തു വളർന്നു. കെട്ട്യോനും കെട്ട്യോളും കുട്ട്യോളും ഒരു പോലെ അസ്വസ്ഥരായി. 'മുറ്റം മുഴുവൻ കളനാശിനി അടിക്കാം'. 'അല്ലെങ്കിൽ കല്ല് പാകാം.' 'എങ്ങനെയായാലും ഇനിമേൽ പുല്ലു വളർന്നു വീടിന്റെ ഭംഗി നശിപ്പിക്കരുത്' അവരൊരുപോലെ ചിന്തിച്ചു.

അങ്ങനെയിരിക്കെ ഒരു ദിവസം ഗൃഹനാഥന്റെ അമ്മ–പഴയ തലമുറക്കാരി, മകനെ കാണാൻ പുതുവീട്ടിലെത്തി. മുറ്റത്തെത്തിയതേ അവർ പറഞ്ഞു: 'എന്ത് കുളിർമയാണ് ഇവിടെയെത്തുമ്പോൾ! നിലം ചേർന്ന് വളരുന്ന ഈ പുല്ലു കണ്ടാൽ വാങ്ങി നട്ടതല്ലായെന്നു തോന്നില്ല. ചിലയിടങ്ങളിൽ ഒന്ന് മിനുക്കുകയും ചിലയിടങ്ങളിൽ ഒന്ന് നികക്കുകയും കൂടി ചെയ്താൽ എന്തായിരിക്കും ഈ മുറ്റത്തിന്റെ ഭംഗി!' അമ്മയുടെ വാക്കുകൾക്ക് പുതിയ കുടുംബം പുല്ലുവിലയാണ് കല്പിച്ചത്. എന്നാൽ ഗൃഹനാഥന്റെ വിദേശിയായ സുഹൃത്തും വീട്ടു മുറ്റത്തു വ്യാപിച്ച ആ നല്ലയിനം പുല്ലിന്റെ മനോഹാരിത വർണിച്ചപ്പോൾ തന്റെ വീട്ടുമുറ്റത്തെ ചെറിയ ചില മിനുക്കു പണികളിലൂടെ മനോഹരമാക്കാമെന്നൊരു ചിന്ത അദ്ദേഹത്തിന് തോന്നിത്തുടങ്ങി.

വീട്ടുമുറ്റത്തു മരം നിന്നാൽ ഇല കൊഴിയും, മരമൊടിയും, ജോലി കൂടും എന്ന് ചില വീട്ടമ്മമാർ വീട്ടുകാരന്മാരോട് പരാതി പറയുന്നതായി കേട്ടിട്ടുള്ളപ്പോൾതന്നെ എല്ലാവരും ചവിട്ടി നടന്നു പോകുന്ന കരിയിലയെപ്പോലും കൈയിലെടുത്തതിനെ ധ്യാന വിഷയമാക്കിയിരുന്നൊരു ഗുരു ശ്രേഷ്ഠനെ പറ്റിയും പറഞ്ഞു കേട്ടിട്ടുണ്ട്.

കീശയിലൊതുങ്ങാത്ത കാശിൽ ഒരുക്കുന്ന കൊട്ടാരങ്ങൾ ആണ് കുടുംബത്തിന്റെയും നാടിന്റെയും വികസനസൂചികകൾ എന്ന് വിചാരിച്ച് നിർമാണ പ്രവർത്തനങ്ങൾ നടത്തുന്ന പുതുതലമുറയിലെ ഗൃഹനാഥനും ഓരോ പുൽച്ചെടിയും മനോഹരമാണെന്നും ഭൂമിയിലെ ജൈവ വ്യവസ്ഥിതിയിൽ അതിനും അതിന്റേതായ പങ്കുണ്ടെന്നും വിശ്വസിക്കുന്ന പഴയ തലമുറയിലെ അമ്മയും ചവിട്ടി നിൽക്കുന്ന കരിയിലയെയോ മണ്ണിനെപോലുമോ നോവിക്കരുതെന്നാഗ്രഹിക്കുന്ന സന്ന്യാസിവര്യനും സമൂഹത്തിലെ വിവിധ ചിന്താധാരകളെ സൂചിപ്പിക്കുന്നു.

പ്ലാവും മാവുമൊക്കെ നിൽക്കുന്ന പറമ്പിലെ വീട്ടുമുറ്റത്തു ദിവസവും മുറ്റമടിച്ചും ഇടയ്ക്കിടെ മുറ്റത്തെ കളകൾ പറിച്ചും നീങ്ങിയിരുന്ന വീട്ടിലെ സ്ത്രീകൾ ഇന്ന് ദൃശ്യങ്ങളായി ഓർമയിലേക്ക് മടങ്ങിയെത്തുമ്പോൾ പാർ

www.malankaralibrary.com

ശ്വവൽക്കരണം, സമൂഹത്തിന്റെ ഓരത്തു മാറ്റി നിർത്തൽ എന്നൊക്കെ പരിഷ്കരിച്ചു പറയുന്ന ചില സാമൂഹിക ചിന്താഗതികളുടെ ക്രൂരമായ രംഗവിന്യാസം പെട്ടെന്ന് മനസ്സിലേക്ക് കയറി വരുന്നു. കാശ് വന്നു കീശ നിറയുമ്പോൾ കാശില്ലാത്തവനെയും കഴിവില്ലാത്തവനെയും പുച്ഛിക്കുന്ന, അവർ തന്റെ നാടിനു കൊള്ളരുതാത്തവരെന്നു ചിന്തിക്കുന്ന, അവരെയൊക്കെ അവിടെനിന്ന് പിഴുതു മാറ്റി /അടിച്ചുവാരി /തോണ്ടിക്കൂട്ടി കളയാമെന്നു ചിന്തിക്കുന്ന വികസനവാദികളുടെ ഒരു ചിത്രം.

തൂത്തു കൂട്ടപ്പെടുന്നവരുടെ കൂട്ടത്തിൽ മലയോരവാസികളും തീരദേശവാസികളുമൊക്കെയാണ് മുൻപന്തിയിൽ. അവരിൽ തീരദേശവാസികളുടെ സ്വരത്തിനാണ് കാരുണികൻ ഈ ലക്കത്തിൽ കാതോർക്കുന്നത്. സമൂഹത്തിലെ പാർശ്വവല്ക്കരിക്കപ്പെട്ട മുക്കുവരെ ശിഷ്യത്വത്തിന്റെ പ്രഥമ സ്ഥാനങ്ങളിലേക്ക് വിളിച്ചുയർത്തിയ യേശുവിന്റെ അനുയായികൾ പിന്തുടരേണ്ടത് അവന്റെ പാതയാണ്.

ഇന്നും പാർശ്വവല്ക്കരിക്കപ്പെട്ടവരെ സമൂഹത്തിന്റെ പൊതുപന്തികളിലേക്കു പിടിച്ചുയർത്താൻ ക്രിസ്തുവിന്റെ ആശയങ്ങൾ പിന്തുടരുന്ന സഭ അടിസ്ഥാനമാക്കുന്നതു കാരുണികനായ അവിടുത്തെ മാതൃകയാണ്. ചോദിക്കാനും പറയാനും ആരുമില്ലെന്ന് കരുതപ്പെടുന്ന ഇക്കൂട്ടരെ നടക്കില്ലെന്നുറപ്പുള്ള മോഹനവാഗ്ദാനങ്ങൾ നൽകി കബളിപ്പിക്കുന്ന വിനോദം തുടരുന്നതിൽ ഒരു രാഷ്ട്രീയപ്പാർട്ടിക്കാരും മോശമല്ലാത്തതിനാൽ അവർക്കുവേണ്ടി സംസാരിക്കാൻ, അവരുടെ സ്വരമാകാൻ കത്തോലിക്കാ സഭ പ്രതിജ്ഞാബദ്ധമാണ്.

വിഴിഞ്ഞം വാണിജ്യ തുറമുഖ നിർമാണത്തിന്റെ വരുംവരായ്കകൾ, അശാസ്ത്രീയ വശങ്ങൾ – ഇവയെക്കുറിച്ചെല്ലാം തിരുവനന്തപുരം ലത്തീൻ അതിരൂപത നേരത്തെ മുതലേ വേണ്ട കേന്ദ്രങ്ങളിലൊക്കെ എത്തിച്ചെങ്കിലും ബധിര കർണങ്ങളിലാണവ പതിച്ചതെന്ന തിരിച്ചറിവിൽ ഇപ്പോൾ അവർ നടത്തിവരുന്ന സമരമുറകൾ കണ്ടില്ലെന്നു നടിക്കാൻ ഒരു സർക്കാരിനുമാവില്ല. വിഴിഞ്ഞമടക്കം എല്ലാ തീരദേശ വികസന പദ്ധതികളിലും തൂത്തു മാറ്റപ്പെടുന്ന, ഒഴിവാക്കപ്പെടുന്ന തീരദേശ സമൂഹത്തിന്റെ വേദനകളോടും ആശങ്കകളോടുമൊപ്പം കാരുണികനും ചേർന്നു നിൽക്കുന്നു. ചോദിക്കാനും പറയാനുമാരുമില്ലാത്തവന്റെ പണിയിടത്തിലും പറമ്പിലും അന്നം മുടക്കികളായി അവതരിക്കുന്നവരല്ല യഥാർഥ വികസനവാദികൾ, മറിച്ച് വികസനം ഓരോരുത്തരുടെയും വീടിനകത്തു തുടങ്ങണമെന്നു ആഗ്രഹിക്കുകയും അതനുവദിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്യുന്നവരാണ്.

**മിഖാസ് കൂട്ടുങ്കൽ**
ചീഫ് എഡിറ്റർ
www.michaskoottumkal.in

www.malankaralibrary.com

പുസ്തകം 19 ലക്കം 10 2022 ഒക്ടോബർ



വികസനമാവശ്യമാണ് നാടിനും നാട്ടാർക്കും. എന്നാൽ, വികസനത്തിരമാലകളിൽ നഷ്ടപ്പെടലുകളനുഭവിക്കുന്നത് മിക്കപ്പോഴും സമൂഹത്തിന്റെ ഓരങ്ങളിലും ദരിദ്ര തീരങ്ങളിലുമുള്ളവരാണ്. വികസനമെന്നു പേരിട്ട് വിളിക്കുന്ന പല ഉട്ടോപ്പിയൻ ദിവാസ്വപ്നങ്ങളും സമൂഹത്തിന്റെ താഴേത്തട്ടിലുള്ളവരെ വിവിധ രീതികളിൽ വീർപ്പുമുട്ടിക്കുന്നുണ്ട്. വിഴിഞ്ഞം പദ്ധതിയുടെ പശ്ചാത്തലത്തിൽ ഈ ലക്കം കാരുണികൻ പരിശോധിക്കുന്നതതാണ്.

രക്ഷാധികാരി
ഡോ. ജോസഫ് കൈപ്പയിൽ MCBS
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. പരംപ്രസാദ് പ്രവിശ്യ

സഹരക്ഷാധികാരി
ഫാ. ആന്റോ പുതുവ MCBS

പത്രാധിപർ
ഫാ. മിഖാസ് കൂട്ടുങ്കൽ MCBS

എക്സിക്യൂട്ടീവ് എഡിറ്റർ
ജോസ് ക്ലെമന്റ്

പത്രാധിപസമിതി
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
ഡോ. ജി. അയ്യനേത്ത്
ഡോ. മേരി മെറ്റിൽഡ
ഡോ. മാത്യു ഓലിക്കൽ
ഡോ. കുര്യാസ് കുമ്പളക്കുഴി
ഡോ. ഗാസ്പർ സന്ന്യാസി

ഫിനാൻസ് മാനേജർ
ഫാ. ജോൺ പോൾ
തെക്കുംചേരിക്കുന്നേൽ MCBS

ഓർഗനൈസിംഗ് അസിസ്റ്റൻസ്
ഫാ. ജോജോ കന്നപ്പിള്ളി MCBS

അക്ഷരവിന്യാസം
നിഷ ബിനു

കവർ & രൂപകല്പന
അബ്ദു നെല്ലിമറ്റത്തിൽ

വിലാസം:
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.,
എറണാകുളം – 682 015
ഫോൺ : 0484 – 2663933, 2664733,
9995802006
e-mail : magazinekarunikan@gmail.com
website: www.karunikan.com

ഒരു എം.സി.ബി.എസ്.
പരംപ്രസാദ് പ്രസിദ്ധീകരണം

# ഉള്ളടക്കം



## കവർസ്റ്റോറി

09 വരുംതലമുറക്കുവേണ്ടി കൂടിയുള്ള മത്സ്യത്തൊഴിലാളി പോരാട്ടം
13 വികസനത്തിന്റെ ഇരുപുറത്തും നിൽക്കുന്നവർ
16 മുക്കുവരും വികസനപദ്ധതികളും
20 തീരദേശ വികസന പദ്ധതികൾ – ഗുണദോഷങ്ങൾ അനുഭവിക്കുന്നതാര്?



## അജപാലനം

34 ജലരേഖയാകുന്ന വികസന വാഗ്ദാനങ്ങൾ
38 അയാൾ നോവലെഴുതുകയാണ്...!
43 ഐക്യത്തിന്റെ പാലമൊരുക്കുന്ന കുമ്പഴയുടെ നല്ലച്ചൻ!
46 കുർബാനയ്ക്കു പുറത്തുള്ള ദിവ്യകാരുണ്യ സ്വീകരണം

## സാമൂഹികം



48 പരീക്ഷണങ്ങളുടെ വിശുദ്ധവാഗ്ദാനങ്ങൾ
51 മരുന്ന് വാഴും മല
53 സീതാരാമം

03 എഡിറ്റോറിയൽ
06 നിർദേശങ്ങൾ, പ്രതികരണങ്ങൾ
26 ചരിത്രവും ചരിത്രപഠനങ്ങളും – III

www.malankaralibrary.com



# നിർദേശങ്ങൾ; പ്രതികരണങ്ങൾ

വായനക്കാരുടെ ക്രിയാത്മകമായ പ്രതികരണങ്ങളെ ബഹുമാനത്തോടെ അവതരിപ്പിക്കുകയാണ് ഈ കോളത്തിലൂടെ. കാരുണികനിലെ ഏതൊരു വിഷയത്തെക്കുറിച്ചും തുറന്ന ആശയപ്രകടനങ്ങൾ നടത്തുന്നത് സ്വാഗതാർഹമാണ്. അത് വായനക്കാരുടെ നിർദേശങ്ങളാകാം; പ്രതികരണങ്ങളാകാം. പൂർണപ്രതിപക്ഷ ബഹുമാനത്തോടെ സഭ്യമായ രീതിയിൽ അവ ഉൾക്കൊള്ളിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. **– *പത്രാധിപർ***

## കാരുണികൻ പ്രകാശമാനമാകുന്നു

കാരുണികൻ മിഖാസ് അച്ചന്റെ പത്രാധിപത്വത്തിൽ നന്നായി തുടരുന്നതായി കാണുന്നു. അനുമോദനങ്ങളും ആശംസകളും. നല്ല നിലവാരം പുലർത്തുന്ന ദൈവശാസ്ത്ര മാസികയാണിത്. പുതിയ ചിന്തകൾക്കൊപ്പം മനുഷ്യമനസ്സിന് വെളിച്ചം പകരാൻ അച്ചന്റെ നേതൃത്വത്തിലുള്ള ടീമിന് ആത്മാവ് കൃപ നൽകട്ടെ.

**മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്**
*മാണ്ഡ്യ ബിഷപ്പ്*

## കാരുണികന്റെ കാലികശ്രദ്ധ

കാലികപ്രസക്തമായ വിഷയങ്ങൾ സഭയുടെ കാഴ്ചപ്പാടിലൂടെ അവതരിപ്പിക്കുന്നതിൽ കാരുണികൻ എപ്പോഴും ഒരു പടി മുന്നിലാണ്. മാറുന്ന രാഷ്ട്രീയ സാമൂഹിക ചിന്താഗതികളെ ഒരിക്കലും മാറാത്ത ക്രിസ്തുവിന്റെ ചിന്താശൈലിയിലൂടെ വിലയിരുത്താൻ കാരുണികൻ കാണിക്കുന്ന പ്രതിജ്ഞാബദ്ധതയെ അഭിനന്ദിക്കുന്നു. സമത്വത്തിന്റെ ആനുകൂല്യങ്ങളും അവകാശങ്ങളും ഓരോ ഭാരതീയനും നൽകുന്നുണ്ടോയെന്ന മർമപ്രധാനമായ വിഷയത്തെ കേന്ദ്രീകൃതമാക്കി പ്രസിദ്ധീകരിച്ച 'മുന്നാക്കം പിന്നാക്കം' ലക്കം ഈടുറ്റതും കാലികപ്രസക്തവുമായിരുന്നു. ലളിതമായ ഭാഷാശൈലിയിലൂടെയും വേറിട്ട ചിന്താധാരയിലൂടെയും ഈടുറ്റ ലേഖനങ്ങളിലൂടെയും കാലത്തിന്റെ അടയാളങ്ങളെ ക്രൈസ്തവ വീക്ഷണത്തോടെ വിലയിരുത്തുന്ന പുതിയ പത്രാധിപസംഘത്തെ അഭിനന്ദിക്കുന്നു.

**വത്സ ജോസഫ്**
*കുഞ്ചലക്കാട്ട്*

## അഭിനന്ദനങ്ങൾ

വർഷങ്ങളായി ഞാൻ 'കാരുണികൻ' ശ്രദ്ധാപൂർവം വായിക്കാറുണ്ട്. കേരളസഭയുടെ ബൗദ്ധിക, ദൈവശാസ്ത്ര, അജപാലന മേഖലക്ക് എം.സി.ബി.എസ് സഭ നൽകുന്ന വലിയ സംഭാവനയാണ് ഈ മാധ്യമശുശ്രൂഷ. ക്രൈസ്തവ പ്രസിദ്ധീകരണ രംഗത്ത് കാരുണികൻ വലിയൊരു അനുഗ്രഹം തന്നെയാണ്.

അച്ചടി മാധ്യമങ്ങൾ പ്രതിസന്ധി നേരിടുന്ന ഒരു കാലഘട്ടത്തിലും കൂടുതൽ വിപുലമായവിധം ഉള്ളടക്കത്തിലും പ്രചാരത്തിലും കാരുണികൻ മുന്നോട്ടുകൊണ്ടുപോകുന്നതിൽ അതിയായ സന്തോഷമുണ്ട്. അഭിനന്ദനങ്ങൾ; അനുമോദനങ്ങൾ.

**മോൺ. ഡോ. ഫെർഡിനന്റ് കായാവിൽ**
*മയ്യനാട്, കൊല്ലം*

## പാർശ്വവത്കൃതരുടെ ശബ്ദം

ഇന്ത്യ വികസനത്തിന്റെയും പുരോഗതിയുടെയും വളർച്ചയുടെയും പാതയിലാണെന്ന് പെരുമ്പറ മുഴക്കുമ്പോഴും ഇന്നും അസമത്വത്തിന്റെ കരാളഹസ്തങ്ങളിൽപ്പെട്ട് പിടയുന്ന വലിയൊരു വിഭാഗം ദരിദ്രനാരായണന്മാരുടെ നാടാണെന്ന കാര്യം വിസ്മൃതമായിപ്പോകുന്നുണ്ട്. കഴിഞ്ഞലക്കം കാരുണികൻ, അസമത്വങ്ങളുടെ തേർവാഴ്ചയെ പ്രവാചക ധ്വനിയോടെയാണ് ഉദ്ഘോഷിച്ചത്. 'മുന്നാക്കം പിന്നാക്കം' എന്ന ലക്കത്തിലൂടെ കാരുണികൻ ഭാരതത്തിലെ അധഃസ്ഥിതരുടെ ശബ്ദമായി മാറുകയായിരുന്നു. സ്വാതന്ത്ര്യത്തിന്റെ 75 ആണ്ടുകൾ പിന്നിട്ടിട്ടും ലിഖിതമായ ഒരു ഭരണഘടനയുണ്ടായിട്ടും ഇന്നും അസ്വതന്ത്രരും അവകാശങ്ങൾ അപ്രാപ്യമായിരിക്കുന്നവരുമായവരുടെ ദീനരോദനത്തെ ഉദ്ഘോഷിക്കുന്ന ഈടുറ്റ ലേഖനങ്ങൾക്കൊണ്ട് സെപ്തംബർ ലക്കം സമൃദ്ധമായിരുന്നു.

www.malankaralibrary.com

ദുർബലസമൂഹങ്ങളുടെ പരിദേവനങ്ങളെ അക്ഷരമൂർച്ചകൊണ്ട് വിമലീകരിക്കുന്നതായിരുന്നു ജസ്റ്റിസ് അബ്രഹാം മാത്യുവിന്റെയും ജോയി ഗോതുരുത്തിന്റെയും ലേഖനങ്ങൾ. പിന്നാക്കവിഭാഗങ്ങൾക്ക് ഭരണഘടന വാഗ്ദാനം ചെയ്യുന്ന സമത്വത്തിന്റെ അവകാശങ്ങൾ എത്രമാത്രം പ്രാപ്യമാകുന്നുണ്ടെന്നുള്ള സിജോ പൈനാടത്തിന്റെ ലേഖനവും ശ്രദ്ധേയമായിരുന്നു. പാർശ്വവത്കരിക്കപ്പെട്ടവരുടെയും അധഃസ്ഥിതരുടെയും ശബ്ദമായി നിലകൊള്ളുന്ന കാരുണികന്റെ പ്രവർത്തനങ്ങൾക്ക് അനുമോദനങ്ങൾ.

**അലീന മോനിക്ക ജോർജ്**
*ചെട്ടിവീട്ടിൽ, നെട്ടൂർ*

## അല്മായ ശക്തീകരണത്തിലെ ശ്രദ്ധ

സഭയിലും സമുദായത്തിലുമൊക്കെ അല്മായ ശക്തീകരണത്തെക്കുറിച്ച് ഘോരഘോരം പ്രഘോഷിക്കുമ്പോഴും പലപ്പോഴും ഈ ശക്തീകരണപ്രക്രിയ എത്രത്തോളം പ്രായോഗികതലത്തിലാകുന്നുണ്ടെന്നുള്ളത് കണ്ടെത്തേണ്ടതുതന്നെയാണ്. ഇക്കാര്യത്തിൽ കാരുണികൻ പുലർത്തുന്ന ശ്രദ്ധ വിലമതിക്കേണ്ടതാണ്. സമൂഹത്തിലെ പ്രതിഭകൾക്ക് വേണ്ട അംഗീകാരം നൽകാൻ അങ്ങനെയുള്ളവരെ തേടിപ്പിടിച്ചെന്നവണ്ണം കണ്ടെത്തി അവതരിപ്പിക്കുമ്പോൾ അവഗണിക്കപ്പെട്ടുപോകുന്ന പലർക്കും ഇതൊരു വലിയ പ്ലാറ്റ്ഫോമായി മാറുന്നുണ്ട്.

കഴിഞ്ഞലക്കത്തിലെ 'ഹൈറേഞ്ചിലെ നല്ല സമരിയാക്കാരി'യും 'മാനം തെളിഞ്ഞെത്തിയ സംഗീതപ്രതിഭ'യും ആദരാംഗീകാരത്തിന് അർഹർ തന്നെയാണ്. സാമൂഹിക പ്രതിബദ്ധത നിറഞ്ഞ ഡോ. റോസക്കുട്ടി അബ്രഹാമിന്റെ ജീവിതവും പ്രവർത്തനങ്ങളും മാതൃകാപരവും ശ്ലാഘനീയവുമാണ്. സംഗീതരംഗത്തെ എളിമയുടെ നിറകുംഭമാണ് ബേണി. സ്വപ്രയത്നത്തിലൂടെ സംഗീതത്തിന്റെ അനന്തവിഹായസ്സുകൾ താണ്ടി ഇന്നും പഠനവും പരിശീലനവുമായി മുന്നേറുന്ന ഇദ്ദേഹം കലാരംഗത്തെ ഒരു മാതൃകാധ്യാപകനും അതേസമയം ഇന്നും ഒരു വിദ്യാർഥിയും സംഗീതജ്ഞനുംകൂടിയാണ്. ഇത്തരത്തിലുള്ള പ്രതിഭാധനരായ വ്യക്തിത്വങ്ങളെ മിഴിവുറ്റതാക്കുന്ന കാരുണികന്റെ മാധ്യമശുശ്രൂഷയെ അഭിനന്ദിക്കേണ്ടതുതന്നെയാണ്. സമഗ്രദൈവശാസ്ത്ര മാസികയാണെങ്കിലും കലാ-സാഹിത്യ മേഖലകൾക്കും അർഹമായ പ്രാതിനിധ്യം നൽകുന്ന ഒരു മാസികയാണ് കാരുണികൻ എന്നുള്ളതും ശ്രദ്ധേയമാണ്.

**ആന്റണി കൊല്ലനശ്ശേരി**
*പള്ളുരുത്തി*

## വിഴിഞ്ഞത്തിന്റെ രോദനം

'കേരളത്തിന്റെ രക്ഷാസൈന്യ'മെന്ന് വാനോളം പുകഴ്ത്തിയ മത്സ്യത്തൊഴിലാളികളിൽ വലിയൊരു വിഭാഗം തിരുവനന്തപുരത്ത് അദാനിയുടെ സിമന്റ് ഗോഡൗണിൽകിടന്ന് നരകയാതന അനുഭവിക്കുമ്പോൾ ഈ വാഴ്ത്തൽ നടത്തിയവരുടെ ശബ്ദമൊന്നും ഇപ്പോൾ പുറത്ത് കേൾക്കാനില്ല. തീരദേശ ജനതയുടെ നൊമ്പരങ്ങളെ കൂടുതൽ വ്രണിതമാക്കിയിരിക്കുകയാണ് വിഴിഞ്ഞം അന്താരാഷ്ട്ര വാണിജ്യ തുറമുഖ നിർമാണത്തോടനുബന്ധമായുള്ള കുടിയിറക്കൽ. കിടപ്പാടവും തൊഴിലും ആവാസവ്യവസ്ഥകളുമൊക്കെ നഷ്ടപ്പെട്ട 350-ൽ പരം മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ദീനരോദത്തിനുനേരെ അനങ്ങാപ്പാറ നയം സ്വീകരിച്ചിരിക്കുകയാണ് അധികാരിവർഗം. 'ഒപ്പം കൂടെയുണ്ട്' എന്നുപറഞ്ഞ് അധികാരത്തിൽ കയറിയവർ പ്രളയകാലത്ത് നിസ്സഹായരായി നിന്നപ്പോൾ കേരളത്തെത്തന്നെ പുനർജീവിതത്തിലേക്ക് കരം പിടിച്ച് ഉയർത്തിക്കൊണ്ടുവന്ന ഈ മത്സ്യത്തൊഴിലാളികളുടെ കരംപിടിക്കാൻ ഇന്ന് സർക്കാരിനു കഴിയുന്നില്ല. വിഴിഞ്ഞം തുറമുഖ പ്രശ്നങ്ങളെ കാര്യമാത്രപ്രസക്തമായി കഴിഞ്ഞ ലക്കം കാരുണികനിലൂടെ ഫാ. പ്രിൻസ് തെക്കുംപുറം വിശദമാക്കിയിരിക്കുന്നത് ശ്രദ്ധേയമാണ്. ഇത് ഈ ജനതയോട് കാരുണികനുള്ള ഐക്യദാർഢ്യമായിരിക്കുകയാണ്. പ്രശ്നത്തിന്റെ ഗൗരവത്തെ കാച്ചിക്കുറുക്കി അവതരിപ്പിച്ച ഈ ലേഖനം വളരെ ഈടുറ്റതായിരുന്നു.

**എൽസ വിൻസന്റ് ഇഞ്ചുപറമ്പിൽ**
*എരമല്ലൂർ, ചേർത്തല*

## കാരുണികൻ ഇ-മെയിൽ മാറ്റം ശ്രദ്ധിക്കുക

കാരുണികന്റെ ഇ-മെയിലിൽ
വരുത്തിയ മാറ്റം പ്രിയവായനക്കാരും
വരിക്കാരും ശ്രദ്ധിക്കുമല്ലോ.
magazinekarunikan@gmail.com

www.malankaralibrary.com






*തിരയും തീരവും ചുംബിച്ചുറങ്ങി*
*തരിവളകൾ വീണു കിലുങ്ങി**

'തിരയും തീരവും'
ആ പഴയകാല പ്രേമഗീതത്തിൽ
സുന്ദരബിംബമാണ്.
എന്നാൽ അവ കാലത്തിന്റെ
പേടിപ്പെടുത്തുന്ന ബിംബമായി
ഇന്ന് മാറിയിരിക്കുന്നു.
തിരകൾ കവർന്നെടുക്കുന്ന
തീരങ്ങൾ നമുക്കിന്നു പരിചിതമാണ്.
തീരം കവരാൻ തിരകളെ
പ്രേരിപ്പിക്കുന്നതാരാണ്?
അശാസ്ത്രീയമായ ചില
തീരദേശ വികസന പദ്ധതികൾ
അതിൽ വലിയൊരു
പങ്കു വഹിക്കുന്നില്ലേ?
ഈ പദ്ധതികൾ ആരെയൊക്കെയാണ്
ദോഷകരമായി ബാധിക്കുന്നത്?
ആരൊക്കെയാണ് ഇവയുടെ
ഗുണഭോക്താക്കൾ?
ജനിച്ച മണ്ണിൽ അഭയാർഥികളാകാൻ
വിധിക്കപ്പെടുകയാണോ
ഇന്ന് തീരദേശവാസികൾ?
ഇവയ്ക്കൊക്കെ ഉത്തരം തേടാൻ
വിഴിഞ്ഞമടക്കമുള്ള തീരദേശ
വികസന പദ്ധതികളെ പരിശോധനാ
വിഷയമാക്കുകയാണ് ഈ ലക്കം.

*(കാനം ഇ. ജെ, എം കെ അർജുനൻ, യേശുദാസ് – ചിത്രം: അവൾ വിശ്വസ്തയായിരുന്നു)


- വരുംതലമുറക്കുവേണ്ടി കൂടിയുള്ള മത്സ്യത്തൊഴിലാളി പോരാട്ടം
  – മോൺ. യൂജിൻ എച്ച്. പെരേര
- വികസനത്തിന്റെ ഇരുപുറത്തും നിൽക്കുന്നവർ
  – സി.ആർ നീലകണ്ഠൻ
- മുക്കുവരും വികസനപദ്ധതികളും
  – റവ. ഡോ. ലോറൻസ് കുലാസ്
- തീരദേശ വികസന പദ്ധതികൾ – ഗുണദോഷങ്ങൾ അനുഭവിക്കുന്നതാര്?
  – ക്ലിന്റൺ സി. ഡാമിയൻ

www.malankaralibrary.com



# വരുംതലമുറക്കുവേണ്ടി കൂടിയുള്ള മത്സ്യത്തൊഴിലാളി പോരാട്ടം

**വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ആശയവും ആവിഷ്കാരവും എങ്ങനെ എവിടെനിന്ന് ആരംഭിച്ചുവെന്ന് പരിശോധിക്കുകയും പദ്ധതിവഴിയുണ്ടാകുന്ന നേട്ട–കോട്ടങ്ങളെ ആധികാരിക കണക്കുകളുടെയും വസ്തുതകളുടെയും പശ്ചാത്തലത്തിൽ പരിശോധനാ വിധേയമാക്കുകയും ചെയ്യുന്ന ലേഖനം.**



**മോൺ. യൂജിൻ എച്ച്. പെരേര**
*വികാരി ജനറാൾ*
*തിരുവനന്തപുരം ലത്തീൻ അതിരൂപത*

"കടൽ കടലിന്റെ മക്കൾക്കും കാട് കാടിന്റെ മക്കൾക്കും" എന്നുപറഞ്ഞിടത്ത് തീരദേശവാസികളെയും കാടിന്റെ മക്കളെയും അവരുടെ ജന്മഭൂമിയിൽനിന്നും ആട്ടിപായിക്കാനുള്ള നിഗൂഢ നീക്കങ്ങളാണ് നടന്നുവരുന്നത്. വനവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി പോരാടിക്കൊണ്ടിരുന്ന, സ്റ്റാൻ സ്വാമി എന്ന ഈശോസഭാ വൈദികനെ അന്യായമായി ജയിലിലടച്ചു. 'എനിക്ക് ദാഹിക്കുന്നു' എന്നു പറഞ്ഞ വയോധികന് ഒരു സ്ട്രോപോലും നിഷേധിച്ച ഭരണകൂട ഭീകരത. ഈ ഭീകര സമീപനംതന്നെയാണ് കടലിന്റെ മക്കളോടും ഭരണകൂടം സ്വീകരിച്ചു വരുന്നത്. കടൽത്തീരവും തീരദേശവാസികളും നിലനിൽപ്പിന്റെ വലിയ ഭീഷണി നേരിടേണ്ടിവരും എന്ന് കൃത്യമായി റിപ്പോർട്ടുകൾ ലഭിച്ചിരുന്നെങ്കിൽപോലും വൻകിട കോർപ്പൊറേറ്റുകൾക്ക് തീരത്തിന്റെ മക്കളെ വലിച്ചെറിഞ്ഞതിന്റെ വലിയ ഉദാഹരണമാണ് വിഴിഞ്ഞം വാണിജ്യ തുറമുഖ നിർമാണത്തിന് നൽകിയ അനുമതി. പദ്ധതി ചർച്ചകൾ പുരോഗമിക്കുമ്പോൾ 2013–ൽ പബ്ലിക് ഹിയറിംഗ് സമിതി മുമ്പാകെയും 2015–ൽ തിരുവനന്തപുരം രൂപതാധ്യക്ഷൻ ഇടയലേഖനത്തിലൂടെയും അനേകം ലഘുലേഖകളിലൂടെയും പദ്ധതി സൃഷ്ടിക്കാവുന്ന ഭയാനകമായ പാരിസ്ഥിതിക–സാമൂഹ്യ–തൊഴിൽ–സാമ്പത്തിക–ജൈവ ആവാസ വ്യവസ്ഥകളിലെ ആഘാതങ്ങളെ കുറിച്ച് ആവർത്തിച്ചാവർത്തിച്ച് ഭരണാധികാരികളെയും പൊതുസമൂഹത്തെയും തീരദേശവാസികളെയും ബോധ്യപ്പെടുത്തിയിരുന്നു.

## വിഴിഞ്ഞം തുറമുഖ നിർമാണത്തിന്റെ പശ്ചാത്തലം

കേരളത്തിന്റെ സ്വപ്ന പദ്ധതി എന്ന് കൊട്ടിഘോഷിച്ചുകൊണ്ട്, എല്ലാ വ്യവസ്ഥാപിത – നിയമ മര്യാദകളെയും അവഗണിച്ചുകൊണ്ടാണ് ലേലത്തിന് എതിരാളിയില്ലാതെ ഒരാൾക്ക് 2015–ൽ തുറമുഖ നിർമാണ അനുമതി നൽകിയത്. കൂടാതെ തീരത്തിന്റെയും കടലിന്റെയും പാരിസ്ഥിതിക, ജൈവ ആവാസ വ്യവസ്ഥകളെ പണയപ്പെടുത്തി 66 ഹെക്ടർ കടൽ നികത്തുന്നതുൾപ്പെടെ റിയൽ എസ്റ്റേറ്റ് കച്ചവടമാണ് അദാനിയുമായി നടത്തിയത്. 7525 കോടി മുതൽമുടക്കുള്ള പദ്ധതിയിൽ 4750 കോടിയും കേരള സർക്കാരാണ് മുടക്കുന്നത്. ശേഷിക്കുന്ന 2500 കോടി രൂപ കേരള സർക്കാർ നൽകുന്ന 331 ഏക്കർ സ്ഥലം ഈടുവച്ച് ബാങ്കുകളിൽ നിന്നും വായ്പയ്ക്കുള്ള അനുമതിയും കൊടുത്തു. കൂടാതെ കേന്ദ്ര സർക്കാരിന്റെ 817 കോടി വയബിലിറ്റി ഗ്യാപ് ഫണ്ടും കേരള സർക്കാരിന്റെ 817 കോടിയും കൂടി


www.malankaralibrary.com

യാകുമ്പോൾ മുതൽമുടക്കിന്റെ ഏറിയ പങ്കും കേരള സർക്കാരിന്റേതാണ്. വയബിലിറ്റി ഗ്യാപ് ഫണ്ട് എന്നു പറയുന്നത് ലാഭകരമല്ലാത്ത പദ്ധതി നടപ്പിലാക്കാൻ കരാറുകാരന് സർക്കാർ നൽകുന്ന അധിക തുകയുടെ ഓമനപ്പേരാണ്.

വിഴിഞ്ഞം ഇന്റർനാഷണൽ ട്രാൻസ്ഷിപ്മെന്റ് പോർട്ട് പദ്ധതി സംബന്ധിച്ച ചർച്ചകൾ സജീവമാകുന്നത് 1995 മുതലാണ്. അപ്പോൾത്തന്നെ തീരദേശവാസികളും മത്സ്യത്തൊഴിലാളികളും പരിസ്ഥിതി പ്രവർത്തകരും വരാനിരിക്കുന്ന ദുരന്തങ്ങൾ ചൂണ്ടിക്കാണിച്ചതിന്റെ ഫലമായി ഹൈദരാബാദിൽനിന്നുള്ള കുമാർ കമ്പനി പിൻവാങ്ങി. 1999-ൽ വീണ്ടും ഇടതുപക്ഷ സർക്കാർ കുമാർ കമ്പനിയുമായി ചർച്ചകൾ ചെയ്തെങ്കിലും അത് ഉപേക്ഷിക്കുകയാണുണ്ടായത്. 2005 മുതൽ അദാനി ഗ്രൂപ്പുമായി ചർച്ചകളാരംഭിക്കുമ്പോൾതന്നെ തുറമുഖ നിർമാണം സൃഷ്ടിക്കാവുന്ന ഭയാനകമായ ആഘാതങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. ഇക്കാര്യം കേരള സർക്കാർ നിയോഗിച്ച വിഴിഞ്ഞം അന്താരാഷ്ട്ര സീ പോർട്ട് ലിമിറ്റഡ് കമ്പനിയോട് അവർതന്നെ നിയോഗിച്ച പാരിസ്ഥിതിക - സാമൂഹ്യ ആഘാത പഠന ഏജൻസികൾ റിപ്പോർട്ടുകളിലൂടെ അറിയിച്ചിരുന്നു. പദ്ധതി ലാഭകരമാകില്ല എന്ന് ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷൻ (IFC), എയ്കോം (AECom), ഏർണസ്റ്റ് ആന്റ് യംഗ് തുടങ്ങിയ ഏജൻസികൾ അവരുടെ സാമൂഹ്യ-പാരിസ്ഥിതിക ആഘാത റിപ്പോർട്ടുകളിൽ പറഞ്ഞിരുന്നു. സർക്കാരിന്റെ തന്നെ ഭാഗമായ കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ (CAG) നൽകിയ റിപ്പോർട്ടും മറിച്ചായിരുന്നില്ല. എന്നാൽ പുറംവാതിലിലൂടെ കേന്ദ്രം ഭരിച്ചിരുന്ന ഐക്യജനാധിപത്യ സർക്കാരിനെയും ദേശീയ പരിസ്ഥിതി മന്ത്രാലയത്തെയും ദേശീയ ഹരിത ട്രൈബ്യൂണലിനെയും സുപ്രീംകോടതിയെപ്പോലും സ്വാധീനിച്ചുകൊണ്ടാണ് പോർട്ട് നിർമാണത്തിനുള്ള കരാർ അദാനിയുമായി ഒപ്പുവച്ചത്. നിയമവ്യവസ്ഥയെയും സ്വാഭാവിക നടപടികളെയും തകിടം മറിച്ചുകൊണ്ടാണത്.

പദ്ധതി പ്രദേശവും തിരുവനന്തപുരം കടൽത്തീരവും വലിയ തീരശോഷണത്തിന് വിധേയമാണെന്ന് 2010-ൽ തന്നെ നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM) പറഞ്ഞിരുന്നു. കൂടാതെ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ഇനി ഏതെങ്കിലും നിർമാണ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ് ഗൗരവമുള്ള പഠനം ഉണ്ടാകണമെന്നും പറഞ്ഞു. കേന്ദ്രപരിസ്ഥിതി മന്ത്രാലയം 2009-ലെ ഉത്തരവുപ്രകാരം തിരുവനന്തപുരത്തെ തീരശോഷണത്തിന്റെ ഗൗരവം പരിഗണിച്ച് പോർട്ടുകളുടെ വികസനമോ നിർമാണമോ പാടില്ല എന്ന് നിർ

www.malankaralibrary.com

ദ്ദേശിച്ചു. ഇപ്പോൾതന്നെ വലിയ തീരശോഷണം നേരിടുന്ന തുറമുഖത്തിന്റെ വലതുഭാഗത്ത് അടിക്കടി ഉണ്ടാകുന്ന കടൽ കയറ്റം 500 ലേറെ ഭവനങ്ങൾ നശിക്കുന്നതിനും 600 മീറ്ററിലേറെ കടൽത്തീരം നഷ്ടമാകുന്നതിനും ഇടയാക്കി. നിലവിലുള്ള വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ നിലനിൽപ്പും അപകടത്തിലായി. ഇതിനകം തുറമുഖത്തിനുള്ളിലെ തിരയിളക്കം കാരണം 5 മരണങ്ങളും അനേകം വള്ളങ്ങൾ കൂട്ടിയിടിച്ചുള്ള അപകടങ്ങളും ഉണ്ടായി. തൊഴിൽ നഷ് ടമാകുന്ന മത്സ്യത്തൊഴിലാളികൾക്ക് കൂടി പ്രയോജനമാകുന്ന രീതിയിൽ ധാരാളം തൊഴിലവസരങ്ങൾ നിർദിഷ്ട ട്രാൻസ്ഷിപ്പ്മെന്റ്തുറമുഖ നിർമാണം പൂർത്തിയാകുന്നതോടെ ഉണ്ടാകും എന്ന് പറഞ്ഞിടത്ത് വിദഗ്ധ തൊഴിലാളികളുൾപ്പെടെ 550 തൊഴിൽ സാധ്യതയേ പഠന റിപ്പോർട്ട് പറയുന്നുള്ളൂ.

## പാരിസ്ഥിതിക – സാമൂഹ്യ – സാമ്പത്തിക ആഘാതം

തുറമുഖ നിർമാണം സൃഷ്ടിക്കുന്ന പാരിസ്ഥിതിക ആഘാതം വളരെ വലുതാണ്. 160 ഏക്കർ കടൽ നികത്തിയും നാലു കിലോമീറ്റർ കടലിൽ കല്ലിട്ടുള്ള പുലിമുട്ട് നിർമാണവും പശ്ചിമഘട്ട മലനിരകളും ചുറ്റുപാടുമുള്ള പാറക്കെട്ടുകളും തകർത്തുകൊണ്ട് നടത്തുന്ന ഖനനവും വലിയ പ്രകൃതിദുരന്തങ്ങൾക്കിടയാക്കും. ദശലക്ഷക്കണക്കിന് ടൺ പാറകളാണ് കടലിലെ പുലിമുട്ടു നിർമാണത്തിന് വേണ്ടിവരുക. കടലിൽ കല്ലിട്ട് നിർമിക്കുന്ന പുലിമുട്ട് വാണിജ്യ തുറമുഖ നിർമാണത്തിന്റെ വടക്കുഭാഗത്തുള്ള തീരത്തെ പടിപടിയായി കവർന്നെടുക്കും.

തുറമുഖ നിർമാണത്തിന്റെ മൂന്നിലൊന്ന് നിർമാണം പൂർത്തിയായപ്പോഴുണ്ടായ പ്രത്യാഘാതം ആശങ്കാജനകമാണ്. പോർട്ടിന്റെ വടക്കു ഭാഗത്തുള്ള പനത്തുറ, പൂന്തുറ, ബീമാപള്ളി, ചെറിയതുറ, വലിയതുറ, കൊച്ചുതോപ്പ്, തോപ്പ്, കണ്ണാന്തുറ, വെട്ടുകാട്, വലിയവേളി പ്രദേശങ്ങളിൽ നിന്ന് അനേകം വീടുകൾ തകർന്നുപോവുകയും ഭയാനകമായ തീരശോഷണം നേരിടുകയും ചെയ്യുന്നു. തിരുവനന്തപുരം പട്ടണത്തിലെ ജനങ്ങൾക്ക് ആശ്വാസമായിരുന്ന ശംഖുമുഖത്തെ വിശാലമായ കടൽത്തീരം അപ്രത്യക്ഷമായി. ശംഖുമുഖം കടൽത്തീരത്തെ സംരക്ഷിക്കാനായി 2021–ൽ നിർമിച്ച ഡയഫ്രം വാൾ മറികടന്ന് റോഡ് കടലെടുത്തു. എയർപ്പോർട്ടിന്റെ നിലനിൽപ്പുതന്നെ അപകടത്തിലാകും എന്ന സ്ഥിതി എത്തിക്കഴിഞ്ഞു. കോവളം ടൂറിസ്റ്റ് പ്രദേശത്തിന്റെ കടൽ ഭിത്തികൾ തകർന്ന് നാമാവശേഷമായിരിക്കുന്നു. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് വലിയ സംഭാവനയും അനേകംപേർക്ക് തൊഴിലും നൽകുന്ന വിനോദ സഞ്ചാര കേന്ദ്രം ക്രമേണ അപ്രത്യക്ഷമാകും. വേളി ടൂറിസ്റ്റ് ഗ്രാമത്തിന്റെയും ഇന്ത്യൻ ബഹിരാകാശ ഗവേഷണ കേന്ദ്രത്തിന്റെയും നിലനിൽപ് അപകടത്തിലാണ്. അനേകം മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പൂന്തുറമുതലുള്ള തീരദേശജനതയും നിലനിൽപ് ഭീഷണി നേരിടുകയാണ്. വിഴിഞ്ഞം വാണിജ്യ തുറമുഖം മുതൽ തെക്കോട്ട് കപ്പൽ ചാനലായി മാറുന്നതോടെ അടിമലത്തുറ മുതൽ പൊഴിയൂർവരെയുള്ള മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം അസാധ്യമായിത്തീരും. ഇപ്പോൾ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന അമ്പതിനായിരത്തിലേറെ മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ഇല്ലാതാകും.

സാമ്പത്തികാഘാതം, പാരിസ്ഥിതികാഘാതം, സാമൂഹ്യാഘാതം എന്നിവയെക്കുറിച്ച് പഠിച്ചെങ്കിലും കടലിന്റെ ജൈവ ആവാസവ്യവസ്ഥയെക്കുറിച്ചും മത്സ്യസമ്പത്തിന്റെ ശോഷണത്തെക്കുറിച്ചും ആധികാരികമായ ഒരു പഠനവും നടന്നിട്ടില്ല. സംസ്ഥാന ബയോ ഡൈവേഴ്സിറ്റി ബോർഡ്, തിരുവനന്തപുരം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഫ്രൻഡ്സ് ഓഫ് മറൈൻ ലൈഫുമായി നടത്തിയ പഠനത്തിൽ തുറമുഖ നിർമാണം ആരംഭിച്ചതോടെ സമ്പുഷ്ടമായ മത്സ്യ ആവാസ വ്യവസ്ഥകളുള്ള കടലിന്റെ അടിത്തട്ട് തകർന്നുകൊണ്ടിരിക്കുന്നു എന്ന് കണ്ടെത്തി. തുറമുഖ നിർമാണത്തോടനുബന്ധിച്ച് നടത്തുന്ന ഡ്രഡ്ജിംഗ് കടലിന്റെ ജൈവ ആവാസ വ്യവസ്ഥകളുടെ തകർച്ചയ്ക്ക് കാരണമാകുന്നു. കടലിന്റെ ഉഷ്ണസ്ഥിതി ഉയരുകയും ആവർത്തിച്ചാവർത്തിച്ചുണ്ടാകുന്ന ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, പേമാരി എന്നിവ ജനജീവിതം താറുമാറാക്കുകയും ചെയ്യും. ഇത്തരം ഗൗരവമേറിയ പ്രശ്നങ്ങളും 2018 മുതൽ മനുഷ്യോചിതമല്ലാത്ത പുരനധിവാസ ക്യാമ്പുകളിൽ കഴിയുന്ന തീരവാസികളുടെ ബുദ്ധിമുട്ടുകളും സൃഷ്ടിച്ച രോദനത്തിൽ നിന്നുയരുന്ന വികാരവുമാണ് തീരജനതയുടെ അനിശ്ചിതകാല സമരം. ഗോഡൗണിലും മറ്റും കഴിയുന്ന കുടുംബങ്ങളെ അടിയന്തരമായി പുനരധിവസിപ്പിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിയുമായും ക്യാബിനറ്റ് സബ്കമ്മിറ്റികളുമായും തിരുവനന്തപുരം അതിരൂപതാദ്ധ്യക്ഷന്മാരും ജനപ്രതിനിധികളും പലവട്ടം ചർച്ചകൾ നടത്തിയെങ്കിലും നാളിതുവരെ ഒരു നടപടിയും കൈക്കൊള്ളാൻ ഭരണകൂടം തയ്യാറായിട്ടില്ല. കേരളത്തിന്റെ

www.malankaralibrary.com

ഭരണസിരാകേന്ദ്രത്തിന് ആറ് കിലോമീറ്ററിനുള്ളിൽ ക്യാമ്പുകളിൽ നാലു വർഷമായി കഴിയുന്ന മത്സ്യത്തൊഴിലാളികളെ ഒന്ന് സന്ദർശിക്കാൻപോലുമുള്ള ഇച്ഛാശക്തി ഭരണാധികാരികൾ കാണിച്ചിട്ടില്ല. സമരമാരംഭിച്ച ശേഷം ജനങ്ങളെ കബളിപ്പിക്കാനായി വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ടധികാരികൾ (വിസിൽ) നൽകിയിരിക്കുന്ന സ്വകാര്യ പത്രക്കുറിപ്പിലൂടെ (ദേശാഭിമാനി, ആഗസ്റ്റ് 2) തുറമുഖ നിർമാണമല്ല തീരശോഷണത്തിന് കാരണമെന്ന് സ്ഥാപിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. സുനാമി തിരകളെയും ഓഖി ചുഴലിക്കാറ്റിനെയും അതിജീവിച്ച കോവളം, ശംഖുമുഖം തീരങ്ങൾ കടലെടുത്തത് വിഴിഞ്ഞം തുറമുഖ നിർമാണത്തിന്റെ ഫലമായല്ല എന്ന് അദാനിയുടെ സ്തുതിപാടകരായ ശാസ്ത്രജ്ഞന്മാർ പറഞ്ഞു എന്നത് ശാസ്ത്രലോകത്തിന് തന്നെ അപമാനമാണ്. കേരളശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രമേയത്തിൽ 'തിരുവനന്തപുരം തീരം മനുഷ്യനിർമിത ദുരന്തമാണ് അനുഭവിക്കുന്നത് എന്ന് നിസ്സംശയം പറയാം' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജനങ്ങളുടെയും സംസ്ഥാനത്തിന്റെയും താല്പര്യം സംരക്ഷിക്കാൻ നിയോഗിക്കപ്പെട്ട വിസിൽ (Vizhinjam International Seaport Ltd. - VISL) അദാനിയുടെ കുഴലൂത്തുകാരായി മാറിയതിന്റെ പ്രതിഫലനമാണിത്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയം തന്നെ വിഴിഞ്ഞം പോർട്ടിന്റെ പത്തു കിലോമീറ്ററിനുള്ളിലുള്ള പ്രദേശം അതീവ തീരശോഷണമുള്ള പ്രദേശമാണെന്നും നിർമാണ പ്രവർത്തനങ്ങൾ ഒന്നും പാടില്ല എന്നും ചൂണ്ടിക്കാണിച്ചിരുന്നത് വിസിൽ അധികാരികളുടെ ശ്രദ്ധയിൽ വന്നില്ലായിരിക്കും. വരുംതലമുറയ്ക്ക് കൂടി അവകാശപ്പെട്ട ഭൂമിയെയും കടലിനെയും കടലിന്റെ ജൈവ ആവാസ വ്യവസ്ഥകളെയും പരിസ്ഥിതിയെയും സംരക്ഷിക്കാൻ കടലിന്റെ സ്നേഹിതരും ശുദ്ധമത്സ്യം ഭക്ഷിക്കാനാഗ്രഹിക്കുന്ന മത്സ്യോപഭോക്താക്കളും പ്രകൃതിയെയും മണ്ണിനെയും കടലിനെയും സംരക്ഷിക്കണമെന്ന് പറയുന്ന പരിസ്ഥിതി പ്രേമികളും ജീവന്മരണ പോരാട്ടത്തിലേർപ്പെട്ടിരിക്കുന്ന കടലിന്റെ മക്കളുമായി കൈകോർക്കും എന്ന് പ്രത്യാശിക്കുന്നു.

## ഉപസംഹാരം

വരുംതലമുറക്ക് കൂടി അവകാശപ്പെട്ട കടലിനെയും കടൽത്തീരത്തെയും മത്സ്യാവാസ വ്യവസ്ഥകളെയും പശ്ചിമഘട്ട മലനിരകളെയും കടലിന്റെയും കടൽത്തീരത്തിന്റെയും പരമ്പരാഗത – ജന്മാവകാശികളായ മത്സ്യത്തൊഴിലാളികളെയും കുടിയേറ്റക്കാരും, പ്രകൃതി ദുരന്തത്തിന്റെ അടിമകളുമാക്കാനുള്ള നിഗൂഢമായ നീക്കമാണ് നടക്കുന്നത്. വിഴിഞ്ഞം വാണിജ്യ തുറമുഖ നിർമാണം സൃഷ്ടിക്കാവുന്ന ആഘാതങ്ങളെക്കുറിച്ച് എഴുതിയ ലേഖകൻ വിനോദ് തോമസ് തുർക്കി ഉദ്ധരണി ഉപയോഗിച്ച് പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്, 'തെറ്റായ വഴിയിലൂടെ നിങ്ങൾ എത്രദൂരം സഞ്ചരിച്ചു എന്നത് പ്രസക്തമല്ല, തിരിച്ചു വരൂ'. കേരളത്തിന് സാമ്പത്തികമായി ഒരു ലാഭവുമുണ്ടാകാത്ത, തീരദേശജനതക്കും, വരുംതലമുറക്കും വൻദുരന്തമായി മാറാനിടയുള്ള ഈ പദ്ധതിയുടെ ഗൗരവമേറിയ ആഘാതം പഠനവിധേയമാക്കണമെന്നാണ് സമരത്തിലേർപ്പെട്ടിരിക്കുന്ന ജനങ്ങൾ ആവശ്യപ്പെടുന്നത്. കൂടാതെ, വിഴിഞ്ഞം വാണിജ്യ തുറമുഖ നിർമാണം മൂലമുണ്ടാകുന്ന തീരശോഷണത്തിന് ശാശ്വത പരിഹാരം കാണുക. തീരശോഷണം മൂലം വീടും വസ്തുവും നഷ്ടപ്പെട്ട് മനുഷ്യോചിതമല്ലാത്ത സ്ഥിതിയിൽ കഴിയുന്ന കുടുംബങ്ങളെ അടിയന്തരമായി വാടക നൽകി മാറ്റി പാർപ്പിക്കുക. വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ വീടിനും വസ്തുവിനും നഷ്ടപരിഹാരം നൽകിക്കൊണ്ട് പുനരധിവസിപ്പിക്കുക. മണ്ണെണ്ണ വില വർധന പിൻവലിക്കാൻ കേന്ദ്രസർക്കാരിൽ ഇടപെടുക, തമിഴ്നാട് മാതൃകയിൽ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭ്യമാക്കുക. കാലാവസ്ഥാമുന്നറിയിപ്പ് കാരണം കടലിൽ പോകാൻ കഴിയാത്ത ദിവസങ്ങളിൽ മിനിമം വേതനം നൽകുക. മുതലപ്പൊഴിയിൽ അശാസ്ത്രീയമായി നിർമിച്ച മത്സ്യബന്ധന തുറമുഖത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുക. താഴമ്പള്ളി, പൂത്തുറ, അഞ്ചുതെങ്ങ്, മാമ്പള്ളി പ്രദേശങ്ങളിൽ പുലിമുട്ട് കാരണം വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കുക. കൊല്ലങ്കോട്, പരുത്തിയൂർ മേഖലയിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കുക തുടങ്ങി ഏഴ് ആവശ്യങ്ങളുന്നയിച്ചാണ് കഴിഞ്ഞ രണ്ടര മാസമായി സമരം ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് ലോകമെമ്പാടും മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനും കൃഷിയിടങ്ങൾ സംരക്ഷിക്കുന്നതിനും പാറമടകൾ സംരക്ഷിക്കുന്നതിനും ജലാശയങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള അതിജീവന പോരാട്ടങ്ങളുടെ ഭാഗമാണ്. ■

---

*കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (CBCI) യുടെ ലേബർ കമ്മീഷൻ കാര്യാലയ മുൻസെക്രട്ടറിയും നിയമ ബിരുദധാരിയുമാണ് ലേഖകൻ.*

www.malankaralibrary.com

# വികസനത്തിന്റെ ഇരുപുറത്തും നിൽക്കുന്നവർ

**വികസനപദ്ധതികൾകൊണ്ട് നേട്ടം ന്യൂനപക്ഷം വരുന്ന വ്യവസായ പ്രമുഖർക്കാകുമ്പോൾ അതിന്റെ കോട്ടം ഭൂരിപക്ഷം വരുന്ന ദരിദ്രജനവിഭാഗങ്ങൾക്കാണ്. പാരിസ്ഥിതിക സന്തുലിതാവസ്ഥയെ തകിടംമറിച്ചുകൊണ്ട് കേരളത്തിൽ നടത്തുന്നതും നടത്തിയിട്ടുള്ളതുമായ വികസനപ്രവർത്തനങ്ങളുടെ കാണാപ്പുറങ്ങളെ ലേഖകൻ ഇവിടെ വിശകലനം ചെയ്യുന്നു.**



**സി.ആർ. നീലകണ്ഠൻ**
*പരിസ്ഥിതി പ്രവർത്തകൻ*

ഇന്നത്തെ ലോകത്തെ ഇതുവരെ 'മുന്നോട്ടു കൊണ്ടുപോയി' എന്ന് നാം കരുതുന്ന മുതലാളിത്തം (അതിന്റെ ആധുനികത), ശാസ്ത്രം, സാങ്കേതികവിദ്യ, അതിന്റെ യുക്തിശീലങ്ങൾ, കമ്പോളം, ഉത്പാദനം, ഉപഭോഗം,വികസനം, പുരോഗതി, മത്സരം മുതലായവ, യുദ്ധം, ആയുധങ്ങൾ, ദുരന്തങ്ങൾ, മഹാമാരികൾ, ചൂഷണങ്ങൾ, ശോഷണങ്ങൾ, ദൂഷണങ്ങൾ തുടങ്ങിയവയുടെ വെളിച്ചത്തിൽ ചോദ്യം ചെയ്യപ്പെടണം. മുമ്പൊരിക്കലും നേരിട്ടിട്ടില്ലാത്ത വെല്ലുവിളികൾ ഇന്ന് നമ്മുടെ മുന്നിൽ ഉണ്ട്. മുതലാളിത്തത്തിന് ബദലും നിഷേധവുമാകുമെന്നു കരുതപ്പെട്ടിരുന്ന സോഷ്യലിസ്റ്റ് ഭരണകൂടങ്ങളുടെ അപചയങ്ങൾക്ക് കേവലം ചില വ്യക്തികളുടെയോ കക്ഷികളുടെയോ തെറ്റുകൾക്കപ്പുറമുള്ള ചില അടിസ്ഥാന കാരണങ്ങൾ ഉണ്ടെന്നതിന്നു മിക്കവർക്കും ബോധ്യപ്പെട്ടിരിക്കുന്നു.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ക്ഷേത്രങ്ങൾ എന്ന് പ്രഥമ പ്രധാനമന്ത്രി നെഹ്റു പ്രഖ്യാപിച്ച അണക്കെട്ടുകളുടെ കാര്യം തന്നെ നോക്കുക. ഇന്നുവരെ അണക്കെട്ടുകൾ മൂലം ഇന്ത്യയിൽ ഉണ്ടായിട്ടുള്ള ഭക്ഷ്യോത്പാദനത്തിലെ വർധനവ് കേവലം പത്ത് ശതമാനമായിരിക്കുമ്പോൾ (എലികൾ തിന്നു മാത്രം നശിക്കുന്ന ധാന്യത്തിന്റെ അളവും ഏതാണ്ട് പത്ത് ശതമാനംതന്നെ) അവ മൂലം അഞ്ചു കോടിയിലധികം ജനങ്ങൾ സ്വന്തം മണ്ണിൽ നിന്നും ജീവിതത്തിൽനിന്നുതന്നെയും കുടിയിറക്കപ്പെട്ടിട്ടുണ്ട്. അവർ എവിടെയെല്ലാമാണ്, എങ്ങനെ ജീവിക്കുന്നു എന്നതൊന്നും വികസനവാദികൾക്കു പ്രശ്നമല്ല. അവർ നിരന്തരം ആവർത്തിക്കുന്ന ഒരു കാര്യമുണ്ട്, നാട്ടിൽ ഒരു നന്മ വരുമ്പോൾ ചിലർക്കൊക്കെ അല്പം ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നുള്ളത് സ്വാഭാവികമാണെന്ന്. പക്ഷേ, എല്ലാ വികസനങ്ങളിലും നേട്ടമുണ്ടാക്കുന്നവരുടെയും നഷ്ടപ്പെടുന്നവരുടെയും വർഗങ്ങളും വർണങ്ങളും ഒന്നുതന്നെയായിരിക്കും. വികസനം എന്ന വാക്കുതന്നെ ഇന്ന് ഒരു തരത്തിൽ നിഷേധാത്മകമായിരിക്കുന്നു എന്ന് പറയാൻ കഴിയും. അതിന്റെ നിർവചനം അതാണ് സൂചിപ്പിക്കുന്നത്. ആഗോള താപനം എന്നൊക്കെ നാം പറയുമ്പോഴും യഥാർഥത്തിൽ അതിന്റെ കാരണഭൂതർ ലോകത്തെ ഒരു ചെറിയ സമ്പന്ന ന്യൂനപക്ഷമാണ്. എന്നാൽ ഇരകളാക്കപ്പെടുന്നത് മിക്കപ്പോഴും ദരിദ്ര ഭൂരിപക്ഷമാണ്. ഇതുതന്നെയാണ് ദേശീയ, പ്രാദേശിക തലങ്ങളിൽ നടക്കുന്ന വികസനങ്ങളുടെ കാര്യത്തിലും സംഭവിക്കുന്നത്. ഗുണഭോക്താക്കൾ ഒരു ന്യൂനപക്ഷമായിരിക്കുമ്പോഴും അതിനെ സമൂഹത്തിന്റെ വികസനമായാണ് അവതരിപ്പിക്കുന്നത്. ഇതിൽ

www.malankaralibrary.com

ഇരകളാക്കപ്പെടുന്നവർ പ്രതിഷേധിച്ചാൽ അവരെ വികസനവിരുദ്ധരെന്നും അവരെ സഹായിക്കുന്നവരെ അർബൻ നക്സൽ എന്നും വിളിക്കും. പൊതുവായി വികസനം എന്ന് പറയുന്നത് വലിയ നിർമാണപ്രവർത്തനങ്ങളെയാണ്. അവയുടെ പിന്നിലെ അഴിമതികളെപ്പറ്റി ഇപ്പോൾ പറയുന്നില്ല. എന്നാൽ ഒന്നു മാത്രം പറയട്ടെ, ഈ അഴിമതി സാധ്യതയാണ് പലരെയും വികസനവാദികളാക്കുന്നത്.

ചില സമീപകാല ഉദാഹരണങ്ങൾ എടുക്കാം. കൊച്ചി തുറമുഖം വികസിപ്പിക്കുന്നതിന്റെ ഭാഗമായി വല്ലാർപാടത്ത് ഒരു അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കുന്നു എന്ന രീതിയിൽ കൊണ്ടുവന്ന പദ്ധതി. ഈ പദ്ധതി നടപ്പിലായാൽ കൊച്ചി ദുബായ് ആകും, സിംഗപ്പൂർ ആകും, പതിനായിരങ്ങൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ കിട്ടും എന്നൊക്കെ പറഞ്ഞിരുന്നു. എന്നിട്ടിപ്പോൾ എന്തുണ്ടായി? കൊച്ചിക്കായൽ വലിയ തോതിൽ കുഴിക്കേണ്ടി വരുന്നതിനാൽ ചെല്ലാനം, കൊച്ചി പ്രദേശങ്ങളിൽ കടലാക്രമണം അതിരൂക്ഷമാണ്. അതിനുവേണ്ടി പണം മുടക്കുകയും കാര്യമായ വരുമാനമൊന്നും ഇല്ലാതിരിക്കുകയും ചെയ്തതിന്റെ ഫലമായി കൊച്ചി തുറമുഖ ട്രസ്റ്റ് പ്രതിസന്ധിയിലാണ്. പൂർണമായും യന്ത്രവല്ക്കരിക്കപ്പെട്ടതിനാൽ കാര്യമായ തൊഴിലവസരങ്ങളൊന്നും ഇല്ല. നാവിക വ്യാപാരംതന്നെ കുറഞ്ഞു വരുന്നതും ഇതിന്റെ തകർച്ചക്ക് കാരണമാണ്. എന്നാൽ ഇതിനായി നികത്തിയ കായലിൽ ഒരു സ്വകാര്യ വ്യക്തിയുടെ പടുകൂറ്റൻ അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ ഉയർന്നിരിക്കുന്നതാണ് മഹാവികസനം. പദ്ധതിക്കായി നിർമിച്ച ഒരു കിലോമീറ്ററിലധികം വരുന്ന പാലം അടക്കമുള്ള റെയിൽപാതയിലൂടെ മാസത്തിൽ ഒരു വണ്ടി പോലും ഓടുന്നില്ല. ആ പാതക്കും റോഡിനും മറ്റും വേണ്ടി മൂലമ്പിള്ളി തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും 2008-ൽ കുടിയിറക്കപ്പെട്ട 316 കുടുംബങ്ങളിൽ ഒന്നുപോലും തിരിച്ചു സ്വന്തം വീട്ടിൽ താമസിക്കുന്നില്ല. അന്ന് അവർക്കായി നീക്കി വച്ചുവെന്നു പറഞ്ഞ ഭൂമി വീടുവയ്ക്കാൻ യോഗ്യമല്ലെന്ന് ഇപ്പോൾ സർക്കാർതന്നെ പറയുന്നു. ഒന്നര പതിറ്റാണ്ടായി അവർ മുട്ടാത്ത വാതിലുകൾ ഇല്ല.

എപ്പോഴും മണ്ണിൽ നിന്നും ജീവിതത്തിൽ നിന്നും കുടിയിറക്കപ്പെടുന്നവർ ദരിദ്രർ, ആദിവാസികൾ, ദളിതർ, മൽസ്യത്തൊഴിലാളികൾ തുടങ്ങി പ്രകൃതിയെ നേരിട്ട് ആശ്രയിച്ചു ജീവിക്കുന്നവരാണ്. ആഗോളതാപനംമൂലം കടൽ നിരപ്പുയരുമ്പോൾതന്നെ തീരദേശവാസികളുടെ നിലനിൽപ്പ് ചോദ്യം ചെയ്യപ്പെടുന്നു. അതിനെ ശക്തമാക്കുന്ന വിധത്തിലാണ് പലവിധത്തിലുള്ള ഇടപെടലുകൾ തീരത്തു വികസനമെന്ന പേരിൽ നടത്തുന്നത്. കൊല്ലം ആലപ്പാട് പ്ര



www.malankaralibrary.com

ദേശത്തു നിന്നും ധാതുമണൽ ഖനനം തുടങ്ങിയിട്ട് എട്ടിലധികം പതിറ്റാണ്ടുകളായി. എന്നാൽ അതിന്റെ വേഗത പലമടങ്ങായത് നാലഞ്ചു പതിറ്റാണ്ട് മുമ്പാണ്. 98 ചതുരശ്ര കി.മി വിസ്തീർണമുണ്ടായിരുന്ന ആലപ്പാട് പഞ്ചായത്തിന്റെ ഇന്നത്തെ വിസ്തീർണം കേവലം എട്ടിൽ താഴെ ചതുരശ്ര കി.മി മാത്രം. അവിടെ ജീവിച്ചിരുന്ന മനുഷ്യരെല്ലാം എവിടെപ്പോയി? ഇങ്ങനെ ഖനനം ചെയ്തെടുക്കുന്നതു വളരെ മൂല്യമുള്ള മോണോസൈറ്റും ഇൽമനൈറ്റുമാണെന്നും ഇത് നാടിനെ സമ്പന്നമാക്കുന്നു എന്നും പറയുന്നു. എന്നാൽ ആ സമ്പത്തു അന്നാട്ടിൽ ജനങ്ങളുടെ ജീവിതത്തെ ഒരു തരത്തിലും മെച്ചപ്പെടുത്തിയിട്ടില്ല. ആ ഖനനത്തിന്റെ യഥാർഥ നേട്ടം ഉണ്ടായത് കേരളത്തിനകത്തും പുറത്തുമുള്ള ചില വ്യവസായികൾക്കാണ്. അവർ നാട്ടിലെ രാഷ്ട്രീയ ഉദ്യോഗസ്ഥ പ്രമാണിമാരെ സന്തോഷിപ്പിക്കുന്നു എന്നതിനാൽ ജനങ്ങളുടെ പരാതി എവിടെയും എത്തുന്നില്ല.

കൊച്ചിയുടെ ഭാഗമായി പുതുവൈപ്പ് ദ്വീപിൽ കൊണ്ടുവന്നിരിക്കുന്ന എൽ.എൻ.ജി. ടെർമിനൽ ഇപ്പോൾതന്നെ വെള്ളത്തിലാണ്. അതിനുണ്ടാകാവുന്ന ഏതു ചെറിയ തകരാറും ആ ദ്വീപിനെതന്നെ ഇല്ലാതാക്കും. ആയിരക്കണക്കിന് മനുഷ്യർക്ക് രാത്രി ഭയമില്ലാതെ ഉറങ്ങാൻ കഴിയാത്ത അവസ്ഥ വരും. അവിടെ സമരം ചെയ്യുന്നതും പതിവുപോലെ തീവ്രവാദികളെന്നും മറ്റും ആരോപണം ഉന്നയിച്ചു. ഇപ്പോൾ കോവിഡ് നിയന്ത്രണങ്ങളുടെ മറ പിടിച്ചു ആയിരക്കണക്കിന് പൊലീസിനെ ഇറക്കി പദ്ധതി പൂർത്തിയാക്കാൻ ശ്രമിക്കുകയാണ്. ഈ പദ്ധതിയെയും പ്രതിപക്ഷത്തിരുന്നപ്പോൾ എതിർത്തവർ ഭരണത്തിൽ എത്തിയപ്പോൾ അതിന്റെ നടത്തിപ്പുകാരാകുന്നു.

ആലപ്പുഴ തീരത്തെ കരിമണൽ ഖനനത്തിനെതിരെ രണ്ട് പതിറ്റാണ്ട് മുൻപ് മനുഷ്യച്ചങ്ങല പിടിച്ചവരാണ് ഇന്ന് കേരളം ഭരിക്കുന്നത്. എന്നാൽ ദിവസേന നൂറു കണക്കിന് ട്രക്കുകളിൽ തോട്ടപ്പിള്ളിയിൽ നിന്നും കരിമണൽ കൊണ്ടുപോകുന്നു. ഖനനത്തിന് ഒരുവിധ അനുമതിയും ഇല്ല. കുട്ടനാട്ടിലെ വെള്ളപ്പൊക്കം തടയാൻ എന്ന പേരിലാണ് ഈ ഖനനം നടത്തുന്നതെങ്കിൽ എന്തിനാണ് ആ ജോലി കരിമണൽ കമ്പനികളെ ഏൽപ്പിച്ചിരിക്കുന്നത് എന്ന ചോദ്യത്തിന് മാത്രം മറുപടിയില്ല. എന്നാൽ തോട്ടപ്പിള്ളിക്ക് വടക്കുവശ ത്തു കര കടലെടുത്തു പോയതിന്റെ ഫലമായി നൂറു കണക്കിന് കുടുംബങ്ങൾ സ്കൂളിലും ബന്ധുവീടുകളിലും മറ്റുമായി കഴിയാൻ തുടങ്ങിയിട്ട് വർഷങ്ങളായി. അവരെ മനുഷ്യരായിപോലും ഭരണകൂടം പരിഗണിക്കുന്നില്ല.

ഇപ്പോൾ ഏറെ വിവാദമായിരിക്കുന്ന വിഴിഞ്ഞം തുറമുഖ പദ്ധതിക്കെതിരെ തദ്ദേശീയർ അതിശക്തമായ സമരങ്ങൾ നടത്തുന്നു. 2016-ലെ ഓഖിമുതൽ തുടങ്ങിയ കടൽ കടന്നുകയറ്റത്തിന്റെ ഇരകളായ മനുഷ്യർ ഒരു സിമന്റ് ഗുദാമിൽ തീർത്തും മനുഷ്യവാസത്തിന് യോജിക്കാത്ത സാഹചര്യത്തിൽ ജീവിക്കുന്നു. പദ്ധതിക്ക് വേണ്ടി ഓരോ കല്ലിടുമ്പോഴും കടൽ അകത്ത് കയറുന്നു, തീരം കടലെടുക്കുന്നു. ലോകപ്രസിദ്ധ ടൂറിസ്റ്റ് കേന്ദ്രങ്ങളായ കോവളം, ശംഖുമുഖം ബീച്ചുകൾ ഏതാണ്ട് പൂർണമായും ഇല്ലാതായിക്കഴിഞ്ഞു. ഇങ്ങനെ പുറത്താക്കപ്പെടുന്ന മനുഷ്യരെ വഞ്ചിക്കുന്ന പുനർഗേഹംപോലുള്ള തട്ടിപ്പുപദ്ധതികളുമായി സർക്കാർ വരുന്നു. ഇനിയും ആയിരക്കണക്കിന് കുടുംബങ്ങൾ ഇങ്ങനെ പുറത്താക്കപ്പെടുന്നതിനെ തടയാൻ വേണ്ടിയാണ് ജനങ്ങൾ പോരാട്ടത്തിനിറങ്ങിയിരിക്കുന്നത്.

വിഴിഞ്ഞം പദ്ധതി സാമ്പത്തികമായി അയ്യായിരത്തിലധികം കോടിയുടെ നഷ്ടം സംസ്ഥാനത്തിനുണ്ടാക്കുമെന്നും അതിൽ ഭീമമായ അഴിമതി ഉണ്ടെന്നും പറഞ്ഞിരുന്നവർ പ്രതിപക്ഷത്തു നിന്നും ഭരണപക്ഷത്തെത്തിയപ്പോൾ ചുവടുമാറ്റി, അദാനിയുടെ വിനീത ദാസന്മാരായി, വികസനത്തിന്റെ നടത്തിപ്പുകാരായി. അന്നവർ പ്രകടിപ്പിച്ച പാരിസ്ഥിതിക ആശങ്കകളെല്ലാം അദാനിയുമായി നടത്തിയ ഒറ്റ മണിക്കൂർ ചർച്ച കൊണ്ട് പരിഹരിച്ചു. ഇത്തരം പദ്ധതികൾ മൂലം കടലിനുണ്ടാകുന്ന മാറ്റങ്ങളും അതിന്റെ ഫലമായി മൽസ്യസമ്പത്തിലുണ്ടാകുന്ന കുറവുമെല്ലാം ബാധിക്കുന്നതു മത്സ്യമേഖലയെയാണ്.

ഇത്തരം നിർമാണങ്ങൾക്കുവേണ്ടി കരിങ്കല്ലും മണ്ണും മറ്റും കണ്ടെത്തുന്നത് കിഴക്കൻ മലകളിലാണ്. എന്താണ് അവിടുത്തെ അവസ്ഥ? ഓരോ മഴക്കാറിലും മണ്ണിടിച്ചിലിന്റെയും ഉരുൾപൊട്ടലിന്റെയും ഭീഷണിയിലാണ് പശ്ചിമഘട്ട മലനിരകൾ. എത്രയോ മനുഷ്യജീവനുകൾ ഇതിനകം നഷ്ടപ്പെട്ടു കഴിഞ്ഞു? കർഷകരുടെയും ആദിവാസികളുടെയുമെല്ലാം നിലനില്പ് ഇന്ന് ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥയിലാണ്. എന്നാൽ പാറപൊട്ടിച്ച് നിർമാണങ്ങൾ നടത്തുന്ന കൂറ്റൻ കമ്പനികൾക്കു പശ്ചിമഘട്ടം ഇല്ലാതായാലും ഒരു കുഴപ്പവുമില്ല. അവർ ലാഭം കൊയ്ത് സ്ഥലംവിടും. വികസനത്തിന്റെ ഇരുപുറത്തും (നേട്ടങ്ങളുടെയും കോട്ടങ്ങളുടെയും) നിൽക്കുന്നവർ ഒന്നുന്നെയാണ് എന്നും. ■

www.malankaralibrary.com

# മുക്കുവരും വികസനപദ്ധതികളും

**എക്കാലത്തും അവഗണനയേൽക്കാൻ വിധിക്കപ്പെട്ട മുക്കുവസമൂഹത്തെപ്പറ്റിയുള്ള ക്രിസ്തുദർശനം തീരദേശവികസന പദ്ധതികളുടെ പ്രത്യേകിച്ച് വിഴിഞ്ഞം വാണിജ്യ തുറമുഖ പദ്ധതിയുടെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്ന ലേഖനം. ഒപ്പം ക്രിസ്തുവിന്റെ ആശയങ്ങളെ പിന്തുടരുന്ന സഭ മത്സ്യത്തൊഴിലാളികളോട് പുലർത്തുന്ന മനോഭാവവും പ്രതിപാദ്യവിഷയമാകുന്നു.**



**റവ. ഡോ. ലോറൻസ് കുലാസ്**
*പ്രൊഫസർ,ബോധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി, കൊല്ലം*

സൃഷ്ടപ്രപഞ്ചത്തിന്റെ സമസ്ത മേഖലകളിലും സ്രഷ്ടാവായ ദൈവം തന്റെ കൈയൊപ്പ് ചാർത്തിയിട്ടുണ്ട്. ദൈവത്തിന്റെ കരവേലയുടെ സൗന്ദര്യം പ്രപഞ്ചസൃഷ്ടികളിൽ ദർശിക്കാൻ കഴിയും. കടലും കടലോരങ്ങളും അതുമായി ബന്ധപ്പെട്ട് ജീവിക്കുന്ന മനുഷ്യരും ഈ പ്രപഞ്ചത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. വികസനം ആഗ്രഹിക്കാത്തവരായി ആരുംതന്നെ ഇല്ല. കാലചക്രം തിരിയുന്നതിനനുസരിച്ച് അതിതീവ്രവേഗതയിൽ സമൂഹത്തിന്റെ നാനാമേഖലകളിലും വികസനം തുടർന്നുകൊണ്ടേയിരിക്കുന്നുവെന്ന സത്യം നിഷേധിക്കാനാകുന്നതുമല്ല. എന്നാൽ, യഥാർഥ വികസനം സമൂഹത്തിന്റെ ഉപരിതലങ്ങളിൽ മാത്രം ദൃശ്യമാക്കാനുള്ളതല്ല. മനുഷ്യജീവനും മനുഷ്യരുടെ അടിസ്ഥാന ജീവസന്ധാരണത്തിനും ഉതകുംവിധമായിരിക്കണം സമൂഹത്തിന്റെ വികസനം സാധ്യമാക്കേണ്ടത്. ജീവനും ജീവനോപാധിക്കും പ്രകൃതിക്കും ഇണങ്ങാത്ത വികസനങ്ങൾ വികസനത്തിന്റെ യഥാർഥ അർഥത്തിൽ ഉൾക്കൊള്ളാനാവില്ല. ജീവനും പ്രകൃതിക്കും കോട്ടം തട്ടുന്ന വികസന പ്രക്രിയകൾ ദൈവം മനുഷ്യരിൽ ഭരമേല്പിച്ച പ്രകൃതി സംരക്ഷണത്തിന്റെ ലക്ഷ്യങ്ങളിൽ നിന്ന് വളരെ വിദൂരത്താണ്. ഈയൊരു പശ്ചാത്തലത്തിലാണ് മുക്കുവരും വികസന പദ്ധതികളും ദൈവശാസ്ത്രവീക്ഷണത്തിന് ഈ ലേഖനത്തിൽ വിഷയമാക്കുന്നത്.

## മുക്കുവർ ഇന്ന്

പരമ്പരാഗതമായി കടലോരത്ത് താമസിച്ചുകൊണ്ട് കടലിൽ പോയി മത്സ്യബന്ധനം നടത്തി ഉപജീവനമാർഗം തേടുന്നവരെയാണ് മുക്കുവർ എന്ന് ഇന്ന് നാം വിളിച്ചുവരുന്നത്. മലയാളഭാഷയിലും തമിഴിലും 'മുക്കുവർ' എന്ന പദത്തിന്റെ അർഥം തേടി പോകുമ്പോൾ ഈ വാക്കിന് 'മുങ്ങുന്നവർ' എന്നും 'മുക്കുകളിൽ' വസിക്കുന്നവരെന്നും അർഥം കണ്ടെത്താനാകും. 'മുങ്ങുക' എന്ന വാക്ക് കടലോരമേഖലകളിൽ ജീവിക്കുന്നവരുടെ തൊഴിലുമായും 'മുക്ക്' എന്ന വാക്ക് അവർ ജീവിക്കുന്ന ആവാസകേന്ദ്രവുമായും ബന്ധപ്പെട്ടു കിടക്കുന്നു. ഇന്ന് കേരളത്തിൽ തിരുവനന്തപുരംപോലെയുള്ള ജില്ലകളിൽ കടലോര മേഖലകളിൽ താമസിച്ചുകൊണ്ട് കടലുമായി ബന്ധപ്പെട്ട് ജീവിതം നയിക്കുന്ന ഒരു വിഭാഗം ആളുകളെയാണ് മുക്കുവർ എന്ന് കൃത്യമായി അടയാളപ്പെടുത്തുന്നത്. ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന ബഹുഭൂരിപക്ഷം വരുന്നവരും ലത്തീൻ കത്തോലിക്കാ സമുദായത്തിൽപ്പെട്ടവരും യേശു ക്രിസ്തുവിനെ ദൈവമായി ആരാധിച്ച് പോരുന്നവരുമാണ്.

www.malankaralibrary.com

അന്നന്നുവേണ്ട ആഹാരത്തിനായി കടലിനോടും തിരമാലകളോടും കാലാവസ്ഥയോടും മല്ലിടുന്ന ഈ ജനവിഭാഗം ഏറെ സവിശേഷതയാർന്ന ഒരു ജീവിതശൈലിക്ക് ഉടമകളാണ്. അടിയുറച്ച ദൈവവിശ്വാസത്തോടെ അന്നം തരുന്ന കടലിനെ തങ്ങളുടെ തന്നെ അമ്മയായ് ('കടലമ്മ') ആദരിച്ചുകൊണ്ട് ധീരതയോടും പരസ്പര സഹകരണത്തോടും ഇവർ ജീവിച്ചുപോരുന്നു. ഇവർ മത്സ്യബന്ധത്തിനിറങ്ങുന്നത് കുടുംബാംഗങ്ങളുമൊത്താണ്. ആയതിനാൽ തന്നെ മത്സ്യബന്ധനം മുക്കുവരുടെ കുലത്തൊഴിലായി പരിഗണിക്കപ്പെടുന്നു. ജില്ലയുടെ മലയോര മേഖലകളിലും നഗരഭാഗത്തും ജീവിക്കുന്ന ജനവിഭാഗത്തിനുള്ള മെച്ചപ്പെട്ട ജീവിത സൗകര്യങ്ങളൊന്നും ഈ ജനതയ്ക്ക് അവകാശപ്പെടാനില്ല. വിദ്യാഭ്യാസ രംഗത്തും സാംസ്കാരിക മേഖലകളിലും ഇവരുടെ നില പരിതാപകരമാണ്. ഇവർ തങ്ങളിൽതന്നെ പരസ്പരം ആശയങ്ങൾ കൈമാറുന്നത് ഇവർക്കു മാത്രം ഉൾക്കൊള്ളാൻ കഴിയുന്ന ഒരു ഭാഷാ ശൈലിയിലാണ്. മത്സ്യബന്ധനത്തിലൂടെ ഭദ്രമായൊരു വരുമാനമാർഗം അവർക്ക് ലഭ്യമാണെങ്കിലും അതിന്റെ വിവേകപൂർണമായ വിനിയോഗത്തിലും മൂലധനരൂപീകരണത്തിലും വ്യക്തമായൊരു ഏകോപനമോ സംഘടിതമായൊരു സമീപനമോ മുക്കുവരുടെ ജീവിതസംസ്കാരത്തിൽ അപൂർവമാണ്. പൊതു ഖജനാവ് ഭദ്രമായി നിലനിർത്തുന്നതിലേക്ക് നല്ലൊരു ശതമാനം സാമ്പത്തിക സംഭാവന നല്കുന്നവരുമാണിവർ. എന്നിട്ടും ജില്ലയുടെ മറ്റ് പല ഭാഗങ്ങളിലും നിക്ഷേപിക്കപ്പെടുന്ന സർക്കാരിന്റെയും പൊതു സമൂഹത്തിന്റെയും മൂലധനത്തിന്റെ സംരക്ഷണം കടലോരമേഖലയിൽ അപ്രാപ്യമാണ്. ഉന്നത വിദ്യാഭ്യാസവും ഉയർന്ന ആരോഗ്യപരിപാലനവും ശുദ്ധമായ കുടിവെള്ള വിതരണ പദ്ധതികളും ഈ മേഖലയിലേക്ക് അധികമൊന്നും കടന്നുവരുന്നില്ല. ഈ വിഭാഗത്തിന്റെതന്നെ ഏകവരുമാനമാർഗം കടൽ നല്കുന്ന മത്സ്യവും അതിൽനിന്ന് ലഭിക്കുന്ന മാർഗങ്ങളും മാത്രമാണ്. അതിനാൽ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നകന്ന് എല്ലാ അർഥത്തിലും പാർശ്വവത്കരിക്കപ്പെട്ട് തിരസ്കൃതമായ ഒരു ജനതയെയാണ് ഈ മേഖലയിൽ നമുക്ക് കാണാൻ കഴിയുന്നത്.

## മുക്കുവർ അന്ന്

യേശുവിന്റെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന മുക്കുവരും ഇന്നത്തെ മുക്കുവരുടേതിന് സമാനമായ ഒരു ജീവിതരീതിക്ക് ഉടമകളായിരുന്നു. കടലോരങ്ങളിൽ താമസം ഉറപ്പിച്ചിരുന്ന അവരും ജീവനോപാധിയായി ആശ്രയിച്ചിരുന്നത് കടലിനെയായിരുന്നു. കടലിൽ 'മുങ്ങി' അന്നന്നത്തെ അന്നത്തിനായി മീൻ പിടിച്ച് കടലിന്റെ മുക്കുകളിൽ അവർ താമസിച്ചിരുന്നു. ബദ്സെയ്ദ ('മത്സ്യബന്ധനത്തിന്റെ ഭവനം' – 'house of fishing') ഗ്രാമത്തിൽനിന്നും പില്കാലത്ത് ചരിത്ര ഗവേഷകർ കണ്ടെടുത്ത മീൻപിടുത്തവുമായി ബന്ധപ്പെട്ട ഉപകരണങ്ങളായ നങ്കൂരം, ചൂണ്ട കൊളുത്തുകൾ, മത്സ്യശേഖരണഭരണികൾ തുട



www.malankaralibrary.com

ങ്ങിയവ അവർ കടലോരത്ത് താമസിച്ചിരുന്നുവെന്നതിന് തെളിവു നല്കുന്നു.

മത്സ്യബന്ധനം കുലത്തൊഴിലായി പരിപാലിച്ചു പോന്നിരുന്ന ഇവർ (മത്താ 4:21) ഇന്നത്തെ മുക്കുവരെപോലെതന്നെ ധീരരും അതിസാഹസികരുമായിരുന്നു. കാരണം, രാത്രിയുടെ എല്ലാ യാമങ്ങളിൽപോലും അവർ അധ്വാനത്തിൽ ഏർപ്പെട്ടിരുന്നതായി നമുക്ക് മനസ്സിലാക്കാൻ കഴിയും (ലൂക്കാ 5:5). കൂടാതെ, പ്രക്ഷുബ്ധമായ കടൽക്ഷോഭത്തിലും കോളിളക്കത്തിലും കടലിലൂടെ അവർ യാത്രചെയ്തിരുന്നു (മത്താ 14:22-33; മർക്കോ 5:35-41). ഒരു പ്രത്യേക വിഭാഗമായി ജീവിച്ചിരുന്ന അവർ അടിയുറച്ച ദൈവവിശ്വാസികളായിരുന്നു. സാബത്തിൽ അവർ തൊഴിലിലേർപ്പെടാതെ സിനഗോഗുകളിൽ പ്രാർഥനയ്ക്കു പോവുകയും വചനശുശ്രൂഷകളിൽ ഏർപ്പെടുകയും ചെയ്തിരുന്നതായി ചരിത്രരേഖകളുണ്ട്. പട്ടണങ്ങളിലെ മത്സ്യ വ്യവസായത്തിന് സഹായകമാകുംവിധം മത്സ്യം അവിടേയ്ക്ക് കയറ്റുമതി ചെയ്തിരുന്നത് ഈ കടലോരങ്ങളിൽ നിന്നായിരുന്നു. കൂടാതെ റോമൻ ഭരണകൂടം ചുമത്തിയിരുന്ന നികുതി കൃത്യമായും അവർ അടച്ചിരുന്നു. അപ്രകാരം രാജ്യത്തെ സാമ്പത്തിക സുസ്ഥിരതയ്ക്ക് മുക്കുവരുടെ സംഭാവനകൾ വിലപ്പെട്ടതായിരുന്നു. എഴുത്ത് ലിപി നിലവിലില്ലാതിരുന്ന അറമായിക് ഭാഷയാണ് അന്നത്തെ മുക്കുവർ തങ്ങളുടെ ഇടയിൽ ഉപയോഗിച്ചിരുന്ന സംസാരഭാഷ (യേശു പഠിപ്പിച്ച പ്രാർഥന - മത്താ 6:9-15). ഇതിൽനിന്നെല്ലാം അനുമാനിക്കപ്പെടാവുന്നൊരു കാര്യം യേശുവിന്റെ കാലത്തെ മുക്കുവർ അന്നത്തെ മുഖ്യധാരാസമൂഹത്തിന്റെ ഭാഗമായിരുന്നില്ല എന്നതാണ്.

## യേശുവും മുക്കുവരും

യേശു വ്യക്തമായൊരു ലക്ഷ്യബോധത്തോടെയാണ് തന്റെ ദൗത്യം ആരംഭിക്കുന്നത്. അതാവട്ടെ, ദൈവരാജ്യസ്ഥാപനം എന്ന മഹത്തായ ലക്ഷ്യമായിരുന്നു (മർക്കോ 1:15). ഈ ലക്ഷ്യം നിർവഹിക്കുന്നതിന്റെ മുന്നോടിയായി അവിടുന്ന് ഒരു ഗണം ശിഷ്യരെ തിരഞ്ഞെടുക്കാൻ ഉദ്യമിക്കുന്നു (മർക്കോ 1:16-20; മത്താ 4:18-22; ലൂക്കാ 5:1-11). അതിൽ പലരും മുക്കുവ വിഭാഗത്തിൽപെടുന്നവരായിരുന്നു. ഇവരിൽ പ്രമുഖസ്ഥാനം അലങ്കരിച്ചിരുന്നത് പത്രോസ് എന്ന് പേരുള്ള മുക്കുവനായിരുന്നു (മത്താ 10:1-4). യേശു അഭിമുഖീകരിച്ച ചില നിർണായക ഘട്ടങ്ങളിൽ തന്നോടൊപ്പം ചേർത്ത് നിർത്തിയിരുന്നതും മുക്കുവ വിഭാഗത്തിൽപ്പെട്ട പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെയായിരുന്നു (ഉദാ: മർക്കോ 9:2). കൂടാതെ, യോഹന്നാന്റെ സുവിശേഷപ്രകാരം യേശു രൂപം നല്കിയ ശിഷ്യഗണത്തിൽ ആദ്യം ഇടം നേടിയത് അന്ത്രയോസ് എന്ന് പേരുള്ള മുക്കുവനായിരുന്നു (യോഹ 1:40). ഇങ്ങനെയൊക്കെയാണെങ്കിലും ഇവരുൾപ്പെടുന്ന മുക്കുവ വിഭാഗം അന്നത്തെ പാലസ്തീൻ സമൂഹത്തിന്റെ ഉന്നത ശ്രേണിയിൽപ്പെട്ടവരായിരുന്നില്ല.

എന്തുകൊണ്ടായിരിക്കാം ഇങ്ങനെയൊരു വിഭാഗത്തെ തന്റെ ദൗത്യനിർവഹണത്തിൽ യേശു ആത്മമിത്രങ്ങളായി ഉൾപ്പെടുത്തിയത്? ഒരു ആശാരിയായി ജീവിതം ക്രമപ്പെടുത്തിയിരുന്ന യേശുവിന് സമൂഹത്തിന്റെ താഴെത്തട്ടിൽ വേല ചെയ്തിരുന്ന മുക്കുവരുടെ ഇടയിൽ വളരെ എളുപ്പം സ്വീകാര്യത ലഭിച്ചിട്ടുണ്ടാവാം. വള്ളങ്ങളുടെ നിർമാണ മേഖലയിലും ഏർപ്പെട്ടിരുന്ന യേശുവിന്റെ പരിചിതവലയത്തിൽ ഉണ്ടായിരുന്നവർ കൂടിയായിരുന്നിരിക്കണം മുക്കുവരായവർ. ഇതിലെല്ലാറ്റിലും ഉപരിയായി മുക്കുവരുടെ ലളിതമായ ജീവിതരീതിയും അടിയുറച്ച ദൈവവിശ്വാസവും ഏതു പ്രതികൂല സാഹചര്യങ്ങളെയും നേരിടാനുള്ള ധീരതയും സാഹസികതയും ദൈവരാജ്യനിർമിതിയിൽ പങ്കുചേരാനുള്ളവരിലെ അനുകൂല ഘടകങ്ങളായി യേശു കണ്ടിരിക്കാം. നാളെകൾക്കായി ഒന്നും സമ്പാദിച്ചുവയ്ക്കാതെ അന്നന്നുള്ള അന്നത്തിനായി മാത്രം അധ്വാനിച്ചിരുന്ന ഇവർ (ഉദാ: മത്സ്യത്തിന്റെ പെരുപ്പം കണ്ടു അദ്ഭുതപ്പെടൽ ലൂക്കാ 5:1-11) എല്ലാം ഉപേക്ഷിച്ച് തന്നെ അനുഗമിക്കുമെന്ന് യേശു കരുതിയിട്ടുണ്ടാവണം. തന്റെ വാക്കുകൾ അക്ഷരംപ്രതി അനുസരിച്ച (ലൂക്കാ 5:5) സാധാരണക്കാരായ ഈ പച്ചമനുഷ്യർ വിജ്ഞാനത്തിന്റെ ഭാരം പേറുന്നവരല്ലായിരുന്നു എന്നതും യേശുവിനെ ആകർഷിച്ചിട്ടുണ്ടാവാം.

ഇപ്രകാരമുള്ള സവിശേഷതകൾ ഈ മുക്കുവ ജനവിഭാഗത്തിൽ യേശു ദർശിച്ചപ്പോഴും സാമൂഹിക ജീവിതത്തിൽ അവർ എണ്ണപ്പെടാത്തവരായിരുന്നു. ദൈവരാജ്യസ്ഥാപനമെന്ന തന്റെ ലക്ഷ്യവുമായി യേശു മുന്നോട്ടു പോകുമ്പോൾ അവഗണിക്കപ്പെട്ടിരുന്ന ഇവരെ അതിൽ പങ്കാളികളാക്കിക്കൊണ്ട് അവർക്കൊരു അസ്ഥിത്വം യേശു നല്കുന്നു. അരക്ഷിതത്വം അനുഭവിച്ചിരുന്ന ഈ ജനവിഭാഗത്തിന് സുരക്ഷിതത്വം നല്കാനും അറിയപ്പെടാതെ പോകുന്ന ഇവരെ ഗണിക്കപ്പെടാനും എല്ലാവരാലും തഴയപ്പെട്ട ഇവരെ എല്ലാവരോടുമൊപ്പമാക്കാനും അതിലുപരി

www.malankaralibrary.com

'അവസാനത്തവരെ' ശക്തീകരിക്കാനുമുള്ള യേശുവിന്റെ ശ്രമങ്ങളുടെ ഭാഗമാണ് യേശുവിന് മുക്കുവരോടുള്ള അനുഭാവം.

സാമൂഹിക ജീവിതത്തിന്റെ താഴെത്തട്ടിൽ നിലകൊള്ളുന്ന എല്ലാ ജനവിഭാഗങ്ങളോടും യേശുവിന്റെ മനോഭാവം ഇതുതന്നെയായിരുന്നു. പാപികളെന്നു മുദ്രകുത്തപ്പെട്ട ചുങ്കക്കാർ (ലൂക്കാ 18: 9-14), സമൂഹത്തിൽ തുല്യനീതി കല്പിക്കപ്പെടാത്ത സ്ത്രീകൾ (ലൂക്കാ 8:1-3), കുട്ടികൾ (ലൂക്കാ 18:15-17), വിധവകൾ (ലൂക്കാ 7:11-16), രോഗികൾ (മത്താ 8:16), നിരാലംബർ (ലൂക്കാ 17:11-19), വേശ്യകൾ (ലൂക്കാ 7:36-50), ആട്ടിടയർ (ലൂക്കാ 15:1-5) തുടങ്ങിയവരേയും സമഗ്രമായി സമുദ്ധരിക്കാൻ യേശു യത്നിച്ചിരുന്നു. ചുരുക്കത്തിൽ നീതിയും ന്യായവും എല്ലാ വിഭാഗം ജനങ്ങൾക്കും സവിശേഷമായി അവശതയനുഭവിക്കുന്നവർക്ക് നടപ്പിലാക്കിക്കൊടുക്കുക എന്നതുതന്നെയായിരുന്നു യേശുവിന്റെ ദൈവരാജ്യ സ്ഥാപന ദൗത്യം.

## സഭയും മുക്കുവരും

യേശു ഭരമേല്പിച്ച ദൗത്യം നിർവഹിക്കാനാണ് സഭ നിലനില്ക്കുന്നത് (മർക്കോ 16:15). ഈ ദൗത്യത്തിന്റെ ഭാഗമായി, സമൂഹത്തിൽ കണ്ടുവരുന്ന അനീതിക്കും അന്യായങ്ങൾക്കുമെതിരെ പ്രതികരിക്കാൻ സഭയ്ക്ക് ബാധ്യതയുണ്ട്. ഏറെ പ്രധാനമായി താഴെത്തട്ടിൽ ഉൾപ്പെടുന്ന മുക്കുവ ജനങ്ങളെപ്പോലുള്ള വിഭാഗങ്ങളുടെ ഉന്നമനത്തിനായി സഭ പ്രവർത്തിക്കേണ്ടതുണ്ട്. അപ്രകാരം ഒരു കാലഘട്ടത്തിൽ അവശതയനുഭവിച്ചിരുന്ന എല്ലാ ജനവിഭാഗങ്ങൾക്കുവേണ്ടിയും യേശു ഏറ്റെടുത്ത സഹനം - ദൗത്യം - ഇന്ന് സഭയിലൂടെ നിർവഹിക്കപ്പെടുന്നു. തിരുവനന്തപുരത്തെ കടലോരങ്ങളിൽ കാൽച്ചുവട്ടിലെ മണ്ണ് നഷ്ടപ്പെട്ട്, ഭവനം നഷ്ടപ്പെട്ട്, നൈസർഗികമായ തൊഴിൽ നഷ്ടപ്പെട്ട്, അനാഥത്വം പേറി സ്കൂൾ വരാന്തകളിലും ഗോഡൗണുകളിലും കുടുംബമായി അന്തിയുറങ്ങിവരുന്ന മുക്കുവന്റെ വിലാപം സഭയുടെ കാതുകൾക്ക് ദുസ്സഹമാണ്. ആയതിനാൽ സ്വന്തം നിലനില്പ് വീണ്ടെടുക്കാനാണ് സഭ ശ്രമിക്കുന്നത്. സഭയുടെ ഇപ്രകാരമുള്ള ശ്രമങ്ങളെ വികസനവിരോധികളെന്ന ആയുധംകൊണ്ട് ആക്രമിക്കുന്നവർ വികസനത്തിന്റെ യഥാർഥ അർഥം മനസ്സിലാക്കാത്തവരാണ്. സമൂഹത്തിന്റെ വികസനത്തിനായി എക്കാലവും സ്വത്തും വസ്തുവകകളും നഷ്ടപ്പെടുത്തിയ ചരിത്രമാണ് തിരുവനന്തപുരം ലത്തീൻ അതിരൂപതയ്ക്കുള്ളത് (ഇന്നത്തെ വി.എസ്.എസ്.സി.). മനുഷ്യന്റെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതാണ് വികസനമെന്ന പ്രക്രിയ എന്നാണ് സഭ മനസ്സിലാക്കുന്നത്. അധികാരവും ആൾബലവുമുള്ള ഒരു ജനവിഭാഗത്തിന്റെ സ്വാർഥത നിറഞ്ഞ ലാഭക്കൊയ്ത്തല്ല വികസനമെന്നും മുക്കുവരുടെകൂടി മൗലീക അവകാശങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, തൊഴിൽ, ശുദ്ധജലം തുടങ്ങിയവ ലഭ്യമാക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതാണ് യഥാർഥ വികസനമെന്നും സഭ തിരിച്ചറിയുന്നു.

## ഉപസംഹാരം

വികസനം എന്ന വാക്കിന്റെ സത്യസന്ധമായ അർഥം ബാഹ്യമായി കെട്ടിപടുത്തുയർത്തുന്ന വ്യാപാരസമുച്ചയങ്ങളോ കേവലം ചില ജനവിഭാഗങ്ങൾക്കുവേണ്ടി മാത്രമുള്ള സൗകര്യങ്ങളൊരുക്കലോ അല്ല. പ്രത്യുത എല്ലാ ജനവിഭാഗങ്ങളുടെയും അടിസ്ഥാന ജീവിത സൗകര്യങ്ങൾ പടുത്തുയർത്തുകയും അവയിലൂടെ സമൂഹത്തിന്റെ പ്രധാന വീഥികളിലേക്ക് അവശതയനുഭവിക്കുന്നവരെ ഉയർത്തിക്കൊണ്ടുവരുന്നതുമാണ് യഥാർഥ വികസനം. ചുരുക്കത്തിൽ, അസ്ഥിത്വം നഷ്ടപ്പെട്ട ഒരു ജനതയ്ക്ക് സമൂഹത്തിൽ അസ്ഥിത്വം കണ്ടെത്താൻ സഹായിക്കുന്നതാണ് യഥാർഥ വികസനം. വലിയവരുടെ സ്വരങ്ങൾക്കൊപ്പം ചെറിയവരുടെ സ്വരവും മുഴങ്ങി കേൾക്കാൻ ചെറിയവരെ പ്രാപ്തരാക്കുന്നതാണ് ശരിയായ വികസനം. യേശു വിഭാവനം ചെയ്ത ദൈവരാജ്യം ഈ സവിശേഷതകളെല്ലാം ഉൾക്കൊള്ളുന്നതാണ്. ദൈവരാജ്യത്തിന്റെ 'അടയാളവും ഉപകരണവു' മായി ഈ സമൂഹത്തിൽ നിലകൊള്ളുന്ന സഭയ്ക്ക് നിർവഹിക്കാനുള്ള ധർമം ഇതുതന്നെയാണ്. ഏത് പ്രതികൂലസാഹചര്യങ്ങളിലും ധർമനിഷ്ഠയോടെ പ്രവർത്തിക്കാൻ സഭയും സഭാമക്കളും തയ്യാറാണെന്നതിന്റെ സുവ്യക്തമായ അടയാളമാണ് ഇന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ അശാസ്ത്രീയമായ വിഴിഞ്ഞം വാണിജ്യതുറമുഖ നിർമാണത്തിനെതിരെ മുന്നേറുന്ന പ്രക്ഷോഭം. ■

---

*(തിരുവനന്തപുരം ലത്തീൻ അതിരൂപത ശുശ്രൂഷാ സമിതി കോ-ഓർഡിനേറ്ററും കേരള റീജിയൺ ലാറ്റിൻ കാത്തലിക് ബിഷപ്സ് കൗൺസിൽ (KRLCBC) ബൈബിൾ കമ്മീഷൻ സെക്രട്ടറിയും തിരുവനന്തപുരം പൊങ്ങുംമൂട് സെന്റ് മേരീസ് ഇടവക വികാരിയുമാണ് ലേഖകൻ.*

www.malankaralibrary.com

# തീരദേശ വികസന പദ്ധതികൾ – ഗുണദോഷങ്ങൾ അനുഭവിക്കുന്നതാര്?

**സമീപകാലത്തെ വൻകിട തീരദേശ വികസനപദ്ധതികളെ വിലയിരുത്തിക്കൊണ്ട് ആ പദ്ധതികളുടെ ഗുണഭോക്താക്കളാരൊക്കെയാണെന്നും അതിന്റെ തിക്തഫലങ്ങൾ അനുഭവിക്കുന്നവരാരൊക്കെയാണെന്നും പരിശോധിക്കുന്ന ലേഖനം. ആവാസവ്യവസ്ഥയിൽനിന്നും പറിച്ചുമാറ്റപ്പെടുന്ന ദരിദ്രവിഭാഗങ്ങൾക്കായി സർക്കാർ പ്രഖ്യാപിക്കുന്ന വാഗ്ദാനങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്നും ഇതിലൂടെ ലേഖകൻ വിശകലനം ചെയ്യുന്നു.**



**ക്ലിന്റൺ സി. ഡാമിയൻ**
*മാധ്യമ പ്രവർത്തകൻ*

ഭൂമിയുടെ മൂന്നിൽ രണ്ടും കടലാണ്. കടലിറങ്ങിയാണ് കര രൂപപ്പെട്ടത് എന്ന് ശാസ്ത്ര സിദ്ധാന്തങ്ങൾ പറയുന്നു. കടൽ മനുഷ്യന് എന്നും ഹരമായിരുന്നു. കടൽ കടന്ന് പുതുതീരങ്ങൾ തേടി കച്ചവടത്തിനും കീഴടക്കലിനും അധിനിവേശങ്ങളുടെ കോളനിവല്കരണത്തിനും മനുഷ്യൻ പുറപ്പെടുന്നതിനു മുൻപുതന്നെ കടലിലെ മത്സ്യങ്ങളെ അവൻ ഭക്ഷിച്ചിരുന്നിരിക്കണം. ആദിമ മനുഷ്യന്റെ ഭക്ഷണത്തിനായുള്ള വേട്ടയാടൽ കാലം മുതൽ മത്സ്യബന്ധനം അവന്റെ ജീവിതത്തിന്റെ ഭാഗമായിരുന്നു. അത് ഇന്നും തുടർന്നു പോകുന്നു. ആദ്യകാല തമിഴ് സാഹിത്യ കൃതികളിൽ പ്രതിപാദിക്കുന്ന അഞ്ചു തിണകളിൽ ഒന്നായ നെയ്തൽ കടലിനെ ആശ്രയിച്ചു കഴിയുന്ന ജനസമൂഹമാണ്. കാലാന്തരത്തിൽ മനുഷ്യന്റെ ജീവിതാവസ്ഥയ്ക്കും തൊഴിൽ ചുറ്റുപാടുകൾക്കും മാറ്റം വരുകയും ശാസ്ത്ര സാങ്കേതിക വിദ്യകൾ ഒരു ചാലക ശക്തിയായി തീരുകയും ചെയ്തപ്പോൾ കമ്പ്യൂട്ടറിന്റെയും മൊബൈലിന്റെയും ഇന്റർനെറ്റിന്റെയും പരിണാമങ്ങൾ അതിന് അതിവേഗം ആക്കം കൂട്ടുകയും ചെയ്തു. എന്നാൽ ഇന്നും അത്തരത്തിലുള്ള പരിണാമങ്ങൾക്ക് വിധേയരാകാതെ ഡിജിറ്റൽ ഡിവൈസിന്റെ ലോകത്ത് ഇപ്പോഴും അടിസ്ഥാന ജനതയായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗമാണ് കേരളത്തിലെ മത്സ്യത്തൊഴിലാളികൾ.എന്നാൽ ഇന്ന് കേരളത്തിൽ നിരവധി പ്രശ്നങ്ങളിലൂടെ കടന്നു പോകുന്നതും ഇവർതന്നെയാണ്. വിഴിഞ്ഞം തുറമുഖനിർമാണത്തിലെ അശാസ്ത്രീയ നടപടികൾക്കെതിരെ തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ നടന്നു വരുന്ന മത്സ്യത്തൊഴിലാളികളുടെ സമരം അതിലൊന്നു മാത്രം. നിലവിൽ മത്സ്യത്തൊഴിലാളികളും പിന്നാക്ക ജനവിഭാഗവും നേരിടുന്ന കാലിക പ്രശ്നങ്ങളിൽ ഉയർന്നു നിൽക്കുന്നതാണ് മൂലമ്പിള്ളി കുടിയൊഴിപ്പിക്കൽ, കരിമണൽ ഖനനം, വിഴിഞ്ഞം തുറമുഖ നിർമാണം തുടങ്ങിയവ.

## മൂലമ്പിള്ളിയുടെ തോരാത്ത ദുരിതക്കണ്ണീർ

മത്സ്യത്തൊഴിലാളി സമൂഹത്തെ ഭരണകൂടം തെരുവിലേയ്ക്ക് ഇറക്കി വിട്ടതിൽ പ്രധാനപ്പെട്ട സംഭവമാണ് മൂലമ്പിള്ളിയിലെ കുടിയൊഴിപ്പിക്കൽ. വല്ലാർപാടം കേന്ദ്രീകൃതമായി രാജ്യത്തെ ആദ്യ കണ്ടെയ്നർ ട്രാൻസ്ഷിപ്പ് ടെർമിനലിന് പച്ചകൊടി വീശപ്പെടുന്നത് രണ്ടായിരാമാണ്ടിന്റെ തുടക്കങ്ങളിലാണ്. കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഡി.പി. വേൾഡുമായി സഹകരിച്ച് തുടങ്ങിയ ഈ സ്വപ്ന പദ്ധതിയുടെ ലക്ഷ്യമെന്നത്

www.malankaralibrary.com



ഫീഡർ ഷിപ്പുകളിലൂടെയും റെയിൽ – റോഡ് മാർഗങ്ങളിലൂടെയും കണ്ടെയ്നറുകളെ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിൽ കൊണ്ടുവന്ന് മദർഷിപ്പുകളിലൂടെ അന്താരാഷ്ട്ര വിപണികളിൽ എത്തിക്കുക എന്നതായിരുന്നു. അതിലൂടെ ദുബായ് – കൊളംബോ തുറമുഖങ്ങളുടെ 'മദർഷിപ്പ്' ആധിപത്യത്തെ ഭാരതത്തിന് മറികടക്കാനാകുമെന്നും ആ തുറമുഖങ്ങളെ ആശ്രയിക്കാതെതന്നെ കയറ്റുമതി ചിലവിൽ നാൽപതു ശതമാനം കുറവുണ്ടാകും എന്നുമായിരുന്നു കണ്ടെത്തൽ. മുപ്പത് വർഷം ഡി.പി. വേൾഡ് നടത്തിപ്പും പരിപാലനവും നിർവഹിച്ച് കൊച്ചിൻ പോർട്ട് ട്രസ്റ്റിന് കൈമാറുന്നു എന്ന കരാറിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് തുടക്കം കുറിക്കപ്പെട്ടു. ഇന്ത്യയുടെ മാരിടൈം വികസന കുതിപ്പായി ഉയർത്തിക്കാട്ടിയ വല്ലാർപാടം പദ്ധതിയുടെ ഭാഗമായി സ്ഥലം ഏറ്റെടുക്കൽ കർമ്മം വളരെ പെട്ടെന്നു തന്നെയാണ് നടത്തപ്പെട്ടത്. ഏകദേശം 316 കുടുംബങ്ങളാണ് കുടിയൊഴിപ്പിക്കലിന് വിധേയരായത്. ഭരണകൂടം അതിന്റെ എല്ലാ ഉരുക്കുമുഷ്ടിയോടും കൂടി ഒരു വികസന പദ്ധതിയ്ക്കായി നിഷ്കരുണം 2008-ൽ മേൽപ്പറഞ്ഞ 316 കുടുംബങ്ങളെയും തെരുവിലിറക്കി വിട്ടു. റെയിൽ – റോഡ് കണക്ടിവിറ്റിയുടെ ഭാഗമായി 2008 ഫെബ്രുവരി ആറിന് പത്തു കുടുംബങ്ങളെ മൂലമ്പിള്ളിയിൽ നിന്നും കുടിയിറക്കി. മൂലമ്പിള്ളിജനത ശക്തമായി പ്രതിഷേധിച്ചു. എറണാകുളം മേനക ജംഗ്ഷനിൽ 45 ദിവസം നീണ്ടുനിന്ന രാപകൽ സമരത്തിന് മുൻപിൽ മൂലമ്പിള്ളി പാക്കേജ് പ്രഖ്യാപിച്ച് സർക്കാർ കൈ കഴുകൽ ആരംഭിച്ചു. 2008-ൽ ഒരു സുന്ദരമായ വികസന പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ച് ജനങ്ങളെ കബളിപ്പിച്ചു എന്നുതന്നെ പറയാം. നാല് സെന്റ്മുതൽ ആറ് സെന്റ്വരെ ഭൂമി, പിന്നെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകൽ, വല്ലാർപാടം ടെർമിനലിലും കൊച്ചിൻ പോർട്ടിലും തൊഴിൽ നൽകൽ, പകരം നൽകിയ ഭൂമിയിൽ വീട് വയ്ക്കുംവരെ അയ്യായിരം രൂപ സർക്കാർ വകയായി വാടക നൽകൽ എന്നിവയായിരുന്നു പാക്കേജ് വാഗ്ദാനങ്ങൾ. പകരം നൽകിയ ഭൂമിയിൽ 52 കുടുംബങ്ങൾ വീടുകൾ വച്ചെങ്കിലും നിരവധി പ്രശ്നങ്ങൾ നേരിടാൻ തുടങ്ങിയതോടുകൂടി പകരം നൽകിയ സ്ഥലങ്ങളെപ്പറ്റി 2019-ൽ പൊതുമരാമത്ത് വകുപ്പ് നടത്തിയ പഠനത്തിൽ നിർമാണത്തിന് യോജിക്കാത്തതും വാസയോഗ്യമല്ലാത്തതുമായ സ്ഥലങ്ങളാണവയെന്ന റിപ്പോർട്ട് എത്രമാത്രം അശ്രദ്ധമായാണ് ഭരണകൂടം

www.malankaralibrary.com

ഒരു ജനതയെ വഴിയാധാരമാക്കിയത് എന്നതിന് മികച്ച തെളിവാണ്. കഴിഞ്ഞ പതിനാല് വർഷങ്ങളായി തീരാദുരിതമനുഭവിക്കുന്ന ജനതയായി തീർന്ന മൂലമ്പിള്ളി ജനത ഓരോ വർഷവും പത്രമാധ്യമങ്ങളിലെ വാർത്താ കോളങ്ങളിൽ മാത്രം സ്മരിക്കപ്പെടുന്നവരായി ഒതുക്കപ്പെടുന്നു.

## തീരങ്ങളെ കാർന്നു തിന്നുന്ന കരിമണൽ ഖനനങ്ങൾ

1955-ൽ എൺപത്തി ഒൻപതര ചതുരശ്ര കിലോമീറ്റർ ഉണ്ടായിരുന്ന ഒരു മത്സ്യത്തൊഴിലാളി ഗ്രാമമായ ആലപ്പാട് പഞ്ചായത്ത് ഇന്ന് ഏഴര ചതുരശ്ര കിലോമീറ്ററിലേയ്ക്ക് ചുരുക്കപ്പെട്ടുവെങ്കിൽ അതിന് ഉത്തരം ഒന്നേയുള്ളൂ-കരിമണൽ ഖനനം. 1909-ൽ ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യപ്പെട്ട കയർ ഉല്പന്നങ്ങളിൽ മോണോസൈറ്റിന്റെ തരികൾ അന്ന് അതിനെപ്പറ്റി ഗഹനമായി പഠിക്കുകയായിരുന്ന ജർമൻ രസതന്ത്ര ശാസ്ത്രജ്ഞൻ ഹെർഷോംബെർഗ് കണ്ടെത്തി. കയറുല്പന്നങ്ങളിലെ കറുത്ത മണൽത്തരികളെ തേടി അദ്ദേഹം ഇറങ്ങി തിരിച്ചു. ആ പര്യവേഷയാത്ര അവസാനിച്ചത് മേൽപറഞ്ഞ കയർ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യപ്പെട്ട മണവാളക്കുറിച്ചിയിലാണ്. അവിടെ നിന്ന് ആലപ്പുഴവരെ നീണ്ടുകിടക്കുന്ന കറുത്ത മണൽത്തീരം അണുശാസ്ത്രത്തിലെ മോണോസൈറ്റ്, ഇൽമൈനെറ്റ്പോലുള്ള ധാതുക്കളാൽ സമ്പുഷ്ടമാണെന്ന് കണ്ടെത്തി. 1932-ൽ സ്വകാര്യ മേഖലയിൽ തുടങ്ങിയ ഖനന പ്രക്രിയകൾ പതിയെ റെയർ എർത്ത്, കെ.എം.എൽ. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുത്തു. ലോകത്തിൽ നിലവിലുള്ള ഇൽമനൈറ്റ് നിക്ഷേപങ്ങളിൽ 60 ശതമാനത്തിലേറെ ടൈറ്റാനിയം സാന്ദ്രത ലഭിക്കുന്നത് കൊല്ലം ജില്ലയിലെ ചവറയിൽ നിന്നാണ്. കേരളത്തിലെ ഭൂപരിതസ്ഥിതി ഈ അമൂല്യ ധാതു നിക്ഷേപത്തിന് വഴിയൊരുക്കുന്നു. മലനാട്ടിലെയും ഇടനാട്ടിലെയും പാറകൾ പൊടിഞ്ഞ് മണൽ പുഴയിലൂടെ ഒഴുകി വന്ന് കടലിൽ എത്തുന്നു. കടൽ തിരമാലകളുടെയും കാറ്റിന്റെയും പ്രവർത്തനത്താൽ അത്തരം സ്ഥലങ്ങൾ ധാതുനിക്ഷേപങ്ങൾ നിറഞ്ഞയിടമായി തീരുന്നു. ഈ ധാതുനിക്ഷേപങ്ങളെ കേന്ദ്ര - സംസ്ഥാന ധാതുഘനന സ്ഥാപനങ്ങൾ മത്സരിച്ച് കൈക്കലാക്കുന്നു.വികസനത്തിന്റെ പേരിലാണ് ഇവയൊക്കെ നടക്കുന്നതെങ്കിലും കൊല്ലം ജില്ലയുടെ വടക്കൻ തീരങ്ങളും ആലപ്പുഴ ജില്ലയുടെ തെക്കൻ തീരങ്ങളും ഈ ധാതുനിക്ഷേപത്തിന്റെ നിയന്ത്രണമില്ലാത്ത അമിത ചൂഷണം മൂലം പ്രശ്നങ്ങൾ നേരിടുന്നു. അങ്ങനെ അവിടെ വസിക്കുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ തൊഴിൽജീവിതം ഇല്ലാതാകുന്നു. അതിനോടൊപ്പം അവർ തീരത്ത് വസിക്കുന്ന ഭവനങ്ങളും വാസയോഗ്യമല്ലാതായി നശിച്ചു പോകുന്നതിന്റെ നിസ്സഹായ സാക്ഷികളായി തീരുന്നു. അതിലോല പരിസ്ഥിതി പ്രദേശങ്ങളായ തീരങ്ങളിൽ നിന്നും ടൺ കണക്കിന് കരിമണൽ ഖനനം ചെയ്തു കൊണ്ടു പോയി രൂപപ്പെടുന്ന ഗർത്തങ്ങളിൽ പകരം മണൽ നിറച്ച് ആവാസ വ്യവസ്ഥയുടെ സന്തുലിതാവസ്ഥ നിലനിർത്താൻ ശ്രമിക്കാതെ കണ്ടൽകാടും തീരത്തിലെ ആവാസ വ്യവസ്ഥയും തച്ചുടച്ച് മുന്നോട്ട് നീങ്ങുന്ന വികസന പദ്ധതികൾ എല്ലാത്തരത്തിലും ഞെരുക്കങ്ങൾ സൃഷ്ടിക്കുന്നത് അവിടുത്തെ അടിസ്ഥാന ജനതയായി നിലകൊള്ളുന്ന മത്സ്യത്തൊഴിലാളികളെയാണ്. കൊല്ലം ജില്ലയിലെ നീണ്ടകരമുതൽ കരുനാഗപ്പള്ളി വരെ 177 ഹെക്ടർ സ്ഥലം കടലിനടിയിൽ ആയെന്നാണ് ആറ്റോമിക് മിനറൽസ് ഡയറക്ടറേറ്റിന്റെ റിപ്പോർട്ടുകളിൽ പറയപ്പെടുന്നത്. വർഷങ്ങളായി തങ്ങളുടെ ആവാസ വ്യവസ്ഥയുടെ തകർച്ചയും തൊഴിൽ നഷ്ടവും തൊഴിലിടത്തിന്റെ നാശവും തീരശോഷണവും ഉയർത്തിക്കാട്ടി അവർ നടത്തുന്ന പ്രതിഷേധങ്ങൾ ഇടയ്ക്ക് മാത്രം ഉയർന്നു വരുന്നത്

1955-ൽ എൺപത്തി ഒൻപതര ചതുരശ്ര കിലോ മീറ്റർ ഉണ്ടായിരുന്ന ഒരു മത്സ്യത്തൊഴിലാളി ഗ്രാമമായ ആലപ്പാട് പഞ്ചായത്ത് ഇന്ന് ഏഴര ചതുരശ്ര കിലോമീറ്ററിലേയ്ക്ക് ചുരുക്കപ്പെട്ടുവെങ്കിൽ അതിന് ഉത്തരം ഒന്നേയുള്ളൂ- കരിമണൽ ഖനനം.

www.malankaralibrary.com

മാധ്യമങ്ങൾ പ്രളയ സമയങ്ങളിൽ മത്സ്യത്തൊഴിലാളികളെ സ്മരിക്കുമ്പോൾ മാത്രമാണ്. തോട്ടപ്പള്ളി മുതൽ നീണ്ടകരവരെ നീളുന്ന തീരം കോടികൾ വില മതിക്കുന്ന ധാതുസമ്പത്തിന്റെ കരിമണൽ ഖനിയായി നിലകൊള്ളുമ്പോൾ ഒരു സാധാരണ പൗരന്റെ പ്രാഥമിക അവകാശങ്ങളായ ജീവിക്കാനും തൊഴിലെടുക്കാനുമുള്ള അവകാശങ്ങൾ വികസനത്തിന്റെ മുൻപിൽ നിർബന്ധിത അടിയറവ് വയ്ക്കേണ്ടിവരുന്ന അവസ്ഥ കേരളത്തിലെ അഭിനവ വികസന നാഗരിക സമൂഹം കണ്ടില്ലെന്ന് നടിക്കുകയാണ്. തങ്ങളും തങ്ങളുടെ പൂർവികരും ജനിച്ചു വളർന്ന മണ്ണ് കരിമണലിന്റെ പേരിൽ ചൂഷണത്തിന് വിധേയമാകുമ്പോഴും തച്ചുടയ്ക്കപ്പെടുന്ന ആവാസ വ്യവസ്ഥ ഖനനത്തിനുശേഷം പുനർസൃഷ്ടിക്കപ്പെടണം എന്ന നിയമവ്യവസ്ഥകൾ മനഃപൂർവം ലംഘിച്ചുകൊണ്ട് അവയെല്ലാം നിർബന്ധിത മറവിയ്ക്കു വിധേയമാക്കി അപ്പാടെ അവഗണിക്കുമ്പോൾ അവശേഷിക്കുന്ന ആവാസവ്യവസ്ഥയുടെ തുരുത്തുകളിൽ നിന്ന് നിസ്സഹായരായി അതിജീവനത്തിന്റെ നിലവിളികൾ തീർക്കുകയാണവർ.

## വിഴിഞ്ഞം തുറമുഖത്തിന്റെ ആശങ്കകൾ നിറഞ്ഞ മറുപക്ഷം

ഏറെ കൊട്ടിഘോഷിച്ച് തുടക്കം കുറിക്കപ്പെട്ട വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ നഷ്ടങ്ങളുടെ കണക്കുകൾ മാത്രം കാട്ടിടുമ്പോൾ "ഇതൊന്നു വന്നാൽ കേരളം രക്ഷപ്പെട്ടു" എന്ന സ്ഥിരം പല്ലവി വികസനത്തിന്റെ പച്ചക്കൊടിയിൽ തഴച്ചു വളരുന്ന ഒരു സംരംഭമാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. ഒരു കോർപ്പൊറേറ്റ് തമ്പുരാനു മുൻപിൽ കേരളത്തിലെ പ്രത്യയശാസ്ത്രങ്ങളും രാഷ്ട്രീയ കക്ഷികളും അതിന്റെ വികസന മരങ്ങളായ നേതാക്കളും എങ്ങനെ മുട്ടുമടക്കി സർവതും ഒരുക്കിനൽകി അരിയിട്ട് വാഴിക്കുന്നു എന്നതിന്റെ നഗ്നമായ തെളിവാണ് വിഴിഞ്ഞത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ കടൽതിരമാലയിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന ആദ്യത്തെ സംരംഭം സ്ഥാപിക്കപ്പെട്ടത് വിഴിഞ്ഞം തീരത്താണ്. സ്ഥാപിക്കപ്പെട്ടതിനു ശേഷം കുറച്ച് വൈദ്യുതി ഉത്പാദിപ്പിച്ച് പതിയെ ടർബൈനെ തിരമാല കൊണ്ടുപോയി പദ്ധതി പൂട്ടികെട്ടിയ ചരിത്രമാണ് പിന്നീട് കാണാനായത്. അത്രത്തോളം ശക്തമാണ് വിഴിഞ്ഞത്തെ തിരമാലകൾ. വിഴിഞ്ഞത്തെ ജനതയെ ഏറ്റവും അടുത്തറിയുന്ന ആളെന്ന നിലയിൽ ആ ജനതയുടെ നിലവിളികളിലും ആനന്ദങ്ങളിലും ഞാൻ സാക്ഷിയായി നിലകൊണ്ടിട്ടുണ്ട്. കടലിനോട് ചേർന്നു നിൽക്കുന്ന മത്സ്യബന്ധനം തൊഴിലും സംസ്കാരവുമായി സ്വീകരിച്ച് ജീവിതത്തിന്റെ ഭാഗമായി തീർത്ത ഒരു ജനത. അതായത് അവരുടെ വിശ്വാസവും ജീവിതവും കടൽ തനിമയാണ്. വിഴിഞ്ഞത്തെ അപൂർണ നിർമിതിയായ ഫിഷിംഗ് ഹാർബറിലാണ് പോർച്ചുഗീസുകാലത്ത് പണി കഴിപ്പിക്കപ്പെട്ട ദൈവാലയം നിലകൊള്ളുന്നത്. കൈയിൽ കപ്പലേന്തി നിൽക്കുന്ന പരിശുദ്ധ സിന്ധുയാത്രാ മാതാവാണ് ആ തീരത്തിന്റെ സ്വർഗീയ മധ്യസ്ഥ. ആഴിയിൽ യാത്ര ചെയ്യുന്നവരുടെ സംരക്ഷകയെന്നതിന്റെ പ്രതീകമാണ് ആ നാമം. കടലിലേയ്ക്ക് കുതിച്ചുപായുന്ന മത്സ്യത്തൊഴിലാളികൾ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഡിഗ്രികളുടെ ലോകത്ത് പിന്നിലാണെങ്കിലും മത്സ്യബന്ധന രംഗത്ത് കടലിനെയും കാലാവസ്ഥയെയും അറിയുന്ന അവരുടെ തനതായ വിജ്ഞാനശാഖ പേറുന്നവരാണ്. മഴയും കാറ്റും കോളും ദിശയും കൃത്യമായി പ്രവചിക്കാൻ സാധിക്കുന്ന മനുഷ്യർ. എന്നാൽ ഇവിടുത്തെ സാമൂഹ്യവ്യവസ്ഥിതി അവരെ അജ്ഞരും സംസ്കാരമില്ലാത്തവരുമായി വിധിച്ചിരുന്നു. അതിന്റെ നേർചിത്രം എന്റെ വിദ്യാർഥിക്കാലത്ത് ഞാൻ കണ്ടിട്ടുണ്ട്.ബസ് യാത്രകളിൽ അവർ നേരിട്ടിരുന്ന അവഹേളനങ്ങൾക്കും ഇറക്കിവിടലുകൾക്കും നേരിട്ട് സാക്ഷിയാകാൻ കഴിഞ്ഞിട്ടുണ്ട്. 2018-ലെ പ്രളയത്തിനു മുൻപുവരെ വിലയില്ലാ ജനതയായി അവർ നിലകൊണ്ടു. തങ്ങളുടെ മക്കളെങ്കിലും ഇത്തരം വിവേചനങ്ങളും ദുരിതങ്ങളും അനുഭവിക്കരുത് എന്ന ബോധ്യത്തിൽ തൊഴിൽ എന്ന മൂന്നക്ഷരത്തെ പ്രതി അത് തങ്ങളുടെ തലമുറകൾക്ക് ലഭിക്കും എന്ന ചിന്തയിൽ തൊഴിലിടമായ കടലിൽ ഒരു ബഹു കൂറ്റൻ തുറമുഖം ഉയർന്നു വരുന്നതിനെ പുത്തൻ കാനാൻ ദേശമായി അവർ സ്വപ്നംകണ്ടിരുന്നു. ജീവിത നിലവാരം ഉയർത്തുന്ന സ്വപ്ന പദ്ധതിയിൽ തങ്ങളുടെ മക്കൾ തൊഴിലെടുത്ത് ജീവിക്കുന്നതോർത്ത് ആനന്ദിച്ചിരുന്നു. എന്നാൽ തുറമുഖമെന്ന ആ കാനാൻ ദേശത്തിനായി കോർപ്പൊറേറ്റ് ഭീമൻ കടലിൽ കല്ലിട്ട് തീർക്കുന്ന പുലിമുട്ട് തങ്ങളുടെ കടലിനെയും ആവാസ വ്യവസ്ഥയെയും തകർക്കുന്നതാണ് കണ്ടു നിൽക്കേണ്ടി വരുന്നത്. പദ്ധതിപ്രദേശത്തിന്റെ തെക്കൻ തീരം വർധിക്കുകയും വടക്കൻ തീരങ്ങളിൽ തീരശോഷണം പെട്ടെന്ന് സംഭവിക്കുകയും ചെയ്യുന്ന പ്രക്രിയ അവരെ ചിന്തിപ്പിച്ചു. രണ്ട്

www.malankaralibrary.com

ലക്ഷത്തോളം വരുന്ന ചെറുകിട മത്സ്യത്തൊഴിലാളികളുടെ തൊഴിൽ, തുറമുഖ പൂർത്തീകരണത്തിനു ശേഷം എങ്ങനെയായിരിക്കുമെന്ന് ആശങ്ക ഉയരുന്നത് ഒരു പ്രത്യേക സാമ്പത്തിക മേഖലയായി അവിടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തപ്പെടുമ്പോൾ തീരക്കടലിലെ മത്സ്യബന്ധനം നിരോധിക്കപ്പെടും എന്ന ഭയംമൂലമാണ്. ഫിസിബിലിറ്റി സ്റ്റഡി പ്രകാരം നഷ്ടവുമല്ല ലാഭവുമല്ല എന്ന നിലയിൽ മുന്നോട്ട് പോകുന്ന തുറമുഖത്തിന്റെ നടത്തിപ്പിന് വരുന്ന കമ്പനിയ്ക്ക് ഇതര വരുമാനം എന്ന നിലയിൽ വൻകിട സൗധങ്ങൾ ഉയരുന്ന ഒരു റിയൽ എസ്റ്റേറ്റ് നിക്ഷേപം ഉണ്ടാകുമെന്ന് പറയപ്പെടുന്നു. അടിമലത്തുറമുതൽ പൂവാർ വരെ വലിയ തീരംവയ്ക്കലും എന്നാൽ വടക്കൻ പ്രദേശങ്ങളായ ശംഖുമുഖം മുതൽ വേളി വരെ തീരശോഷണവും സംഭവിക്കുന്നതിന് ഈ തുറമുഖ നിർമാണ പ്രക്രിയയുമായി ബന്ധമില്ലെന്ന് സ്ഥാപിക്കാനാണ് സർക്കാർ സംവിധാനങ്ങൾക്ക് താല്പര്യം.

തീരശോഷണം സംഭവിക്കുന്ന വലിയതുറയിലെയും വെട്ടുകാടിലെയും ശംഖുമുഖത്തെയും മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങൾ കടൽ എടുത്ത് പോയിക്കൊണ്ടിരിക്കുകയാണ്. ആയുഷ്ക്കാലം മുഴുവൻ കടലിനോട് മല്ലിട്ട് സ്വന്തം അധ്വാനത്തിൽ പണിത ഭവനങ്ങൾ നഷ്ടമായി തീരത്തു നിന്നും സിമന്റ് ഗോഡൗണുകളിലേയ്ക്ക് അഭയാർഥികളെപോലെ ഞെരുങ്ങിയ സാഹചര്യങ്ങളിൽ കഴിയേണ്ടി വരുന്ന ജീവിതങ്ങളായി അവർ തീരുന്നു. അതിനോടൊപ്പം വർധിച്ചു വരുന്ന മണ്ണെണ്ണ വില, കുറഞ്ഞു വരുന്ന മത്സ്യ ലഭ്യതയുടെ മുൻപിൽ തട്ടി ചിലവ് വർധിപ്പിക്കുമ്പോൾ മത്സ്യത്തൊഴിലാളികളുടെ ജീവിതം ദുസ്സഹമായി തീരുന്നു. ഹാർബർ എന്നാൽ ഏതു കാലാവസ്ഥയിലും സുരക്ഷിതമായി മത്സ്യബന്ധനത്തിനായി പോയി മടങ്ങി വരാനുള്ള ഇടമാണ്. എന്നാൽ തിരുവനന്തപുരത്തിന്റെ വടക്ക് മുതലപ്പൊഴിയെന്ന മത്സ്യബന്ധന ഹാർബർ മത്സ്യത്തൊഴിലാളികളുടെ കൊലക്കളമായി തീർന്ന അശാസ്ത്രീയ നിർമിതിയാണ്. പ്രസ്തുത ഹാർബറിന്റെ പുലിമുട്ട് കവാടത്തിൽതന്നെ തിരമാലകൾ അടിച്ചു കയറി അതീവ അപകടം പിടിച്ചതായി തീരുമ്പോൾ ഇതുവരെ ഏകദേശം അറുപതോളം മത്സ്യത്തൊഴിലാളികളുടെ ജീവനുകൾക്ക് അശാസ്ത്രീയതയുടെ രക്തസാക്ഷികളായി തീരേണ്ടി വന്നിട്ടുണ്ട്. അത്രത്തോളം നിലനിൽപ്പിന്റെ പ്രശ്നമാണ് മത്സ്യത്തൊഴിലാളികൾ നേരിട്ടുകൊണ്ടിരിക്കുന്നത്. ഇതിലൊന്നും വേണ്ട ശ്രദ്ധ നൽകാതെ നിയമസഭയിൽ വായിക്കുന്ന ബഡ്ജറ്റുകളിൽ രണ്ടായിരം കോടിയും അയ്യായിരം കോടിയും കടലാസ് പ്രഖ്യാപനങ്ങൾ മാത്രം നടത്തുകയാണ് സർക്കാർ. മത്സ്യത്തൊഴിലാളികളെ കണ്ടില്ലെന്നു നടിക്കുക മാത്രമല്ല മത്സ്യത്തൊഴിലാളികളുടെ കടലിൽ വികസന ചാപ്പ കൊണ്ട് പണിതുയർത്തുന്ന സൗധത്തിന് നൽകുന്ന പരിഗണനപോലും കടലിന്റെ മക്കളായ ഈ പൗരൻമാർക്ക് നൽകുന്നില്ല എന്നതാണ് യാഥാർഥ്യം.

## വിഴിഞ്ഞം ജനബോധന യാത്രയും സഭയും

കേരളത്തിലെ ജനസംഖ്യാടിസ്ഥാനത്തിൽ നോക്കുമ്പോൾ മത്സ്യത്തൊഴിലാളികളിലെ കത്തോ



www.malankaralibrary.com

ലിക്കാ വിശ്വാസി സാന്നിധ്യം ഉൾപ്പെടുന്നത് ലത്തീൻ കത്തോലിക്കാ സഭയിലൂടെയാണ്. അതായത് കേരള ലത്തീൻ കത്തോലിക്കാ സഭയിലെ ബഹുഭൂരിപക്ഷ ജനതയും മത്സ്യത്തൊഴിലാളികളാണ്. നിലവിൽ മത്സ്യത്തൊഴിലാളി സമൂഹംതന്നെ നിലനിൽപ്പിനും അതിജീവനത്തിനുമായി പോരാടുമ്പോൾ തന്റെ സഭാമക്കളുടെ കണ്ണീർ കണ്ടില്ലെന്ന് നടിക്കാൻ കേരള ലത്തീൻ കത്തോലിക്കാ സഭാ നേതൃത്വത്തിന് സാധിക്കില്ല. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ വിശ്വാസിസമൂഹത്തിൽ പകുതിയിലേറെയും മത്സ്യത്തൊഴിലാളികളാണ്. അതിനാൽ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ ഉയർത്തിക്കാട്ടി അവരുടെ ശബ്ദമായി തിരുവനന്തപുരം ലത്തീൻ അതിരൂപത മെത്രാപ്പോലീത്തായും വൈദികരും സന്ന്യാസ സമൂഹങ്ങളും അല്മായരും ഒന്നടങ്കം ഒരേ മനസ്സും ശരീരവുമായി സമര പരിപാടികളുമായി മുന്നോട്ടുവന്നു. ഏഴ് ആവശ്യങ്ങൾ ഉന്നയിച്ച് ആദ്യം സെക്രട്ടേറിയേറ്റ് പടിക്കൽ നടത്തി വന്ന സമര പരിപാടികളെ സർക്കാർ സംവിധാനങ്ങൾ കണ്ടില്ലെന്നു നടിച്ചു. തുടർന്ന് തുറമുഖ പദ്ധതി പ്രദേശത്തേയ്ക്ക് സമരം വ്യാപിപ്പിച്ചു. അതിനെ രാപകൽ സമരമായും നിരാഹാരമായും അതിശക്തമായി മുന്നോട്ട് നയിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും റീത്ത് വ്യത്യാസമില്ലാതെ കേരള കത്തോലിക്കാ സഭ പിന്തുണകളുമായി ജനസാഗരമായി എത്തിച്ചേർന്നുകൊണ്ടിരിക്കുന്നു. കേരള ലത്തീൻ മെത്രാൻ സമിതിയും കേരള റീജിയൻ ലാറ്റിൻ കാത്തലിക്ക് കൗൺസിലും ഈ വിഷയത്തെ അതീവ ഗൗരവത്തോടെ സമീപിച്ചപ്പോൾ കേരള കത്തോലിക്കാ മെത്രാൻ സമിതി അതിനുവേണ്ട എല്ലാ പിന്തുണയും നൽകി കേരള കത്തോലിക്കാ സഭയുടെ ശബ്ദം മത്സ്യത്തൊഴിലാളികൾക്കായി ഉയർത്തികൊണ്ടിരിക്കുന്നു. സെപ്റ്റംബർ 14 മുതൽ 18 വരെ എറണാകുളം മൂലമ്പിള്ളിമുതൽ തിരുവനന്തപുരം വിഴിഞ്ഞംവരെ കെ.ആർ.എൽ.സി.സി.യുടെ നേതൃത്വത്തിൽ നടത്തിയ ജനബോധന യാത്ര ജാതി മത ഭേദമന്യേ കടലിനെ ആശ്രയിച്ചു കഴിയുന്ന മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ മുഖ്യധാരയിൽ ഏകോപിപ്പിച്ച് കൊണ്ടുവരികയും അവയ്ക്ക് പരിഹാരം കാണുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയായിരുന്നു. ബഹുജനപങ്കാളിത്തമുള്ള ഒരു സമര പരിപാടിയായി വിഴിഞ്ഞം ജനബോധന യാത്ര പരിണമിച്ചു എന്നതിന്റെ തെളിവായിരുന്നു യാത്രയുടെ സമാപനവേദിയായ തുറമുഖ പദ്ധതി പ്രദേശത്ത് സമുദ്രത്തെ സാക്ഷി നിർത്തി രൂപപ്പെട്ട ജനസാഗരം. സമൂഹത്തിലെ അടിസ്ഥാന ജനതയായ മത്സ്യത്തൊഴിലാളികൾ പലവിധ പ്രശ്നങ്ങളിലൂടെ ഉൻമൂലനം ചെയ്യപ്പെടാൻ പോകുന്നു എന്ന യാഥാർഥ്യം കേരള കത്തോലിക്കാ സഭ ഉൾക്കൊണ്ടിരിക്കുന്നു. നിലനിൽപ്പിന്റെയും അതിജീവനത്തിന്റെയും ഈ സമരം വിഴിഞ്ഞത്തിന്റെ മാത്രം ശബ്ദമല്ല.മറിച്ച് കേരളത്തിലെ സകല മത്സ്യത്തൊഴിലാളികളുടെയും അതിജീവനസമരമായി തീർന്നിരിക്കുന്നു.

## ഉപസംഹാരം

തൊഴിലാളി വിപ്ലവങ്ങൾ ഉയർന്നു വന്ന തൊഴിലാളി പാർട്ടിയുടെ സ്വന്തം സർക്കാർ ഭരിക്കുന്ന കേരളമണ്ണിൽ നിലവിൽ ഏറ്റവും അതിരൂക്ഷമായ പ്രശ്നങ്ങൾ നേരിടുന്ന തൊഴിലാളിവർഗം മത്സ്യത്തൊഴിലാളികളാണ്. വികസനത്തിന്റെ ലേബലിൽ അവരുടെ തൊഴിലിടവും വാസകേന്ദ്രവുമായ കടലും കടൽത്തീരവും വാണിജ്യവല്കരിക്കപ്പെട്ട് കുടിയിറക്കപ്പെടുമ്പോൾ നിശബ്ദതയിൽ നിസ്സഹായരായി നീതിക്കായി അവർ കേഴുന്നു.

ഓഖിയിൽ സ്വന്തം കൂടപ്പിറപ്പുകളുടെ ജീവൻ നഷ്ടമായപ്പോൾ അവർ ഒറ്റയ്ക്കിരുന്ന് അവരുടെ വിശ്വാസ കേന്ദ്രങ്ങളായ ഇടവകപള്ളികൾക്കു മുന്നിലിരുന്ന് വിലാപത്തോടെ കരഞ്ഞിരുന്നു. അന്ന് കേരളത്തിന്റെ സാംസ്കാരിക പൊതുബോധം ഈ സാധുമനുഷ്യരെ അപ്പാടെ മറന്നു കളഞ്ഞു. എന്നാൽ മാസങ്ങൾക്കുള്ളിൽ നടന്ന പ്രളയത്തിൽ അവർ രക്ഷകരായി തീർന്നപ്പോൾ വീണ്ടും ഇങ്ങനെയൊരു ജനത ഉണ്ടെന്ന് ഓർത്തെടുത്തു. അവരെ കേരളത്തിന്റെ 'രക്ഷാസൈന്യ'മെന്ന് വിളിച്ചു. പക്ഷേ, വെള്ളമിറങ്ങുന്നതു പോലെ അവർ മലയാളികളുടെ ഓർമകളിൽനിന്നും മറവിയിലേയ്ക്ക് വീണ്ടും എത്തപ്പെടുന്നു. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ നടന്നു വരുന്ന മത്സ്യത്തൊഴിലാളി അതിജീവന സമരത്തെ മതവത്കരിച്ചും ജാതിപറഞ്ഞും ഒറ്റപ്പെടുത്താൻ വികസനവാദത്തിന്റെ ഉരുക്കുമുഷ്ടികൾ ഇറങ്ങിതിരിക്കുമ്പോൾ നിലവിൽ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഒപ്പം നിൽക്കുന്നില്ലെങ്കിൽ പൊള്ളയായ വാഗ്ദാനങ്ങൾ നൽകി വഞ്ചിച്ച് ഈ അടിസ്ഥാന വർഗത്തെ കുരുതി കൊടുത്ത് വംശനാശത്തിനിരയാക്കരുതെ എന്ന് പൊതു സമൂഹത്തോട് അപേക്ഷിക്കുകയാണ് തീരത്തിന്റെ ഈ രക്ഷാസൈന്യം. ■

www.malankaralibrary.com

# ചരിത്രം തിരുത്തുന്നവർ

**ചരിത്രം തിരുത്തപ്പെട്ടുകൊണ്ടിരിക്കുന്ന തുടർസംഭവങ്ങൾക്ക് നാം മൂകസാക്ഷികളായി നിൽക്കേണ്ട അവസ്ഥയാണിപ്പോൾ. ഈയൊരു പശ്ചാത്തലത്തിൽ പ്രശസ്ത ചരിത്രകാരനും ഡൽഹി JNU ചരിത്രവിഭാഗം പ്രൊഫസറുമായ ഡോ. പയസ് മലേക്കണ്ടത്തിലുമായി കാരുണികൻ നടത്തിയ സംഭാഷണ പരമ്പരയുടെ മൂന്നാംഭാഗം.**



റവ. ഡോ. പയസ്
മലേക്കണ്ടത്തിൽ
*വികാരി ജനറൽ, കോതമംഗലം രൂപത*

**? ക്രൈസ്തവ– ഇസ്ലാം മതങ്ങളെ അധിനിവേശത്തിന്റെ പ്രത്യക്ഷ സൂചനകളായും ഇപ്പോഴും എതിർക്കേണ്ടതാണ് എന്ന തരത്തിലുമുള്ള അക്രമോത്സുകത ചരിത്ര നിഷേധമല്ലേ?**

മത ന്യൂനപക്ഷങ്ങളാണ് ക്രൈസ്തവ– ഇസ്ലാം മതങ്ങൾ. മതപരിവർത്തന (conversion) മെന്നു പറയുന്ന ഒരു contested ഏരിയ ഉണ്ട്. ആ ഏരിയയിൽ മതപരിവർത്തനം നടത്തുന്ന വിഭാഗം എന്ന നിലയ്ക്ക് ക്രൈസ്തവമതം അല്ലെങ്കിൽ ഇസ്ലാംമതം എന്നിവ പുറത്തുനിന്നുവന്നതാണ്, ഞങ്ങളുടെ ആളുകളെ മത പരിവർത്തനം നടത്തുന്നു, അങ്ങനെയുള്ള മതങ്ങൾ പുറത്തു പോകണം, അത് അധിനിവേശത്തിന്റെ ഭാഗമാണ് എന്നുപറയുന്ന ഒരു സംസ്കാരം ഇവിടെ രൂപപ്പെട്ടുവന്നിട്ടുണ്ട്. ഇത് ലോകത്തിൽ എല്ലായിടത്തും ഉള്ളതുപോലെ തന്നെയാണ്. ജർമനിയിൽ നിയോ നാസികൾ ഉള്ളതുപോലെ, മണ്ണിന്റെ മക്കൾവാദം ഉള്ളതുപോലെ, ആദിവാസ (Aborigines) വാദം അമേരിക്കയിലോ ഓസ്ട്രേലിയയിലോ ഒക്കെ ഉള്ളതുപോലെ. തദ്ദേശീയരാണ് ഭരിക്കേണ്ടത് എന്നുള്ള വാദം. ആരാണ് തദ്ദേശീയർ എന്നുള്ളതാണ് പ്രശ്നം. ഇവിടെ തദ്ദേശീയർ എന്നൊരു DNA ഇല്ല. എല്ലാവരും എന്തിന്റെയൊക്കെയോ ഒരു സങ്കരമായിരിക്കും. തേടിപ്പോകുമ്പോൾ ഇവിടെയുള്ള പല പ്രമുഖരുടെയും DNA യൊ ജന്മനാടോ വേറെ സ്ഥലങ്ങളോടൊക്കെ ബന്ധപ്പെട്ടതായിരിക്കും. കാരണം, ethnically pure ആയി രക്തശുദ്ധി (Blood purity)പറയാവുന്ന രീതിയിൽ ഒരു insular കമ്മ്യൂണിറ്റി ഹിറ്റ്ലറൊ, നാസികളോ ഒക്കെ പറഞ്ഞപോലെ ഉണ്ടായിട്ടില്ല. കടന്നുവരവിന്റെ അംശം എല്ലാവരും ഏതെങ്കിലും വിധത്തിൽ സാംശീകരിച്ചിട്ടുള്ളവരാണ്.

ന്യൂനപക്ഷ മതങ്ങളിൽ പുറമെ കാണുന്ന ചില മത ചിഹ്നങ്ങളും അടയാളങ്ങളുമൊക്കെ ഉണ്ടാക്കുന്ന ഒരു അസ്വസ്ഥതയായ് മാത്രമേ ഇതിനെ കണക്കാക്കേണ്ടതുള്ളൂ. ഇസ്ലാംമതവും ക്രിസ്തുമതവും സമത്വത്തിനു വേണ്ടി നിൽക്കുന്ന മതങ്ങളാണ്. സമത്വം അല്ലെങ്കിൽ തുല്യത അടിത്തറയിട്ടുകൊണ്ടു പോകുന്ന രണ്ടു മതങ്ങളാണിവ. ഈ അടുത്ത കാലത്തുണ്ടായ ഒരു സമത്വ ചിന്തയ്ക്ക് മുൻപുവരെ ഹിന്ദുമതത്തിൽ ശ്രേണീകരണം (hierarchalization) പുലർത്തി പോന്നിരുന്നു. എല്ലാവരും തുല്യരല്ലാത്ത ഒരു സാമൂഹ്യ, സാമ്പത്തിക വ്യവസ്ഥിതി. കുറച്ചു പേർ മാത്രം മുകളിൽ. അവർ ചിന്തിക്കുന്നവരും ആത്മീയകാര്യങ്ങൾ നടത്തുന്നവരുമാണ്, അവർക്കേ അറിവ് പാടുള്ളു. താഴെയുള്ളവർ അനുസരിച്ചാൽ മതി. കൃഷി ചെയ്യുന്നവർ, കച്ചവടം ചെയ്യുന്നവർ അവരൊക്കെ അറിവ് ആർജിക്കുന്നതിനു പരിധിയുണ്ട്. അത് കടന്നുപോകാൻ പാടില്ല. അത് തടയാനുള്ള സ്മൃതികളോ നിയമങ്ങളോ പ്രിസ്ക്രിപ്ഷൻസോ (Prescriptions) ഒക്കെ ഉണ്ട്. അങ്ങനെ prescriptions അനുസരിച്ച് മുകളിൽ നിൽക്കുന്നവർ എപ്പോഴും മുകളിൽ നിൽക്കത്തക്ക രീതിയിൽ, താഴെ നിൽക്കുന്ന എല്ലാ ജാതി ഉപജാതികളോടും എത്ര അകലം പാലിക്കണമെന്നുവരെ നിഷ്കർഷിച്ചിട്ടുണ്ട്. ഈ അകലങ്ങളിട്ടുകൊണ്ട് ഓരോന്നിനെയും ഓരോ ശ്രേണിയിൽ നിന്ന് തട്ടു മാറിപ്പോകാതെ നിലനിൽക്കത്തക്കവിധ

***ശേഷം പേജ് 31–ൽ***

www.malankaralibrary.com

# സപ്തതി മംഗളാശംസകൾ

വരാപ്പുഴ മെട്രോപ്പൊലിറ്റൻ

**ആർച്ച്ബിഷപ് ഡോ. ജോസഫ്**

**കളത്തിപ്പറമ്പിലിന്**

സപ്തതി മംഗളങ്ങളും

പ്രാർത്ഥനാശംസകളും !



കൊർണേലിയൂസ് അമ്പലത്തിങ്കലും

കുടുംബാംഗങ്ങളും.

*Ad multos annos*



## JJ ENGINEERS & CONTRACTORS

**AMBALATHINKAL**

PACHALAM, KOCHI - 682 012

www.malankaralibrary.com



# രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനാ പള്ളിയിൽ
# വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ
# തിരുനാൾ
## 2022 ഒക്ടോബർ 16 ഞായർ



**2022 ഒക്ടോബർ 07 വെള്ളി മുതൽ 15 ശനി വരെ**
**രാവിലെ 9.00 നും വൈകിട്ട് 4.00 നും വിശുദ്ധ കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്**

## തിരുനാൾ തിരുക്കർമ്മങ്ങൾ

### 2022 ഒക്ടോബർ 07 വെള്ളി
രാവിലെ 9.00ന്: വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
മുഖ്യകാർമികൻ: റവ. ഫാ. തോമസ് ഞൊയത്തിൽ
വൈകിട്ട് 4.00ന്: വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്

### 2022 ഒക്ടോബർ 08 ശനി
രാവിലെ 9.00ന്: വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
മുഖ്യകാർമികൻ: റവ. ഫാ. ക്രിസ്റ്റി പന്തലാനിക്കൽ
വൈകിട്ട് 4.00ന്: വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്

### 2022 ഒക്ടോബർ 09 ഞായർ
രാവിലെ 8.00ന്: വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
മുഖ്യകാർമികൻ: റവ. ഫാ. സ്കറിയ മലമാക്കൽ
വൈകിട്ട് 4.00ന്: വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്

### 2022 ഒക്ടോബർ 10 തിങ്കൾ
രാവിലെ 9.00 ന് : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
മുഖ്യകാർമികൻ: റവ. ഫാ. ജോസഫ് തറപ്പേൽ
വൈകിട്ട് 4.00ന്: വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്

### 2022 ഒക്ടോബർ 11 ചൊവ്വ
രാവിലെ 9.00 ന് : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
മുഖ്യകാർമികൻ: മാർ ജോസ് പുളിക്കൽ (കാഞ്ഞിരപ്പിള്ളി രൂപത)
വൈകിട്ട് 4.00ന്: വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്

### 2022 ഒക്ടോബർ 12 ബുധൻ
രാവിലെ 9.00 ന് : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
മുഖ്യകാർമികൻ: റവ. ഫാ. വിൻസന്റ് മൂങ്ങാമാക്കൽ
വൈകിട്ട് 4.00 ന് : കൊടിയേറ്റ്
വെരി റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ (വികാരി)
തുടർന്ന് വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
മുഖ്യകാർമികൻ: റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ

### 2022 ഒക്ടോബർ 13 വ്യാഴം
രാവിലെ 9.00 ന് : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
മുഖ്യകാർമികൻ: വെരി റവ. മോൺ. ജോസഫ് മലേപ്പറമ്പിൽ
വൈകിട്ട് 4.00ന്: വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
മുഖ്യകാർമികൻ: മാർ പീറ്റർ കൊച്ചുപുരയ്ക്കൽ (പാലക്കാട് രൂപത)

### 2022 ഒക്ടോബർ 14 വെള്ളി
രാവിലെ 9.00 ന് : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
മുഖ്യകാർമികൻ: വെരി റവ. ഫാ. ആന്റണി പെരുമാനൂർ
വൈകിട്ട് 4.00ന്: വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്

### 2022 ഒക്ടോബർ 15 ശനി
രാവിലെ 9.00 ന് : വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
മുഖ്യകാർമികൻ: മാർ ജോസഫ് പള്ളിക്കാപറമ്പിൽ
(ബിഷപ് എമരിത്തൂസ്, പാലാ രൂപത)
വൈകിട്ട് 4.00ന്: വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്

### 2022 ഒക്ടോബർ 16 ഞായർ
രാവിലെ 5.15നും 6.00നും 8.00നും ഉച്ചയ്ക്കുശേഷം
2.30 നും 4.00നും വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
രാവിലെ 10 ന്: ആഘോഷമായ തിരുനാൾ കുർബാന, സന്ദേശം
മുഖ്യകാർമികൻ: മാർ ജോസഫ് കല്ലറങ്ങാട്ട് (പാലാ രൂപതാമെത്രാൻ)

## തിരുനാൾ ദിനങ്ങളിലെ അനുഗ്രഹീത സാന്നിധ്യം



മാർ ജോസ് പുളിക്കൽ



മാർ ജോസഫ് കല്ലറങ്ങാട്ട്



മാർ പീറ്റർ കൊച്ചുപുരയ്ക്കൽ



മാർ ജോസഫ് പള്ളിക്കാപറമ്പിൽ

റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ (വികാരി) ഫാ. തോമസ് വെട്ടുകാട്ടിൽ (വൈസ് പോസ്റ്റുലേറ്റർ)
ഫാ. ജോർജ് ഈറ്റയ്ക്കക്കുന്നേൽ, ഫാ. ആന്റണി വാഴക്കാലായിൽ (സഹവികാരിമാർ) ഫാ. ജോർജ് പറമ്പിത്തടത്തിൽ (ഹോസ്റ്റൽ വാർഡൻ)

**പ്രത്യേക അറിയിപ്പുകൾ:** വാഴ്ത്തപ്പെട്ട കുഞ്ഞച്ചനോടുള്ള ഭക്തി നേർച്ചയായി വിട് എഴുന്നുള്ളിക്കുന്നതിനും അടിമവയ്ക്കുന്നതിനും സൗകര്യമുണ്ടായിരിക്കും. വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ ചിത്രത്തോടുകൂടിയ 2023-ലെ കലണ്ടർ ബുക്സ്റ്റാളിൽ ലഭ്യമാണ്

Vice Postulator, Cause of Bl. Kunjachan, St. Augustine's Forane Church, Ramapuram Basar P.O, 686576
Mob : 94462 04240, 8590184402, 7306484040 | Email: blessedkunjachan@gmail.com | Web: www.blessedkunjachan.com

www.malankaralibrary.com

# സാൻ പിയോ

## കപ്പുച്ചിൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രെയിനിംഗ്

## കൗൺസിലേഴ്സ് ആന്റ് സൈക്കോ തെറപ്പിസ്റ്റ്

കോവിൽത്തോട്ടം,
ചവറ പി. ഒ;
കൊല്ലം - 691583

**Affiliated to The Fountain College Krishangiri, Recognised by Periyar University, Tamilnadu**

Ph: 0476 2684847
Mob: 8606123331, 7907707970
Email: sanpio@gmail.com
Web:sanpiocap.org





17 ബാച്ചുകളിലായി 600ലധികംപേർ പരിശീലനം പൂർത്തിയാക്കി വിജയപ്രദമായ 9 വർഷം പിന്നിടുന്നു.

## ബേസിക്- അഡ്വാൻസ്ഡ്-ഡിപ്ലോമ
## കോഴ്സ് ഇൻ കൗൺസിലിംഗ് ആന്റ് സൈക്കോതെറപ്പി

(ഒരു പ്രൊഫഷണൽ കൗൺസിലർ ആകാനുള്ള പരിശീലനം)

**2022 നവംബർ 15 മുതൽ**
**ഡിസംബർ 5 വരെ (മലയാളം)**

### ആർക്കെല്ലാം പങ്കെടുക്കാം

MSW, സൈക്കോളജി വിദ്യാർത്ഥികൾ, അധ്യാപകർ, അഭിഭാഷകർ, സാമൂഹികപ്രവർത്തകർ, ആതുരശുശ്രൂഷാ രംഗത്ത് പ്രവർത്തിക്കുന്നവർ, നേതൃത്വപരിശീലകർ, സന്ന്യസ്തർ, വൈദികർ.

### പരിശീലന രീതി

ക്ലാസ്മുറി പഠനം, ചർച്ച, തെറപ്പി പരിശീലനം, ഗ്രൂപ്പുചർച്ചകൾ, ആശുപത്രിയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള പരിശീലനം

**കോഴ്സ് ഫീ: 14000/- രൂപ**

(ആഹാരം, താമസസൗകര്യം, കോഴ്സിനാവശ്യമായ സാധനങ്ങൾ ഉൾപ്പെടെ)

യൂണിറ്റ് 1 : കൗൺസിലിംഗ് ബേസിക് സ്കിൽ പരിശീലനം യൂണിറ്റ് 3 : പ്രൊഫഷണൽ കൗൺസിലിംഗ് ഡിപ്ലോമ പരിശീലനം
യൂണിറ്റ് 2 : അഡ്വാൻസ്ഡ് കൗൺസിലിംഗ് സ്കിൽ പരിശീലനം യൂണിറ്റ് 4 : യൂണിവേഴ്സിറ്റി അംഗീകൃത പോസ്റ്റ് ഡിപ്ലോമ

കോവിഡനന്തര മാനസിക സംഘർഷങ്ങൾ അനുഭവിക്കുന്ന, സ്കൂൾ-കോളജ് വിദ്യാർത്ഥികൾക്കും സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥ-തൊഴിലാളികൾക്കും ആവശ്യാനുസരണം ക്ലാസ്സുകൾ നൽകുന്നതാണ്.

*പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുക:* **ഫോൺ : 0476 - 2684847**

ഫാ. ബേണി വർഗീസ് (ഡയറക്ടർ) : 8606123331   ഫാ. എബിൻ പാപ്പച്ചൻ (അസി. ഡയറക്ടർ) : 7907707970

www.malankaralibrary.com



# കുരീക്കാട് സെന്റ് ജൂഡ് ദേവാലയത്തിൽ
# വി. യൂദാശ്ലീഹായുടെ മധ്യസ്ഥ തിരുനാൾ

## 2022 ഒക്ടോബർ 25, 26, 27, 28 തിയതികളിൽ

## അനുഗ്രഹ നവനാൾ

**2022 ഒക്ടോബർ 16 മുതൽ 24 വരെ**

രാവിലെ 6.00 നും 10.00 നും വൈകിട്ട് 5.30 നും
ജപമാല, ദിവ്യബലി, നൊവേന, ദിവ്യകാരുണ്യ ആരാധന

## കുടുംബ വിശുദ്ധീകരണ ധ്യാനം

**2022 ഒക്ടോബർ 9,10,11 തീയതികളിൽ**
**വൈകിട്ട് 5.30 ന് ദിവ്യബലി തുടർന്ന് ധ്യാനം**
നയിക്കുന്നത്: **റവ. ഫാ. ആൻഡ്രൂസ് പുത്തൻപറമ്പിൽ O.C.D.**

**2022 ഒക്ടോബർ 25 ചൊവ്വ :** വൈകിട്ട് 5.15 ന് : കൊടിയേറ്റം, ദിവ്യബലി
മുഖ്യകാർമികൻ : **വെരി റവ. മോൺ. മാത്യു ഇലഞ്ഞിമിറ്റം**
(വികാരി ജനറാൾ, വരാപ്പുഴ അതിരൂപത)

**2022 ഒക്ടോബർ 26 ബുധൻ :** വൈകിട്ട് 5.30 ന് : ദിവ്യബലി
മുഖ്യകാർമികൻ : **വെരി റവ. ഡോ. ആന്റണി വാലുങ്കൽ**

**2022 ഒക്ടോബർ 27 വ്യാഴം :** വൈകിട്ട് 5.30 ന് : ദിവ്യബലി
മുഖ്യകാർമികൻ : **റവ. ഫാ. ഡൊമിനിക് ഫിഗരേദോ**

**2022 ഒക്ടോബർ 28 വെള്ളി : തിരുനാൾ ദിനം**
രാവിലെ 6.30 നും വൈകിട്ട് 5.30നും ദിവ്യബലി
രാവിലെ 10.00 ന് : ആഘോഷമായ തിരുനാൾ സമൂഹദിവ്യബലി
മുഖ്യകാർമികൻ : **വെരി റവ. ഫാ. എബിജിൻ അറയ്ക്കൽ**
(ചാൻസലർ, വരാപ്പുഴ അതിരൂപത)
വചനപ്രഘോഷണം : **റവ. ഫാ. ഡേവിഡ് ഒ.സി.ഡി**
തുടർന്ന് നേർച്ചസദ്യ ആശീർവ്വാദം, അടിമസമർപ്പണം,
എഴുത്തിനിരുത്ത്, ആദ്യചോറൂണ്
**നേർച്ചസദ്യ ആരംഭം**
വൈകിട്ട് 3.30 ന് : ദിവ്യബലി (സീറോമലബാർ റീത്തിൽ)
മുഖ്യകാർമികൻ : **റവ. ഫാ. ജോർജ് മൂഞ്ഞേലി**
രാത്രി 9.00 ന് : കൊടിയിറക്കം

**തിരുനാൾതിരുക്കർമങ്ങളിലേക്കും**
**നേർച്ചസദ്യയിലേക്കും ഏവർക്കും സ്വാഗതം!**

ഫാ. ആന്റണി മുള്ളൂർ (വികാരി) | തിരുനാൾ പ്രസുദേന്തിമാർ | കമ്മിറ്റിയംഗങ്ങൾ

### കുരീക്കാട് ദേവാലയത്തിലെ തിരുക്കർമസമയക്രമം

**ഞായർ :**
രാവിലെ 6.30നും 10.00നും
വൈകിട്ട് 6.30നും ദിവ്യബലി

**വ്യാഴം:**
രാവിലെ 6.30നും
10.30നും വൈകിട്ട് 5.45 നും
ദിവ്യബലി, നൊവേന
ദിവ്യകാരുണ്യ ആരാധന

**ഇടദിവസങ്ങളിൽ :**
രാവിലെ 6.15 ന് ദിവ്യബലി

**St. Jude's Church** (Archdiocese of Verapoly)
Kureekad, Cochin - 682 307, PH: 0484 2714466

www.malankaralibrary.com

പേജ് 26-ൽ നിന്നും തുടർച്ച

ത്തിൽ മാനദണ്ഡങ്ങളും നിബന്ധനകളുമൊക്കെ വച്ചുകൊണ്ടുള്ള സാമൂഹ്യ, സാമ്പത്തിക വ്യവസ്ഥ യെ സൃഷ്ടിച്ചുകൊണ്ട് പോവുകയെന്നുള്ളതാണ് ഈ സാമൂഹ്യ, സാമ്പത്തിക വ്യവസ്ഥയുടെ അടിത്ത റയും ഇതിന്റെ പ്രധാന പ്രവർത്തന സ്വഭാവവും. സ്വാ ഭാവികമായും സമത്വം പറയുന്ന പ്രത്യയശാസ്ത്ര ങ്ങളും മതങ്ങളുമൊക്കെ സ്വീകാര്യമല്ല എന്ന് പറയേ ണ്ടത് ശ്രേണീകരണം ഇവിടെ തുടരണമെന്ന് ആഗ്ര ഹിക്കുന്നവരുടെ ആവശ്യമാണ്. ഇത് ചരിത്രപരമായ കാരണങ്ങൾകൊണ്ടല്ല. ലോകത്തൊരിടത്തും ഒരു മതം മാത്രമേ പാടുള്ളു എന്ന് നിഷ്കർഷിച്ചു കൊ ണ്ടുപോകാവുന്നവിധത്തിൽ ഇന്ന് insular position എടുക്കാറില്ല. എല്ലാ മതങ്ങൾക്കും അവരുടെ ആചാരാനുഷ്ഠാനങ്ങൾ പുലർത്താനുള്ള സ്വാത ന്ത്ര്യമുണ്ട്. ഏറ്റവും തീവ്രമത ഗ്രൂപ്പുകൾ ഭരിക്കുന്നിട ത്തു മാത്രമേ ഒരപവാദമുള്ളു. അങ്ങനെ ഒരു ഗ്രൂപ്പി ലേക്ക് ഇന്ത്യ പോകണമോ എന്ന് ഇന്ത്യയ്ക്ക് സ്വാത ന്ത്ര്യം കിട്ടിയ സമയത്തുതന്നെ ഇവിടുത്തെ രാഷ്ട്രീയാ ചാര്യന്മാരെല്ലാം ചിന്തിച്ചതാണ്. എല്ലാവർക്കും ഇടം കൊടുക്കുന്ന ഒരു ഭരണ ഘടനയാണാവശ്യം എന്ന് കണ്ടുകൊണ്ടാണ് അക്കൊമഡേറ്റീവ് ആയുള്ള, inclusive ആയുള്ള ഒരു ഭരണഘടനയ്ക്കും രാഷ്ട്ര നിർമിതിയ്ക്കും ഇവിടെ രൂപം കൊടുത്തത്. ആ ഭരണഘടനയാണ് തീരുമാനിക്കുന്നത് ആരൊക്കെ ഇവിടെ ഉണ്ടായിരിക്കണമെന്നും ആരൊക്കെ ഇവിടെ നിന്ന് പോകണമെന്നും. അത് മതത്തിന്റെ അടിസ്ഥാനത്തിലല്ല. രാഷ്ട്രത്തിനു വിരുദ്ധമായി ചെയ്യുന്നതാണോ എന്നതിനെ ആശ്രയിച്ചാണ്.

ഇപ്പോൾ പറയുന്ന ഈ ക്രൈസ്തവ ന്യൂനപക്ഷ അധിനിവേശത്തെക്കുറിച്ച് ചിന്തിച്ചാൽ എല്ലാ മത ങ്ങളും അധിനിവേശത്തിന്റ ഭാഗമായല്ല വന്നതെന്നു കണ്ടെത്താം. ക്രിസ്തുമതത്തിൽ 83 പള്ളികൾ ഉദ യംപേരൂർ സൂനഹദോസ് നടക്കുന്നതിനുമുമ്പ് നസ്രാണിക്രൈസ്തവരുടെ ഇടയിലുണ്ട്. ഇത്രയും പള്ളികളും ആളുകളും ഇവിടെ ഉണ്ടായത് അധി നിവേശത്തിന്റ ഭാഗമായല്ല. അധിനിവേശത്തിന്റെ ആൾ ക്കാർ എന്നു പറഞ്ഞാൽ അധികാരം മത്തു പിടിച്ച അധികാരികൾ ഇംഗ്ലീഷുകാരിലും ബ്രിട്ടീഷുകാരിലും പോർച്ചുഗീസുകാരിലും ഡച്ചുകാരിലുമൊക്കെ യുണ്ടായിരുന്നു. അവർ ഭരിച്ചിരുന്ന കാലത്തുപോ ലും പല മിഷനറിമാർ ഇവിടെ വന്നിട്ടുണ്ട്. മിഷനറി പ്രവർ ത്തനം നടത്തിയതിന്റ പേരിൽ അവർ അധിനിവേശ ത്തിന്റെ ഉപോത്പന്നമാണെന്നും അധിനിവേശം പ്ര ഘോഷിച്ചിരുന്നവരാണെന്നും പറയാൻ പറ്റുകയില്ല.



www.malankaralibrary.com

തീരദേശങ്ങളിലെത്തിയ മുസ്ലീങ്ങൾ ഏറെയും ആയുധമില്ലാതെ ഇവിടെ കച്ചവടത്തിനുവേണ്ടി കടന്നുവന്നവരാണ്. ഇവിടെ കച്ചവടത്തിനായി വന്ന് മൂത്തയെന്നു പറഞ്ഞു താല്കാലികമായി വിവാഹം കഴിച്ചു ഇവിടുത്തെ ആൾക്കാരുമായി ഇടപഴകി പിന്നീട് പെറ്റുപെരുകിയ മാപ്പിളമുസ്ലീങ്ങളും കർണ്ണാടകത്തിലെ നവായത് മുസ്ലീങ്ങളായി അറിയപ്പെടുന്നവരുമൊക്കെ, അങ്ങനെ വന്നതാണ്. സമാധാനപാതയിൽ വാണിജ്യ ചാനലിൽ കൂടി വന്ന മുസ്ലീങ്ങളുടെ പെരുകലാണ് തീരപ്രദേശത്തുണ്ടായ മുസ്ലീം സാന്നിധ്യം. എന്നാൽ യുദ്ധം വഴി വന്ന മുസ്ലീങ്ങളുമുണ്ട്. ആയുധവുമായി കടന്നുവന്ന് യുദ്ധം ചെയ്തശേഷം അവർ ഭരിച്ചിരുന്ന പ്രദേശങ്ങളിൽ പെട്ടെന്നോ അല്ലെങ്കിൽ സാവധാനമോ അവിടെയുള്ള ആളുകളെ ഇസ്ലാം മതത്തിലേക്ക് സ്വീകരിച്ചുകൊണ്ടുള്ള പരിവർത്തനവും നടന്നിട്ടുണ്ട്. എന്നുകരുതി എല്ലാ മുസ്ലീങ്ങളും എല്ലാ ക്രിസ്ത്യാനികളും അധിനിവേശത്തിന്റെ ഭാഗമാണെന്ന് പറയാൻ പറ്റില്ല. അവരോട് ഇവിടെനിന്ന് പോകണം എന്നുപറയുന്നതും ശരിയല്ല. അങ്ങനെയുള്ള ഒരു നിലപാട് ഇന്ത്യ എന്നു പറയുന്ന ദേശത്തിനു ഒരിക്കലും ചേർന്നതല്ല. മറ്റു മതവിഭാഗങ്ങൾ സ്വതന്ത്ര ഇന്ത്യയിൽ പാടില്ല എന്ന ചിന്തയുടെ ഫലമായാണ് ഹിന്ദുക്കൾക്കുതന്നെ ഒരു രാഷ്ട്രം വേണം മുസ്ലീമിനു തന്നെ ഒരു രാഷ്ട്രം വേണം എന്ന് വന്നിട്ടുള്ളത്. മതാടിസ്ഥാനത്തിലുള്ള മുന്നേറ്റങ്ങൾക്കുപകരം എല്ലാവർക്കും ഇടംകൊടുത്തുകൊണ്ടുള്ള ഒരു സ്വതന്ത്ര ഇന്ത്യ എന്ന ആശയമാണ് ഇന്ത്യൻ സ്വാതന്ത്ര്യനായകർ സ്വീകരിച്ചത്. അങ്ങനെ ഒരു പ്രക്രിയയ്ക്ക് നേതൃത്വം നൽകിയവർക്കാണ് ഇന്ത്യയുടെ ഭരണം ലഭിച്ചത്.

### ? ഇന്ത്യയിലേക്കു വന്നത്, ഇവിടെ പണ്ടേയുള്ളത് എന്ന നിലയ്ക്ക് ദേശീയത സൃഷ്ടിക്കുന്നത് യഥാർഥ ഇന്ത്യയുടെ ചരിത്രത്തെ എത്രമാത്രം ഉലയ്ക്കും?

ഇന്ത്യയിലേക്കു വന്നവർ, തദ്ദേശിയർ എന്നിങ്ങനെ രണ്ട് രീതിയിൽ കാണുക എന്നത് വരത്തന്മാരും ഇരുത്തന്മാരും എന്നൊക്കെ പറയുന്ന രീതിയിൽ എല്ലാ ജനവിഭാഗത്തിന്റെയും കാഴ്ചപ്പാടാണ്. ഒരു രാജ്യത്തും ഇരുത്തന്മാർ അല്ലെങ്കിൽ അവിടെ തന്നെയുള്ള ആളുകൾ എന്ന് ഇന്ന് പറയാനില്ല. കാരണം, എല്ലാ ജനവിഭാഗങ്ങളും constant mingling ന്റെ ഭാഗമാണ്. ഉദാഹരണത്തിന് ഷാൾമെയിന്റെ (Charlemagne) കാലഘട്ടത്തിൽ അദ്ദേഹത്തിന് ഇഷ്ടമില്ലാത്ത ഒത്തിരിപേരെ അവരുടെ സ്ഥലങ്ങളിൽ നിന്ന് മാറ്റി വേറെ സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിപ്പിക്കുകയുണ്ടായി. ഇതിന്റെ ഫലമായി യൂറോപ്പിലും ജർമനിയിലും ജനസംഖ്യാധിഷ്ഠിതമായ വലിയ പുനഃക്രമീകരണം (demographic reshuffling) നടക്കുകയുണ്ടായി. black death പോലുള്ള മഹാദുരന്തങ്ങൾ ഉണ്ടായപ്പോൾ ജനപുനഃക്രമീകരണതോത് വൻതോതിൽ വർധിക്കുകയും തത്ഫലമായി ധാരാളം പേർ വിവിധ സ്ഥലങ്ങളിലേക്ക് പലായനം നടത്തുകയും ചെയ്യുകയുണ്ടായി. ജനങ്ങൾ അവർക്ക് സുരക്ഷിതത്വം കിട്ടുന്ന സ്ഥലത്തേക്കു പലായനം ചെയ്യുകയാണ്. അതിനാൽ ഒരിക്കലും ഒരിടത്തും അവിടെതന്നെയുള്ളവർ എന്ന് പറയാൻ ആരുമില്ല. എല്ലാവരും അങ്ങോട്ടും ഇങ്ങോട്ടുമൊക്കെ പൊയ്ക്കൊണ്ടിരിക്കുന്ന ഒരു പ്രക്രിയയാണ് അതിജീവനത്തിന്റെ ഭാഗമായി നമ്മൾ എപ്പോഴും കാണുന്നത്. അതിനാൽ ഇന്ത്യയിലേക്ക് വന്നവർ എന്ന് ഐഡന്റിഫൈ ചെയ്യാൻ ആരും തന്നെയില്ല. മതത്തിന്റെ ലേബൽ മാത്രം ഉപയോഗിച്ചുകൊണ്ട് ഇന്ത്യയിലേക്ക് വന്നവർ മാത്രമേ ഉള്ളൂവെന്ന് പറയാൻ പറ്റില്ല. കുടിയേറ്റത്തിലൂടെ ഇന്ത്യയിലേക്ക് കടന്നുവന്ന ഹൂണന്മാരും (huns), ശകന്മാരും (sakas) ഇന്ത്യയിലേക്ക് വൻതോതിൽ വന്നിട്ട് ക്രമേണ രാജസ്ഥാനിലെ രജപുത്രരുമായിട്ടും പഞ്ചാബിലെ സിക്കുകാരുമായിട്ടും ഉത്തർപ്രദേശ്, ഹരിയാന, പഞ്ചാബ് എന്നിവിടങ്ങളിൽ ജാട്ടു (jats) കളുമായിട്ടും അലിഞ്ഞുചേരുകയുണ്ടായി. പുറത്ത് നിന്നും വന്നവർ ഇന്ത്യയുടെ അവിഭാജ്യഘടകമായ ധാരാളം സംഭവങ്ങളുമുണ്ട്. തദ്ദേശീയർ എന്ന് പറയുന്നവരിൽ എത്രമാത്രം തദ്ദേശീയത ഉണ്ട് എന്ന് പറയാൻ ആവാത്ത അവസ്ഥയാണ്. ചിത്പവൻ ബ്രാഹ്മണർ (Chitpavan Brahmins) പോലും അവകാശപ്പെടുന്നത് അവർ കപ്പൽ അപകടത്തിൽപെട്ട യഹൂദ കച്ചവടക്കാരായിരുന്നുവെന്നും കരയിലെത്തിയ അവർ അവിടെ താമസമാക്കുകയും പിന്നീട് ബ്രാഹ്മണവല്ക്കരിക്കപ്പെടുകയും ചെയ്തുവെന്നുമാണ്. അവർ ഇന്ന് ബ്രാഹ്മണരായാണ് അറിയപ്പെടുന്നത്. എല്ലായിടത്തും ഈ പ്രക്രിയ നമുക്ക് കാണാനാകും. അതുകൊണ്ട് തങ്ങൾ മാത്രമാണ് എന്നും ഇവിടെത്തന്നെ ഉണ്ടായിരുന്നവരെന്നും മറ്റുള്ളവരൊക്കെ പുറത്തുനിന്നും വന്നവരാണെന്നുമുള്ള വാദം സ്വീകാര്യമല്ല. മതമെന്ന ഒറ്റ ലേബൽ ഉപയോഗിച്ചുകൊണ്ട് ഇവരെല്ലാം പുറത്തുള്ളവരാണെന്ന് പറയുന്നതെങ്ങനെയാണ്? ഇന്ത്യക്കാരായി ജനിച്ചുവ

www.malankaralibrary.com

ഉർന്നവർ ക്രിസ്തുമതം സ്വീകരിച്ചതുകൊണ്ട് അവർ എങ്ങനെയാണ് ഇന്ത്യാക്കാരല്ലാതാകുന്നത്. മുസ്ലീമുകളായി ഇവിടെ ജനിച്ചു വളർന്നിട്ട്, ഇവിടുത്തെ സംസ്കാരം സ്വീകരിച്ച് വളർന്നു വന്നവർ മുസ്ലീമായി എന്ന ഒറ്റ കാരണത്താൽ വരത്തൻമാരാകുന്നത് എങ്ങനെയാണ്? ഏതു മതം സ്വീകരിക്കാനും ഇന്ത്യൻ ഭരണഘടന നല്കുന്ന ഒരു അവകാശമുണ്ട്. അതുവച്ച് ആര് ഏതെല്ലാം മതം സ്വീകരിച്ചോ ആ മതത്തിൽ നിലനിന്ന് അവരുടെ ഭാരതീയത സൂക്ഷിക്കുകയും ഇന്ത്യൻ രാഷ്ട്രത്തിന്റെ സമഗ്രതയും അഖണ്ഡതയും സൂക്ഷിച്ച് നിലപാടുകൾ എടുക്കുകയും ചെയ്യുന്നോ ആ വ്യക്തി ഈ നാടിന്റെ ഭാഗമാണ്. ഈ നാടിന്റെ സമ്പന്നമായ പൈതൃകവും മഹത്ത്വവുമൊക്കെ അവരുടെ അവകാശത്തിൽപ്പെട്ടതുമാണ്. ഇതൊക്കെ എല്ലാവർക്കും പൈതൃകമായി കൈമാറി ലഭിച്ചതാണ്. അടുത്തകാലത്ത് ഈ തദ്ദേശീയ-വിദേശീയ തരംതിരിവുകളുടെ ഭാഗമായത് ഹിന്ദുമതമാണ്. ഹിന്ദുമതം രൂപപ്പെട്ടത് ഒത്തിരി നൂറ്റാണ്ടുകളിലൂടെയാണ്. ഈഴവർ, പുലയർ തുടങ്ങിയവർ ഹിന്ദുവിന്റെ ഭാഗമായത് നീണ്ടുനിന്ന ഒരു പ്രക്രിയയുടെ ഭാഗമായാണ്. ഒരുകാലത്ത് ഇവർ ബ്രാഹ്മണ പ്രാർത്ഥനാലയമായ ക്ഷേത്രങ്ങളിൽ നിന്നും പുറത്തുനിർത്തപ്പെട്ടവരായിരുന്നു. folk religion-ന്റെ ഭാഗമായിരുന്നു പറയൻമാരും പുലയൻമാരുമൊക്കെ. നീണ്ടുനിന്ന ഒരു പ്രക്രിയയിലൂടെയാണ് അവർ ഹിന്ദുമതത്തിന്റെ ഭാഗമായത്. കേരളംപോലുള്ള സ്ഥലങ്ങളിൽ ഈ ബ്രാഹ്മണേതര വിഭാഗങ്ങളെ ഹിന്ദുമതത്തിന്റെ ഭാഗമാക്കുന്നതിൽ ശൈവഭക്തി പ്രസ്ഥാനങ്ങളും വൈഷ്ണവ ഭക്തി പ്രസ്ഥാനങ്ങളും വലിയ പങ്കു വഹിക്കുകയുണ്ടായി. അതുപോലെ കർണാടകയിലെ വീരശൈവിസവും (Virasaivism of Karnataka) മഹാരാഷ്ട്രയിലെ വർക്കാരി മൂവ്മെന്റും (Warkari Movement of Maharashtra) രാമാനന്ദി സെക്ടും (Ramanandi Sect) ബംഗാളിലെ ചൈതന്യ മഹാപ്രഭുവും (Gaudiya Vaishnavism of Chaitanya Maha Prabhu) ഇന്ത്യയിലെ ഒത്തിരി ജനവിഭാഗങ്ങളെ വൈഷ്ണവ ഭക്തി പ്രസ്ഥാനങ്ങളിലൂടെയും ശൈവഭക്തി പ്രസ്ഥാനങ്ങളിലൂടെയും ഇന്ന് കാണുന്ന ഹിന്ദുമത ഘടനയുടെ ഭാഗമാക്കിയ ഘടകങ്ങളാണ്. ഇങ്ങനെയൊക്കെയുള്ള നീണ്ടു നിന്ന മതഭക്തി പ്രസ്ഥാനങ്ങളുടെ ഭാഗമായും അവയുടെ ഫലമായുമാണ് ബ്രാഹ്മണ മതമായിരുന്നത് ഇന്ന് കാണുന്ന ഹിന്ദുമതമായി മാറുന്നത്. എല്ലാ മതങ്ങളും അങ്ങനെ ആണ്. ജനിച്ചപ്പോളുള്ള രൂപത്തിലുള്ള മതങ്ങളല്ല ഇപ്പോൾ ഉള്ളത്, അത് വലിയ ഒരു പരിണാമ പ്രക്രിയകൊണ്ട് വളർന്നു വന്നതാണ്.

## ? ഇന്ത്യൻ ഭരണഘടനയ്ക്ക് ഇന്ത്യൻ ചരിത്രത്തെ യാഥാർഥ്യബോധത്തോടെ ഉൾക്കൊള്ളാൻ സാധിച്ചിട്ടുണ്ടോ?

ഇന്ത്യൻ ഭരണഘടന ഇന്ത്യൻ ചരിത്രത്തെ യാഥാർഥ്യബോധത്തോടെ ഉൾക്കൊള്ളാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. കാരണം, ഇന്ത്യൻ ഭരണഘടന എന്നു പറയുന്നത് ഡോ. അംബേദ്കറുടെ നേതൃത്വത്തിൽ പെട്ടെന്ന് എഴുതിയതല്ല. സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ സ്വതന്ത്രമാകുന്ന ഇന്ത്യ എങ്ങനെയുള്ളതായിരിക്കണം എന്ന് നിരന്തരമായുള്ള ചോദ്യങ്ങൾക്കും സംവാദങ്ങൾക്കും ചർച്ചകൾക്കുംശേഷം രൂപപ്പെടുത്തിയതാണ്. ഐഡിയ ഓഫ് ഇന്ത്യ (Idea of India) എങ്ങനെയായിരിക്കണം? നിങ്ങൾ സൃഷ്ടിക്കാൻ പോകുന്ന ഇന്ത്യ എങ്ങനെയുള്ളതായിരിക്കണം? ഇങ്ങനെയുള്ള നിരന്തരമായ അന്വേഷണങ്ങളുടെയും നിരന്തരമായ ഇടപെടലുകളുടെയും ഫലമായി ഐഡിയ ഓഫ് ഇന്ത്യ രൂപപ്പെട്ടുവന്നിരുന്നു. അതിൽ നിന്നും സൃഷ്ടിക്കപ്പെട്ടതാണ് ഇന്ത്യൻ ഭരണഘടന. അതിനാൽ ഈ പ്രക്രിയക്ക് ചരിത്രം തന്നെയാണ് അടിത്തറയായി ഉപയോഗിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായാണ് 'ഡിസ്കവറി ഓഫ് ഇന്ത്യ' എന്ന പുസ്തകം എഴുതപ്പെടുന്നത്. ഇന്ത്യയുടെ ആത്മാവ് തേടാനും ഇന്ത്യ പണ്ട് എങ്ങനെയായിരുന്നു ചരിത്രത്തിലൂടെ രൂപപ്പെട്ടുവന്നതെന്ന് തിരിച്ചറിയാനുമാണ് നെഹ്റു ജയിലിലായിരുന്ന കാലങ്ങളിൽ ശ്രമിച്ചിരുന്നത്. അതിന്റെ പരിണതഫലമായി എഴുതിയ പുസ്തകമാണ് 'ഞാൻ കണ്ട ഇന്ത്യ' അല്ലെങ്കിൽ 'ഡിസ്കവറി ഓഫ് ഇന്ത്യ.' ഈ പുസ്തകങ്ങൾ അല്ലെങ്കിൽ രൂപപ്പെട്ടുവന്ന ആശയങ്ങൾ ചരിത്രത്തിൽ നിന്നും തന്നെ എടുത്ത ആശയങ്ങളാണ്. വായുവിൽ നിന്നും എടുത്തതല്ല. ഇന്നലെകളുടെ അറിവിന്റെ വെളിച്ചത്തിൽ അവർ മനസ്സിലാക്കിയ ഒരു ഇന്ത്യ ഉണ്ട്. അതിന്റെ വെളിച്ചത്തിൽ രൂപപ്പെടുത്തിയതാണ് ഇന്ന് കാണുന്ന ഇന്ത്യൻ ഭരണഘടന. അതുകൊണ്ട് ആ ഭരണഘടനയ്ക്ക് അകത്ത് എല്ലാവർക്കും സ്പേസ് കൊടുത്തിട്ടുണ്ട്. അതുകൊണ്ടാണ് ഇന്ത്യൻ ഭരണഘടന അനുസരിച്ച് പോകണമെന്ന് പറയുന്നത്. ഇതൊരു conceptual frame മാത്രമല്ല ചരിത്രപരമായ വേരുകളിൽ ഉറപ്പിച്ചിരിക്കുന്ന ഒന്നാണ്. അത് പരമാവധി ഭംഗിയായി ഭരണഘടനാശില്പികൾ ചെയ്തിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. ***(തുടരും)***

www.malankaralibrary.com

# ജലരേഖയാകുന്ന വികസന വാഗ്ദാനങ്ങൾ

തിരുവനന്തപുരം ലത്തീൻ അതിരൂപതാധ്യക്ഷൻ **ആർച്ച്ബിഷപ് ഡോ. തോമസ് ജെ. നെറ്റോ**യുമായി കാരുണികൻ നടത്തിയ അഭിമുഖം

**■ സംസ്ഥാന സിരാകേന്ദ്രവും തീരദേശം ഉൾപ്പെട്ടതുമായ തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ ഒരു മുതിർന്ന അജപാലകനെന്ന നിലയിലും ഇപ്പോൾ മെത്രാപ്പോലീത്തയെന്ന നിലയിലും അതിരൂപതയിലെ പിന്നാക്ക ജനവിഭാഗത്തിന്റെ സമുദ്ധാരണത്തിനും അവർക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന തൊഴിൽ-പാർപ്പിട പ്രശ്നങ്ങൾക്കും പരിഹാരത്തിനായി ശബ്ദമുയർത്താൻ അങ്ങേയ്ക്ക് സാധിച്ചിട്ടുണ്ടല്ലോ. അത് എത്രമാത്രം ഫലപ്രദമായിട്ടുണ്ട്?**

കഴിഞ്ഞ കുറേ വർഷങ്ങളായി മത്സ്യത്തൊഴിലാളി സമൂഹം നിലനില്പിന്റെ ഭീഷണി നേരിടുകയാണ്. അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന കടൽ കയറ്റം, കിടപ്പാടങ്ങളുടെ നഷ്ടം, തൊഴിൽ നഷ്ടം, മത്സ്യലഭ്യതയിലെ കുറവ്, കാലാവസ്ഥ മുന്നറിയിപ്പ്, മണ്ണെണ്ണയുടെ വിലക്കയറ്റം തുടങ്ങിയവ ജനജീവിതം വഴിമുട്ടിച്ചിരിക്കുകയാണ്. മുന്നൂറ്റി അമ്പതിലേറെ കുടുംബങ്ങൾ വാസയോഗ്യമല്ലാത്ത ക്യാമ്പുകളിൽ ദീർഘനാളായി കഴിയുന്നു. കൂടാതെ ധാരാളം വീടുകൾ ഭാഗികമായി തകർന്നു. മേൽപറഞ്ഞ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിന് അധികാരികൾ തയ്യാറാകുന്നില്ല എന്ന് മാത്രമല്ല വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖനിർമാണം ഒരു വലിയ ഭീഷണിയായി ഒരു ജനതയുടെമേൽ ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇക്കാരണത്താലാണ് സഭാമേലധ്യക്ഷനെന്ന നിലയിൽ സഭാമക്കൾക്കായി ശബ്ദമുയർത്തുന്നത്. ഇതിന്റെ ഫലമായി പൊതുജനസമൂഹത്തിലും ഉദ്യോഗസ്ഥവൃന്ദങ്ങളിലും മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കാൻ സഭയുടെ സംരംഭങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഏറ്റവും വലിയ നേട്ടം പൊതുജനങ്ങളുടെ ശ്രദ്ധ ഈ പ്രവർത്തനങ്ങളിലൂടെ മുഖ്യവിഷയങ്ങളിലേക്ക് തിരിക്കാൻ കഴിഞ്ഞതാണ്. എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണവും പിൻതുണയും ഒരു പരിധിവരെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങളിലേക്ക് ലഭിക്കാൻ ഇടയായിട്ടുണ്ട്. വിശ്വാസിസമൂഹത്തെ ആകമാനം സഭാവ്യത്യാസങ്ങൾക്കതീതമായി ഒരുമിച്ച് നിർത്തുന്നതിൽ രൂപതയുടെ പ്രവർത്തനങ്ങൾ ഫലം കണ്ടിട്ടുണ്ട്. ഈ കൂട്ടായ്മയുടെ ശക്തി ഇന്ന് മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ശാശ്വതമായ ഒരു പരിഹാരം കാണാൻ ഇടയാക്കുമെന്ന ശുഭാപ്തി വിശ്വാസം എനിക്കുണ്ട്.

**■ കേരള ലത്തീൻ കത്തോലിക്കരിൽ ഭൂരിഭാഗവും ഇന്നും സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നാക്കാവസ്ഥയിലാണല്ലോ. ആധ്യാത്മിക പിതാവെന്ന നിലയിലും സാമൂഹിക പ്രതിബദ്ധതയുള്ള സഭാനേതാവെന്ന നിലയിലും ഇതിനുള്ള പരിഹാര ഫോർമുലകൾ എന്തെങ്കിലുമുണ്ടോ? ഇക്കാര്യത്തിൽ സഭാനേതൃത്വത്തിന് എന്തുചെയ്യാൻ കഴിയും? സർക്കാർ എന്തെല്ലാം ചെയ്യണം?**

www.malankaralibrary.com

ആരംഭഘട്ടത്തിൽ രൂപതയുടെ വിദ്യാഭ്യാസ വളർച്ചയ്ക്കായി രൂപതയിൽത്തന്നെ മിഷൻ പ്രവർത്തനം നടത്തികൊണ്ടിരുന്ന രണ്ട് സന്ന്യാസ സഭാവിഭാഗങ്ങളുടെ സഹായം തേടിയിരുന്നു. ആൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി ഈശോസഭയും (ജസ്യൂട്ട്) പെൺകുട്ടികളുടെ വിദ്യാഭ്യാസ വളർച്ചയ്ക്കായി കർമലീത്താസന്ന്യാസസഭയും (CCR). ജസ്യൂട്ട് സഭയുടെ സഹായത്താൽ തുമ്പ സെന്റ് സേവ്യേഴ്സ് കോളജും കർമലീത്ത സഭയുടെ സഹായത്താൽ ആൾ സെയിന്റ്സ് കോളജും രൂപതയിൽ നിലവിൽ വന്നു. കൂടാതെ ശ്രീകാര്യത്ത് ലൊയോള കോളജും സ്ഥാപിക്കപ്പെട്ടു. തൂത്തൂർ മേഖലയിൽ സ്ഥാപിക്കപ്പെട്ട സെന്റ് ജൂഡ് കോളജും ജനങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയിൽ വലിയ പങ്ക് വഹിച്ചുവരുന്നു. മരിയൻ എഞ്ചിനീയറിംഗ് കോളജും സെന്റ് ജേക്കബ് ബി.എഡ്. കോളജും ലിറ്റിൽ ഫ്ളവർ കോളജ് ഓഫ് നഴ്സിംഗും ഉന്നതവിദ്യാഭ്യാസത്തിനായി നിലവിൽ വന്നു. ആരോഗ്യമേഖലയിൽ ജൂബിലിഹോസ്പിറ്റൽ പ്രവർത്തിക്കുന്നതും രൂപതയുടെ നേട്ടമാണ്. മത്സ്യത്തൊഴിലാളികളുടെ സാംസ്കാരിക ഉന്നമനത്തിനായി ബിഷപ് ബർണാഡ് പെരേര രൂപം കൊടുത്ത മര്യനാട് പദ്ധതി സഭയുടെ വലിയ സംരംഭമാണ്. വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും സഭയ്ക്ക് ഇനിയുമേറെ മുന്നോട്ടു പോകേണ്ടതായിട്ടുണ്ട്. സർക്കാരിന്റെ ഭാഗത്തു നിന്നും അർഹമായ ഗ്രാന്റുകളും പഠന സഹായവും സമുദായാംഗങ്ങൾക്ക് ലഭിക്കേണ്ടിയിരിക്കുന്നു. അതിനായുള്ള ശ്രമങ്ങളും സഭാ പിതാവെന്ന നിലയിൽ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്.

സർക്കാർ ഈ ജനതയ്ക്ക് ചെയ്തുതരണമെന്ന് ഞാൻ ആഗ്രഹിക്കുന്നത് സമരവുമായി ബന്ധപ്പെട്ട് മുന്നോട്ടുവച്ചിരിക്കുന്ന ആവശ്യങ്ങൾതന്നെയാണ്: 1. വിഴിഞ്ഞം വാണിജ്യതുറമുഖ നിർമാണത്തിന്റെ ഫലമായി ഉണ്ടായ തീരശോഷണത്തിന് ശാശ്വതമായ പരിഹാരം കണ്ടെത്തുക. 2. വർഷങ്ങളായി തീരശോഷണം മൂലം വീടും സ്ഥലവും നഷ്ടപ്പെട്ട് മനുഷ്യോചിതമല്ലാത്ത ഗോഡൗണുകളിൽ കഴിയുന്ന കുടുംബങ്ങളെ അടിയന്തരമായി വാടക നല്കി മാറ്റി പാർപ്പിക്കുക. 3. വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ വീടിനും വസ്തുവിനും നഷ്ടപരിഹാരം നല്കിക്കൊണ്ടു പുനരധിവസിപ്പിക്കുക. 4. തീരശോഷണത്തിന് കാരണമായ വിഴിഞ്ഞം വാണിജ്യ തുറമുഖ നിർമാണം നിർത്തിവച്ചു പഠനം നടത്തുക. 5. മണ്ണെണ്ണ വില വർധന പിൻവലിക്കാൻ കേന്ദ്രസർക്കാരിൽ ഇടപെടുക, തമിഴ്നാട് മാതൃകയിൽ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭ്യമാക്കുക. 6. കാലാവസ്ഥ മുന്നറിയിപ്പ് കാരണം കടലിൽ പോകാൻ കഴിയാത്ത ദിവസങ്ങളിൽ മിനിമം വേതനം നല്കുക. 7. മുതലപ്പൊഴിയിൽ അശാസ്ത്രീയമായി നിർമിച്ച മത്സ്യബന്ധന തുറമുഖത്തിന്റെ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തുക.

## ■ പ്രളയവും ഓഖിയും പ്രകൃതിദുരന്തങ്ങളും അതേത്തുടർന്ന് മഹാമാരിയും സംഹാരതാണ്ഡവമാടിയപ്പോൾ



www.malankaralibrary.com

**തിരുവനന്തപുരം ലത്തീൻ അതിരൂപതാ വിശ്വാസിസമൂഹത്തെ കാര്യമായി ബാധിക്കുകയുണ്ടായല്ലോ. അതിരൂപത ഈ ദുരിതബാധിതരോട് വലിയ കരുണയും കരുതലുമാണ് പ്രദർശിപ്പിച്ചത്. ഇപ്പോൾ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ അനന്തരഫലമായി ജനങ്ങൾ വീണ്ടും ദുരന്തമുഖത്ത് എത്തിനില്ക്കുകയാണ്. തീരദേശ ജനതയുടെ പുനർനിർമിതിക്കായി എന്തു ചെയ്യാനാവും?**

ഒന്നിനു പുറകെ മറ്റൊന്നായി ദുരന്തങ്ങൾ തീരദേശ ജനതയെ വിഴുങ്ങിക്കൊണ്ടിരിക്കുന്നു. അടിക്കടിയുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ വരുത്തുന്ന കെടുതികൾ മത്സ്യബന്ധന തൊഴിലാളി കുടുംബങ്ങളെ സാരമായി ബാധിച്ചപ്പോൾ അതിരൂപതയിലെ എല്ലാ കുടുംബങ്ങളും ദുരിത ബാധിതർക്കായി നിർലോഭം സഹായങ്ങളെത്തിച്ചു. സർക്കാർ അവർക്കു വേണ്ടി പ്രഖ്യാപിച്ച വാഗ്ദാനങ്ങൾ പലതും ഇപ്പോഴും പ്രാവർത്തികമാക്കിയിട്ടില്ല. വിഴിഞ്ഞം തുറമുഖ നിർമാണവുമായി ബന്ധപ്പെട്ട് തീരശോഷണവും കുടിയൊഴിപ്പിക്കലും തീരാദുരന്തമായി നമ്മുടെ മുന്നിലുണ്ട്. ഇവരുടെ പുനരധിവാസത്തിനും തീര സംരക്ഷണത്തിനും നല്ലൊരു വിഭവ സമാഹരണം വേണ്ടി വരും. സഭയ്ക്കാവുന്ന വിധം സഹായം സഭ സർക്കാരിന് വാഗ്ദാനം ചെയ്തിട്ടുണ്ട്. എന്നാൽ തുറമുഖ നിർമാണത്തിന്റെ ആദ്യ ഘട്ടത്തിൽ സർക്കാർ മുന്നോട്ടുവച്ച ഉടമ്പടികൾ ഇത്രയും കാലമായിട്ടും പാലിക്കപ്പെട്ടിട്ടില്ല.

■ **മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഒരു തീരദേശ ജനത ഉൾപ്പെട്ട തിരുവനന്തപുരം പ്രദേശത്തിന്റെ സമുദ്ധാരണത്തിനും മത്സ്യത്തൊഴിലാളികളുടെ അതിജീവനത്തിനുമായി സർക്കാരിന്റെ ഭാഗത്തുനിന്നും അർഹമായ നീതി ലഭിച്ചിട്ടുണ്ടോ? ഇക്കാര്യത്തിൽ പിതാവിന് പറയാനുള്ളത് എന്താണ്?**

മത്സ്യബന്ധനം മാത്രം നടത്തുന്ന കടലോര നിവാസികൾ കാലാകാലങ്ങളായി പലവിധത്തിലുമുള്ള സമ്മർദങ്ങൾക്ക് വിധേയരാണ്. അടിക്കടിയുണ്ടാകുന്ന കടൽക്ഷോഭങ്ങളും ഓഖി പോലുള്ള കൊടുങ്കാറ്റുകളും അവരുടെ ജീവിതത്തെ അക്ഷരാർഥത്തിൽ അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിട്ടു. ഓരോ ദുരന്തം സംഭവിക്കുമ്പോഴും കൈ നിറയെ വാഗ്ദാനങ്ങളുമായി അതത് കാലഘട്ടത്തിലെ ഭരണകൂടം രംഗത്ത് എത്താറുണ്ടെങ്കിലും സമൂഹത്തിൽ മാന്യമായി ജീവിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിൽ ഇന്നേവരെ വിജയം കണ്ടെത്തിയിട്ടില്ല. ദുരിതങ്ങൾക്ക് ആക്കം കൂട്ടുവാനെന്നോണം തീരങ്ങൾ പ്രകടമായ രീതിയിൽ ശോഷിക്കാൻ കാരണമായത് നിശ്ചയമായും വിഴിഞ്ഞത്തെ വാണിജ്യതുറമുഖ നിർമാണമാണ്. വിപുലമായൊരു പഠനത്തിന് സാധ്യതകളേറെ ഉണ്ടെങ്കിലും അതൊന്നും വേണ്ടരീതിയിൽ പൂർത്തിയാക്കാൻ ഭരണകൂടത്തിന് കഴിഞ്ഞിട്ടില്ല. കൃത്യമായി 366 കുടുംബങ്ങൾ ഈ പ്രദേശത്ത് നിന്ന് ഒഴിക്കപ്പെട്ട് ഒട്ടും വാസയോഗ്യമല്ലാത്ത ഗോഡൗണുകളിൽ ജീവിതം തള്ളി നീക്കുന്നു. ഇവരെ സഹായിക്കാൻ അതിരൂപത എന്തുചെയ്തുവെന്ന ചോദ്യം ചില കേന്ദ്രങ്ങളിൽനിന്നും ഉയർന്നുവരുന്നുണ്ട്. ക്യാമ്പുകളിൽ കഴിയുന്ന കുടുംബങ്ങളുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിന് ആവുന്നത്ര സഹായം ചെയ്തു. സർക്കാരിന്റെ ഭവനപദ്ധതികൾക്കായി സ്ഥലം നല്കാൻ സന്നദ്ധത അറിയിച്ചു. ഇക്കാര്യങ്ങളിലൊന്നും സർക്കാർ വേണ്ടത്ര ശ്രദ്ധ നല്കുന്നില്ല. ചുരുക്കത്തിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ ക്ഷേമത്തിനായി സർക്കാർ പ്രഖ്യാപിച്ച വാഗ്ദാനങ്ങളെല്ലാം ജലരേഖകളായി മാറുന്ന കാഴ്ചയാണ് ഈ കാലമത്രയും നാം കണ്ടത്.

■ **ഇന്ന് വിഴിഞ്ഞം തുറമുഖ പദ്ധതിക്കെതിരെ നടക്കുന്ന സമരത്തോടു ഭരണകൂടം കാട്ടുന്ന നിസ്സംഗതയ്ക്കും അലംഭാവത്തിനും കാരണമെന്താണ്? പ്രശ്നപരിഹാരങ്ങൾ ഉണ്ടാകാത്തതിന്റെ അടിസ്ഥാനമെന്താണ്?**

വിഴിഞ്ഞം വാണിജ്യതുറമുഖ നിർമാണത്തിനെതിരെയുള്ള സമരം ആരംഭിച്ചിട്ട് ഏകദേശം രണ്ട് മാസത്തിലധികമായി. ഇത്രയും ദീർഘമായൊരു സമരകാലം ഉണ്ടായതിന്റെ പശ്ചാത്തലത്തിൽ ഈ ചോദ്യത്തിന് ഏറെ പ്രസക്തിയുണ്ട്. വികസനം എന്ന പുകമറ സൃഷ്ടിച്ചുകൊണ്ടാണ് ഭരണകൂടം ഈ പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുന്നത്. യാഥാർഥ്യബോധത്തോടെ ഈ വിഷയത്തിൽ ഒരു സമീപനം ഭരണകൂടമോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ സ്വീകരിക്കാൻ ശ്രമിക്കുന്നില്ല എന്നതാണ് വസ്തുത. ഇതുമായി ബന്ധപ്പെട്ട് നടത്തിയ പഠനങ്ങളൊന്നുംതന്നെ സാങ്കേതികമായി പൂർണവുമല്ല. ഈ പറഞ്ഞ കാര്യങ്ങളെല്ലാം താത്വി

www.malankaralibrary.com

കമായി നിലകൊള്ളുമ്പോഴും ഈ പ്രശ്നത്തിന് പിന്നിൽ പ്രായോഗികമായ ഗൂഢാലോചനയുടെ ഒരു തലമുണ്ട്. ലോകത്തെതന്നെ രണ്ടാമത്തെ സമ്പന്നനായ അദാനി ബഹുരാഷ്ട്ര വ്യവസായ സംരംഭങ്ങളിലൂടെ വീണ്ടും കുതിച്ചുയരാൻ നടത്തുന്ന ശ്രമങ്ങളുടെ ഭാഗമായി വേണം ഈ നിർമാണത്തെ നോക്കി കാണാൻ. അതിന് ഒത്താശ ചെയ്തുകൊടുക്കുന്ന കേന്ദ്ര-സംസ്ഥാന ഭരണകൂടങ്ങളും മുതലാളിത്ത സംവിധാനങ്ങളും പ്രശ്നപരിഹാരത്തിന് വിലങ്ങുതടിയായി നില്ക്കുന്നു. നിർമാണത്തിന്റെ പ്രാഥമിക ഉടമ്പടിയുമായി ബന്ധപ്പെട്ട് വാഗ്ദാനം ചെയ്ത നടപടികളൊന്നുംതന്നെ നിർമാണം തുടങ്ങി 7 വർഷം കഴിഞ്ഞിട്ടും ബന്ധപ്പെട്ട അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. പകരം നിലനില്പിനായി സമരം ചെയ്യുന്ന മത്സ്യമേഖലയിലെ തൊഴിലാളികളുടെ സമരത്തെ വികസനവിരുദ്ധം എന്ന് മുദ്രകുത്താനാണ് ഇപ്പോഴും ബന്ധപ്പെട്ടവർ ശ്രമിക്കുന്നത്. അതോടൊപ്പം സമരം ചെയ്യുന്നവരുടെ മനോവീര്യം തകർക്കാൻ സമരക്കാർ തദ്ദേശീയർ അല്ലെന്ന പ്രകോപനപരമായ വാദവും അധികാരികൾ ഉപയോഗിക്കുന്നു. സമരം ചെയ്യുന്ന തീരദേശ ജനത്തിന്റെ ആവശ്യങ്ങൾ അനുഭാവപൂർവം പരിഗണിക്കുന്നുവെന്ന് വ്യാജപ്രചാരണം അഴിച്ചുവിട്ടുകൊണ്ട് സാധാരണ മത്സ്യത്തൊഴിലാളികളെ തമ്മിലടിപ്പിക്കാനും ഇവർ ശ്രമിക്കുന്നു. ഇവയെല്ലാമാണ് പ്രശ്ന പരിഹാരത്തിന് തടസ്സങ്ങളായി നിലകൊള്ളുന്നത്.

### ■ മത്സ്യമേഖലയിൽ വിഭാഗീയ ചിന്തകൾ ഇല്ലാതെ ഇതരസമുദായങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്താൻ 33 വർഷത്തെ അജപാലനശുശ്രൂഷയിലൂടെ എന്തൊക്കെ അങ്ങേയ്ക്ക് ചെയ്യാനായിട്ടുണ്ട്? അതിന്റെ ഫലങ്ങൾ എന്താണ്?

1937-ൽ തിരുവനന്തപുരം രൂപത സ്ഥാപിതമായതുമുതൽ ഈ നാളുകളത്രയും ഒരു സാമൂഹിക വീക്ഷണം മുൻനിർത്തി പ്രവർത്തിക്കുകയായിരുന്നു. വിവിധ സഭാവിഭാഗത്തിൽപ്പെട്ടവരെയും മറ്റു സമുദായത്തിൽപ്പെട്ടവരെയും ഒരുമിച്ച് ചേർത്തുകൊണ്ട് സാമൂഹിക വിഷയങ്ങളിൽ പൊതുവായതും സ്വീകാര്യവുമായ തീരുമാനങ്ങൾ എടുക്കുന്നതിൽ ഈ രൂപത കാലാകാലങ്ങളിൽ നേതൃത്വം നല്കി വരികയാണ്. തിരുവനന്തപുരം ജില്ലയിലെ തീരദേശത്ത് ഒരു കാലഘട്ടത്തിൽ ഉയർന്നുവന്ന വലിയൊരു സാമൂഹിക വിപത്തായി മാറിയ വ്യാജ മദ്യവാറ്റ് (ചാരായം) നിർമാണം നിർത്തലാക്കാൻ രൂപത മുൻകൈയെടുക്കുകയും ഒരു ശാശ്വത പരിഹാരത്തിനായി ഇതര വിഭാഗങ്ങളിൽപ്പെട്ട സമുദായ സംഘടനകളുമായി കൂട്ടായി പ്രയത്നിക്കുകയും ചെയ്തു. കൂടാതെ, ഈ പ്രദേശങ്ങളിൽ ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരുന്ന മത സൗഹാർദ്ദത്തിനെതിരായുള്ള പ്രവണതകളെ പരിഹരിക്കാൻ ബന്ധപ്പെട്ട സമുദായ നേതാക്കളും ഇതരമത-സാംസ്കാരിക നേതാക്കളുമായി ചേർന്ന് രൂപത ശാന്തിസമിതിക്ക് രൂപം കൊടുത്ത ചരിത്രവും സഭയ്ക്കുണ്ട്. ഏറെ പ്രത്യേകിച്ച്, ഇന്ന് അതിരൂപത നേതൃത്വം നല്കി വരുന്ന വിഴിഞ്ഞം വാണിജ്യ തുറമുഖ നിർമാണത്തിനെതിരെയുള്ള സമരത്തിനും വിവിധ മത-സമുദായ-വിഭാഗങ്ങളുടെ അകമഴിഞ്ഞ സഹകരണം ലഭിക്കുന്നുണ്ട്. ഇതിൽ നിന്നെല്ലാം മനസ്സിലാക്കേണ്ടത് വിഭാഗീയതയ്ക്ക് അതീതമായി ചിന്തിക്കാനും പൊതുവായ സാമൂഹിക പ്രശ്നങ്ങളിൽ എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തികൊണ്ട് മുന്നോട്ടുപോകാനുമുള്ള ഒരു കാഴ്ച്ചപാടാണ് എന്റെ മുൻഗാമികളായ സഭാപിതാക്കന്മാരെപ്പോലെ ഞാനും കാത്തു സൂക്ഷിക്കുന്നത് എന്നാണ്.

### ■ പിതാവിന്റെ അജപാലനജീവിതത്തെയും ജീവിതരേഖയെയും ഒന്ന് സംഗ്രഹിക്കാമോ?

എന്റെ അജപാലന ജീവിതത്തെയും ജീവിതരേഖയെയും രണ്ടു വാക്കുകളിൽ സംഗ്രഹിക്കുകയാണ്. ആർച്ച്ബിഷപ് എന്ന പുതിയ ദൗത്യവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിരിക്കുന്ന ലക്ഷ്യവും ഈ രണ്ട് കാര്യങ്ങളിൽ അടങ്ങിയിരിക്കുന്നു: ഒന്ന്, സുവിശേഷം പ്രഘോഷിക്കുക (To Proclaim the Good News); രണ്ട്, സ്നേഹത്തിലും സേവനത്തിലും ഒരുമിച്ച് യാത്ര ചെയ്യുക (Journeying Together in Love and Service). ആദ്യത്തേതിന്റെ പിൻബലം ലൂക്കാ സുവിശേഷത്തിലെ യേശുവിന്റെ സിനഗോഗ് പ്രസംഗമാണ് (ലൂക്കാ 4:18-19). രണ്ടാമത്തേതിന്റെ പശ്ചാത്തലം 16-ാം സാധാരണ സിനഡിന്റെ വിഷയമായ 'സിനഡാത്മക സഭ' യാണ്. സഭയുടെ ലക്ഷ്യം സുവിശേഷ പ്രഘോഷണംതന്നെയാണ്. ഈ കാലഘട്ടത്തിൽ ഇതിന് പ്രസക്തി ഏറുകയും ചെയ്യുന്നു. സദ്വാർത്തയുടെ പ്രഘോഷണത്തിന് യേശു സ്വീകരിച്ച സമീപനം സ്നേഹവും സേവനവുമായിരുന്നു. യാതൊരു വിവേചനവും ഉൾക്കൊള്ളാത്തതാണ് ഈ സമീപനം. അതുതന്നെയാകട്ടെ അജപാലനശുശ്രൂഷയിലെ എന്റെ സമീപനമെന്നും ഞാൻ ആഗ്രഹിക്കുന്നു. ■

www.malankaralibrary.com

# അയാൾ നോവലെഴുതുകയാണ്...!

ജോസ് ക്ലെമന്റ്
jacychathiath@gmail.com

ശതാഭിഷിക്തന്റെ നിറവുമായി 87-ന്റെ വീഥിയിലായിരിക്കുന്ന നാടക-നോവൽ-കഥാകൃത്ത് എ.കെ. പുതുശ്ശേരിയുടെ 91-ാമത് ഗ്രന്ഥം പുറത്തിറങ്ങുമ്പോൾ പ്രായത്തെ തോൽപ്പിച്ചുകൊണ്ട് ഈ അക്ഷരസ്നേഹി നോവൽ രചനയിലാണ്. ചരിത്രവഴികളിലൂടെ സഞ്ചരിച്ച് കുസൃതികളും കുണ്ടാമണ്ടികളും അക്ഷരങ്ങളാക്കുന്ന ഈ വിഖ്യാത നാടകരചയിതാവിന്റെ അക്ഷരവഴികളിലേക്കൊരു യാത്ര.

ഉപനിഷത്തുകളും സുഭാഷിതങ്ങളും പ്രഭാഷകഗ്രന്ഥവും ഇന്നും മുടക്കമില്ലാതെ വായിച്ചുകൊണ്ട് അറിഞ്ഞതും ഹൃദിസ്ഥമാക്കിയതുമായ കാര്യങ്ങൾ വീണ്ടും പോളീഷ് ചെയ്തുകൊണ്ടിരിക്കുന്ന അക്ഷരങ്ങളുടെ ഒരു സഹയാത്രികനാണ് കുഞ്ഞാഗസ്തിയെന്ന എ.കെ. പുതുശ്ശേരി. ദാരിദ്ര്യത്തിന്റെ അവസാനമട്ടുവരെ ഊറ്റിക്കുടിച്ച ഈ എഴുത്തുകാരന്റെ എഴുത്തുവഴിയിൽ ജീവിതയാഥാർഥ്യങ്ങളുടെ പൊള്ളുന്ന കനൽവെട്ടങ്ങൾ കണ്ടെത്താനാവും. തന്റെ 86-ാമത്തെ ഗ്രന്ഥമായ 'കുഞ്ഞാഗസ്തിയുടെ കുസൃതികളി'ലും 91-ാമത്തെ ഗ്രന്ഥമായ 'കുഞ്ഞാഗസ്തിയുടെ കുണ്ടാമണ്ടികളി'ലും തെളിഞ്ഞുനിൽക്കുന്നത് ഈ ജീവിതകാഴ്ചകളാണ്. കൃതഹസ്തനായ ഈ എഴുത്തുകാരന്റെ 90-ാമത് കൃതിയാണ് 'അന്വേഷിച്ചു കണ്ടെത്തിയോ?' എന്ന ഹൃദയഹാരിയായ നോവൽ.

## രചനയുടെ വിശപ്പ്

കുഞ്ഞാഗസ്തിയുടെ രചന പിറവികൊള്ളുന്നത് സ്വന്തം വിശപ്പിൽനിന്നുമാണ്. ഒരു 8 വയസ്സുകാരൻ ബാലൻ തന്റെ അസഹനീയമായ വിശപ്പിന് ശമനം വരുത്താനായി മോഷ്ടിച്ചു കഴിച്ച ഒരു പൊതിച്ചോറിൽനിന്നുമാണ് ആദ്യരചനയുടെ വിത്ത് കിളിർക്കുന്നത്. അതുകൊണ്ടുതന്നെ പ്രഥമ കഥയുടെ ശീർഷകവും മറ്റൊന്നായിരുന്നില്ല, 'വിശപ്പ്' എന്നായിരുന്നു. എറണാകുളം സെന്റ് അഗസ്റ്റിൻ സ്കൂളിൽ മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന കാലത്ത് കുഞ്ഞാഗസ്തി സതീർഥ്യന്റെ ചോറുപൊതി മോഷ്ടിച്ച് വിശപ്പടക്കി സംതൃപ്തനായി. ഉച്ചയൂണിന്റെ സമയത്ത് യഥാർഥ അവകാശി ചോറുപൊതി അന്വേഷിച്ചപ്പോൾ കാണാതെ വന്നതിനെത്തുടർന്ന് പ്രധാനാധ്യാപകന്റെ പക്കൽ പരാതിയെത്തി. ക്ലാസ്സിൽ അല്ലറചില്ലറ പെൻസിൽ മോഷണമൊക്കെ നടത്തിയിരുന്ന ഒരു കുസൃതിയെ അധ്യാപകൻ ശിക്ഷിക്കാനൊരുങ്ങുമ്പോൾ യഥാർഥ പ്രതി കോടതിസമക്ഷം കീഴടങ്ങുന്നതുപോലെ അധ്യാപകനു മുന്നിൽ കീഴടങ്ങി. അതു കുഞ്ഞാഗസ്തിയായിരുന്നു. കാരണം തിരക്കിയപ്പോൾ തന്റെ വീട്ടിലെ പട്ടിണിയും വിശപ്പിന്റെ വിളിയും മാഷിനോട് കുഞ്ഞാഗസ്തി വെളിപ്പെടുത്തി. ചോറ് നഷ്ടപ്പെട്ട കുട്ടിക്ക് പ്രധാനാധ്യാപകൻ ഊണുവാങ്ങിക്കൊടുത്തും കുഞ്ഞാഗസ്തിയെ ഉപദേശിച്ചും പ്രശ്നം പരിഹരിച്ചു. ജീവിതത്തിലെ ആദ്യത്തേതും അവസാനത്തേതുമായ ഈ 'മോഷണം' കുഞ്ഞാഗസ്തിയിൽ നീറ്റലുളവാക്കിക്കൊണ്ടിരുന്നു. എട്ടാം ക്ലാസ്സിലെത്തിയപ്പോൾ വിശപ്പിൽനിന്നും ഗർഭംധരിച്ച ഈ കഥാതന്തു അക്ഷരങ്ങളായി ജന്മംകൊണ്ട

www.malankaralibrary.com



പ്പോൾ കുഞ്ഞാഗസ്തിക്ക് അതിന് ശീർഷകം നൽകാൻ മറ്റൊന്നും ചിന്തിക്കേണ്ടിവന്നില്ല. ആ കഥയ്ക്ക് 'വിശപ്പ്' എന്നു പേരിട്ടു. 'നവജീവൻ' പത്രത്തിലാണ് ഈ കഥ അച്ചടിച്ചു പുറത്തുവന്നത്.

## അഞ്ചുരൂപയുടെ പ്രചോദനം

വിശപ്പെന്ന കഥ നവജീവൻ പത്രാധിപർക്കിഷ്ടമായതിനാൽ അഞ്ചുരൂപ പാരിതോഷികമായി കുഞ്ഞാഗസ്തിക്കു നൽകി. ഈ ആദ്യപ്രതിഫലത്തിന്റെ പ്രചോദനത്തിൽ നിന്നുമാണ് കുഞ്ഞാഗസ്തിയുടെ രചനകളുടെ നീരൊഴുക്കുണ്ടാകുന്നത്. 10-ാം തരത്തിൽ പഠിക്കുമ്പോൾ 1955-ൽ ആദ്യ നാടകം 'ഭാരമുള്ള കുരിശ്' പ്രസിദ്ധീകൃതമായി. കാലം കരുതിവച്ച ഒരു നാടകകൃത്തിന്റെ ഉദയമായിരുന്നതെന്ന് അന്നാരും കരുതിയിരുന്നില്ല. 25 ഓളം ബൈബിൾ നാടകങ്ങളും 22 പുരാണ ബാലെകളും 10 ബൈബിൾ ബാലെകളും ഈ നാടകരചയിതാവിൽ നിന്നും കാലാന്തരത്തിൽ പിറവിയെടുത്തു. കേരളകത്തോലിക്കാ മെത്രാൻസമിതി (KCBC) യുടെ മാധ്യമ കമ്മീഷൻ ആദ്യമായി ഏർപ്പെടുത്തിയ പ്രൊഫഷണൽ നാടകമേളയിലെ അവാർഡ് സ്വന്തമാക്കിയത് കുഞ്ഞാഗസ്തിയിൽനിന്നും എ.കെ. പുതുശ്ശേരിയിലെത്തിയ ഇദ്ദേഹത്തിന്റെ 'കാനായിലെ കല്യാണ'മായിരുന്നു. വചനം, തിരുവചനം, യഹോവയുടെ മുന്തിരിത്തോപ്പുകൾ തുടങ്ങിയ നാടകങ്ങളും പിന്നീട് കെ.സി.ബി.സി. നാടകമേളയിൽ അവാർഡുകൾ കരസ്ഥമാക്കി. അഞ്ഞൂറിലധികം സ്റ്റേജുകൾ പിന്നിട്ട നാടകമാണ് എ.കെ. പുതുശ്ശേരിയുടെ 'വാഗ്ദത്തഭൂമി.' മറിയം മഗ്ദലേന, ബാബേൽ ഗോപുരം, ഹക്കൽദാമ, സോദോം ഗോമോറ, അത്തിപ്പഴത്തിന്റെ നാട്ടിൽ, സമരഗാഥ, തിരിച്ചുവരവ്, നിഷ്കളങ്കന്റെ രക്തം, ഇവനെന്റെ പ്രിയപുത്രൻ, മുപ്പതുവെള്ളിക്കാശ്, ഗലയാദിലെ തീക്കാറ്റ്, ബത്തൂലിയായിലെ സിംഹം, നാലാം നാൾ എന്നീ ബൈബിൾ നാടകങ്ങൾക്കുപുറമേ പൊന്നിൻകുടത്തിനു പൊട്ടുവേണ്ട, കള്ളൻ നീയോ, വിഡ്ഢികൾ സ്വർഗത്തിൽ, ഭാരമുള്ള കുരിശ്, മോഹം, ഭംഗം, ദാഹിക്കുന്ന പാനപാത്രം, യുദ്ധഭൂമി, ഭ്രാന്തന്മാരുടെ പറുദീസ, യാഗം എന്നീ സാമൂഹ്യ നാടകങ്ങളും ഇരുട്ടറ എന്ന ഡിക്ടറ്റീവ് നാടകവും ഇദ്ദേഹത്തിന്റേതായി പുറത്തുവന്നിട്ടുണ്ട്. ഒട്ടേറെ ഏകാങ്കനാടകങ്ങളും ഈ തൂലികയിൽനിന്നും മഷിപുരണ്ടെത്തിയിട്ടുണ്ട്. കേരളത്തിലെ മത്സരവേദികളിൽ ഒട്ടേറെ സമ്മാനങ്ങൾ നേടിയിട്ടുള്ളതാണ് ഇവയിൽ പലതും.

## നാടകത്തിൽനിന്നും ബാലെയിലേക്ക്

എ.കെ. പുതുശ്ശേരി ബൈബിൾ നാടകങ്ങളുടെ തമ്പുരാനായാണറിയപ്പെടുന്നതെങ്കിലും പുരാണങ്ങളെ ആസ്പദമാക്കി ബാലെകളും ഇദ്ദേഹത്തിന്റെ കരങ്ങളിൽ ഭദ്രമായിരുന്നു. സാധാരണ ബാലെയിൽനിന്നും വിഭിന്നമായി ഒരു പുതുശ്ശേരി ടച്ച് നൽകി സംഭാഷണങ്ങൾ കൂട്ടിച്ചേർത്ത് സംഗീതനാടകത്തിന്റെ രൂപത്തിലാണ് ഇദ്ദേഹം ബാലെകൾ രചിച്ചത്. 1972-ലാണ് പുരാണത്തിലെ ഒരു പ്രസിദ്ധകഥയെ അവലംബമാക്കി 'ഉർവശി' എന്ന ബാലെ രചിച്ചത്. ഓപ്പറേ അവതരണത്തിൽ ഏറ്റവും വലിയ മാറ്റത്തിനു തുടക്കം കുറിച്ചത് 'ഉർവശി' യിലൂടെയാണ്. ഇടപ്പള്ളി അശോക്രാജ് ആന്റ് പാർട്ടി ഇപ്പോഴും ഈ ബാലെ രംഗത്തെത്തിക്കുന്നുണ്ട്. തുടർന്ന് രചന നിർവഹിച്ച ബാലെകളാണ് മായാമാധവം, സുകന്യ, സതിമാഹാത്മ്യം, അഗ്നിപഞ്ചകം, ഭീഷ്മർ, ബ്രഹ്മകാണ്ഡം, ചന്ദ്രകാന്തം, കുരുക്ഷേത്രത്തിലെ കനകദീപം, ശൂർപ്പാരകം, പരശുരാമൻ, മണ്ഡോദരി, ഏട്ടോൽക്കചൻ, ദക്ഷയാഗം, അഭിമന്യു, കചദേവയാനി തുടങ്ങിയവ.

www.malankaralibrary.com

ബൈബിൾ കഥാപാത്രങ്ങളെ ഇതിവൃത്തമാക്കി രചിച്ച ബാലെകളാണ് ജോബ്, തോബിയാസ്, സോളമന്റെ നീതി, മുടിയനായ പുത്രൻ, ജോസഫിന്റെ സ്വപ്നം തുടങ്ങിയവ. നാടക-ബാലെ രചനകളിൽ മാത്രം അഭിരമിക്കാതെ കഥാപ്രസംഗം, നോവൽ തുടങ്ങിയ മേഖലകളിലേക്കും തന്റെ കൈയൊപ്പു പതിപ്പിക്കാൻ എ.കെ. പുതുശ്ശേരി ശ്രദ്ധിച്ചു. സൂസന്ന, അൽഫോൻസാമ്മ, മഗ്ദലേന തുടങ്ങിയ വിഖ്യാത കഥാപ്രസംഗങ്ങൾ ഇദ്ദേഹത്തിന്റെ സൃഷ്ടികളാണ്. ഒരു കാലഘട്ടത്തിൽ ചിത്രകൗമുദി, കേരളടൈംസിന്റെ ഞായറാഴ്ചപതിപ്പായിരുന്ന സത്യനാദം, സത്യദീപം എന്നീ വാരികകൾക്കുവേണ്ടി സ്ഥിരമായി നോവൽ രചന നടത്തിയിരുന്നത് എ.കെ.യായിരുന്നു. മനസ്സുതേടുന്നവർ, കടലിന്റെ ദാഹം, അഭയം അകലെ, ചിലമ്പൊലി, പുലരിതേടുന്ന സന്ധ്യ, തീരം തേടുന്ന തിര, മുഗ്ധ, അകന്നുപോയ വസന്തം, വീശാത്ത കൊടുങ്കാറ്റ്, വൈമേയം, അന്വേഷണം, ഭൂമിയുടെ ഉപ്പ്, ഒരു കാടപക്ഷിയുടെ കഥ എന്നീ നോവലുകൾ വായനക്കാരുടെ മുക്തകണ്ഠ പ്രശംസ നേടിയ രചനകളായിരുന്നു. മദ്രാസിലെ മോൻ എന്ന ഡിക്റ്ററ്റീവ് നോവലിന്റെ രചയിതാവും എ.കെ. ആയിരുന്നു.

ബാലനായിരിക്കെ കഥാബീജത്തെ മനസ്സിൽകൊണ്ടുനടക്കുകയും അവയ്ക്ക് വളവും വെള്ളവുമിട്ട് പോഷിപ്പിക്കുകയും ചെയ്തതുകൊണ്ടാവാം ബാലസാഹിത്യകൃതികളിലും ഇദ്ദേഹം തന്റെ പ്രതിഭാവിലാസം പ്രദർശിപ്പിച്ചത്. കടുവയും കിടുവയും, ആറ് അനശ്വരകഥകൾ, നീതിയുടെ തുലാസ്, പൂമ്പാറ്റകളുടെ സങ്കീർത്തനം, അമ്പിളിഅമ്മാവൻ, റോയിമോൻ, അഗ്നിച്ചിറകുള്ള പക്ഷി, കൂടില്ലാത്ത കുഞ്ഞാട്, മുത്തശ്ശിക്കഥകൾ, മുത്തശ്ശിക്കഥ തുടരുന്നു, മിണ്ടാപ്രാണികളുടെ സങ്കീർത്തനം തുടങ്ങിയവ പുതുശ്ശേരി മാഷിന്റെ ബാലസാഹിത്യ കൃതികളാണ്.

## വെള്ളിത്തിരയിലെ പുതുശ്ശേരികഥ

പൂമ്പാറ്റകളുടെ സങ്കീർത്തനം എന്ന ബാലസാഹിത്യകൃതിയാണ് എ.കെ. പുതുശ്ശേരിയെ വെള്ളിത്തിരയിലെത്തിച്ചത്. അദ്ദേഹംതന്നെ രചനയും തിരക്കഥയും സംഭാഷണവുമൊരുക്കിയ ചലച്ചിത്രമായിരുന്നു 2002-ൽ പ്രദർശനത്തിനെത്തിയ കൃഷ്ണപക്ഷക്കിളികൾ. കൃഷ്ണപക്ഷക്കിളികൾ സംസ്ഥാന അവാർഡുവരെ കരസ്ഥമാക്കി. ചന്തിരൻകുട്ടി വരും, ഗുൽമാൽ, ദൈവത്തിന്റെ സന്തതികൾ, കൊച്ചുണ്ണിയുടെ സ്വപ്നം, ചിന്താവിഷ്ടനായ കണാരൻ എന്നീ ടെലിഫിലിമുകൾക്ക് കഥയും തിരക്കഥയും സംഭാഷണവും രചിച്ചത് എ.കെ. പുതുശ്ശേരിയാണ്. മിനിസ്ക്രീനിൽ പ്രേക്ഷകർ ഏറ്റെടുത്ത ഈ സീരിയലുകൾ ഏഷ്യാനെറ്റ്, കൈരളി, സൂര്യാ എന്നീ ചാനലുകൾ സംപ്രേഷണം ചെയ്തവയാണ്.

## അന്യഭാഷയിലേക്കും കുടിയേറ്റം

നീതിയുടെ തുലാസെന്ന ബാലസാഹിത്യകൃതിയുടെ നാലുപതിപ്പുകൾ പ്രസിദ്ധീകരിച്ചതോടൊപ്പം ഹിന്ദിയിലേക്ക് 'ന്യായകാ തരാജു' എന്ന പേരിലും 'ബാലൻസ് ഓഫ് ജസ്റ്റിസ്' എന്ന പേരിൽ ആംഗലേയ ഭാഷയിലേക്കും ഒഡിയ ഭാഷയിലേക്കും മൊഴിമാറ്റം നടത്തിയിട്ടുമുണ്ട്. ബൈബിളിലില്ലാത്ത ബൈബിൾ കഥയെന്ന ബാലസാഹിത്യകൃതിയും ഒഡിയ ഭാഷയിൽ മൊഴിമാറ്റം നടത്തിയിട്ടുണ്ട്.

'ആർട്ടിസ്റ്റ് പി.ജെ. ചെറിയാൻ നാടക ലോകത്തെ ധ്രുവനക്ഷത്രം' എന്നപേരിൽ കേരള സംഗീത നാടക അക്കാദമി പ്രസിദ്ധീകരിച്ച ജീവചരിത്രഗ്രന്ഥത്തിന്റെ രചയിതാവും പുതുശ്ശേരി മാഷായിരുന്നു. ആകാശവാണിയുടെ വിവിധ നിലയങ്ങളിൽനിന്നും നിരവധി കഥ, കവിത, ലേഖനം, നാടകം എന്നിവ ഇദ്ദേഹത്തിന്റേതായി പ്രക്ഷേപണം ചെയ്തിട്ടുണ്ട്. നലം തികഞ്ഞൊരു നാടക-ഭക്തിഗാന രചയിതാവുകൂടിയാണ് ഈ സർഗപ്രതിഭ. ബേണി ഇഗ്നേഷ്യസ് സംഗീത സംവിധാനം നിർവഹിച്ച് പത്മശ്രീ ഡോ. കെ.ജെ. യേശുദാസ് ആലപിച്ച 'ഈ ഭൂമിയിലെന്നെ നീ ഇത്രമേൽ സ്നേഹിപ്പാൻ' എന്ന ഹിറ്റ് ഗാനത്തിന്റെ രചയിതാവും എ.കെ.യായിരുന്നു. 22 ഭക്തിഗാനങ്ങളും 22 ലളിതഗാനങ്ങളും ഇദ്ദേഹത്തിന്റെ തൂലികയിൽനിന്നും ഒഴുകിയിറങ്ങിയിട്ടുണ്ട്.

## അംഗീകാരങ്ങൾ

സാഹിത്യരംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള ജേസി ഫൗണ്ടേഷൻ അവാർഡ്, കുടുംബദീപം സാഹിത്യഅവാർഡ്, അഖിലകേരള കത്തോലിക്കാ കോൺഗ്രസ്, കെ.സി.ബി.സി. സാഹിത്യ അവാർഡുകൾ, പറവൂർ ജോർജ് മെമ്മോറിയൽ അവാർഡ്, ആർട്ടിസ്റ്റ് പി.ജെ. ചെറിയാൻ സ്മാരക അവാർഡ്, ചേതനാ അവാർഡ്, വി.എസ്. ആൻഡ്രൂസ് സ്മാരക അവാർഡ്, വാർത്താവാരിക സാഹിത്യ അവാർഡ്, കേരള സംഗീത നാടക അക്കാദമിയുടെ ഗുരുപൂജ പുരസ്കാരം, കേന്ദ്രസർക്കാരിന്റെ സാംസ്കാരിക

www.malankaralibrary.com



*എ.കെ. പുതുശ്ശേരിയും ഭാര്യ ഫിലോമിനയും*

വകുപ്പിന്റെ സീനിയർ ഫെല്ലോഷിപ്പ് എന്നിവ എ.കെ. പുതുശ്ശേരിയെ തേടിയെത്തിയിട്ടുണ്ട്. സാഹിത്യത്തിലെ സമഗ്രസംഭാവനയ്ക്കുള്ള കേരളസാഹിത്യ മണ്ഡലത്തിന്റെ 2015-ലെ അവാർഡും ഇദ്ദേഹത്തിനായിരുന്നു.

## കടല, കപ്പലണ്ടി, പാട്ടുപുസ്തകം, പത്രവിതരണം

സമൂഹം അറിയപ്പെടുന്ന, അംഗീകരിക്കപ്പെടുന്ന സാഹിത്യനായകനായിക്കഴിഞ്ഞാൽ ഇന്നലെകളെ മറന്ന് ഇന്നിന്റെ അംഗീകാര-താരതിളക്കത്തിൽ വിളങ്ങുന്ന പ്രതിഭകൾക്ക് ഒരു അപവാദമാണ് എ.കെ. പുതുശ്ശേരി. അംഗീകാരങ്ങളുടെയും കീർത്തിയുടെയും നെറുകയിൽ വിരാജിക്കുമ്പോഴും കടന്നുവന്ന വഴികളെ അഭിമാനപൂർവം പങ്കുവയ്ക്കാനും അതു തുറന്നെഴുതാനും ഹൃദയതുറവുകാട്ടുന്ന സാഹിത്യ നായകനാണ് രചനാവഴിയിലെ സൗകുമാര്യനായ ഈ കുറിയ മനുഷ്യൻ.

വിശപ്പടക്കാൻ പൊതിച്ചോറ് മോഷ്ടിച്ചതു മാത്രമല്ല, ദാരിദ്ര്യത്തിന്റെ താഴ്‌വാരങ്ങളിൽനിന്ന് നിലനിൽപ്പിന്റെ സമതലത്തെത്തിച്ചേരാൻ തന്റെ ബാല്യ-കൗമാര-യൗവ്വനകാലങ്ങൾ ക്ലേശപൂർണമായ വഴികളിലൂടെ സഞ്ചരിക്കേണ്ടതായി വന്നിട്ടുള്ള ഈ ഗ്രന്ഥകാരന് ആ അനുഭവങ്ങളുടെ പൊള്ളുന്ന യാഥാർഥ്യങ്ങൾ വെളിപ്പെടുത്താനും വിമുഖതയില്ല. പട്ടിണിക്കിടയിലും അറിവും അക്ഷരവും ഹൃദിസ്ഥമാക്കാനുള്ള അദമ്യമായ ആഗ്രഹവും തീക്ഷ്ണതയും നാലരക്ലാസ്സുകാരനായ (പ്രിപ്പറേറ്ററി) കുഞ്ഞാഗസ്തിയെ സിനിമാതിയേറ്ററിൽ കടലയും കപ്പലണ്ടിയും പാട്ടുപുസ്തകവും വില്ക്കാൻ പ്രേരിതനാക്കിയ ഒരു പൂർവകാലവും ഇദ്ദേഹത്തിനുണ്ട്. അതിൽനിന്നു കിട്ടുന്ന കമ്മീഷൻകൊണ്ടാണ് ഫീസ് കൊടുത്തിരുന്നതും പഠനോപകരണങ്ങളും പുസ്തകങ്ങളുമൊക്കെ വാങ്ങിച്ചിരുന്നതും. എറണാകുളത്തെ ഇന്നത്തെ പ്രശസ്ത സിനിമാകൊട്ടകയായ പത്മ തിയേറ്ററിൽ ഏഴാംക്ലാസ്സുവരെ കുഞ്ഞാഗസ്തി ഈ വില്പന തുടർന്നു. എട്ടാം തരംമുതൽ പത്താംതരം വരെ പുലർച്ചെ എഴുന്നേറ്റ് പത്രവിതരണത്തിനു പോയിരുന്നു. അതിൽനിന്നും ലഭിച്ചിരുന്ന വിതരണ കമ്മീഷൻ കുഞ്ഞാഗസ്തിക്കും കുടുംബത്തിനും വലിയൊരാശ്വാസമായിരുന്നു.

## കുഞ്ഞാഗസ്തിയിൽനിന്ന് എ.കെ. പുതുശ്ശേരിയിലേക്ക്

അഗസ്റ്റിൻ നാമധാരിയായ പിതാവിന്റെ മകന് അഗസ്റ്റിൻ എന്നുതന്നെ ജ്ഞാനസ്നാനാവസരത്തിൽ പേര് നിർദേശിച്ചപ്പോൾ കാർമികനായിരുന്ന വൈദികൻ പറഞ്ഞു: "അഗസ്റ്റിന്റെ മകന് അഗസ്റ്റിൻ എന്നുതന്നെ വേണ്ട ഇവന് കുഞ്ഞാഗസ്തിയെന്നിട്ടാൽ മതി" എന്ന്. അങ്ങനെ കൊച്ചാഗസ്തിയെന്ന്

www.malankaralibrary.com

വിളിപ്പേരുള്ള കോരുത് അഗസ്റ്റിന്റെ മകൻ കുഞ്ഞാഗസ്തിയായി. ഈ കുഞ്ഞാഗസ്തിയെന്ന നാമം ഇന്ന് ഇദ്ദേഹത്തിന്റെ അടുപ്പക്കാർക്കിടയിൽമാത്രമേ പ്രചാരത്തിലുള്ളൂ. രചനയുടെ ലോകത്ത് അറിയപ്പെടുന്ന എഴുത്തുകാരനായി വളർന്നുവന്നപ്പോൾ എറണാകുളം എസ്.ആർ.വി. ഹൈസ്കൂൾ മലയാളം പണ്ഡിറ്റായിരുന്ന ഏ.ബി. ആചാര്യമാഷാണ് തൂലികാനാമം കണക്കേ കുഞ്ഞാഗസ്തിയിൽനിന്നും പേരിൽ ഒരുമോചനം നൽകുന്നത്. കുഞ്ഞ് അഗസ്റ്റിൻ എന്ന പേരിന്റെ ആദ്യ ആംഗലേയ അക്ഷരങ്ങൾ ചേർത്തുവച്ചപ്പോൾ K.A. എന്നായത് പണ്ഡിറ്റ് പാണ്ഡിത്യത്തോടെ ചിന്തിച്ചു തിരിച്ചിട്ടു. ഇംഗ്ലീഷ് അക്ഷരമാലയിലെ ആദ്യാക്ഷരംതന്നെ ആദ്യം വരുത്തിക്കൊണ്ട് കുഞ്ഞാഗസ്തിയെ അഗസ്റ്റിൻകുഞ്ഞാക്കി എ.കെ. പുതുശ്ശേരിയെന്ന് നാമകരണം ചെയ്തു. പൊന്നും കുടത്തിന് പൊട്ട് എന്ന കൃതി മുതൽ ഇന്നോളം കുഞ്ഞാഗസ്തി അക്ഷരലോകത്തെ എ.കെ. പുതുശ്ശേരിയായി.

## ജീവിതരേഖ

വൈപ്പിൻകരയിലെ പുരാതന പുതുശ്ശേരി തറവാട്ടിൽ സ്റ്റേജ് നടനും ഗായകനും നാടക സംവിധായകനുമായിരുന്ന കോരുത് അഗസ്റ്റിനെന്ന കൊച്ചാഗസ്തി ആശാന്റെയും വെറോനിക്കയുടെയും മകനായി 1935-ലാണ് കഥാനായകന്റെ ജനനം. എസ്.എസ്.എൽ.സി. പൂർത്തിയാക്കി വിദ്വാൻ പരീക്ഷ പാസ്സായി അധ്യാപകജീവിതം ആരംഭിച്ചു. അക്കാലത്തെ പള്ളിക്കൂടം മാനേജ്മെന്റിന്റെ പ്രവർത്തനങ്ങളിൽ അസംതൃപ്തനായിരുന്ന കുഞ്ഞാഗസ്തി പ്രതിഷേധത്തിന്റെ ഭാഗമായി ജോലി ഉപേക്ഷിച്ചു. തുടർന്ന് കോയമ്പത്തൂരിൽ ഒരു സ്വകാര്യകമ്പനിയിലും പക്ഷിരാജാ സ്റ്റുഡിയോയിലുമായി സേവനമനുഷ്ഠിച്ചു. തിരിച്ച് നാട്ടിലെത്തിയതിനുശേഷമാണ് അമച്വർ നാടക രംഗത്തേക്കു തിരിയുന്നത്. ഇതിനിടയിൽ കൊമേഴ്സിൽ ഡിപ്ലോമ കരസ്ഥമാക്കുകയും ചെയ്തു. നാടകപ്രവർത്തനങ്ങൾക്കൊപ്പം ഒരു സ്വകാര്യസ്ഥാപനത്തിൽ അക്കൗണ്ടന്റായും പ്രവർത്തിക്കാൻ തുടങ്ങി. പകൽ ജോലിയും രാത്രി എഴുത്തും നാടകവുമായി കുഞ്ഞാഗസ്തിയുടെ ജീവിതം നീണ്ടു. 1958 വരെ ഈ ടൈംടേബിൾ തുടർന്നു. 1958-ൽ എസ്.ടി.റെഡ്യാർ &സൺസിൽ ഉദ്യോഗസ്ഥനായി പ്രവേശിച്ചു. എസ്.ടി.ആർ. പ്രസിദ്ധീകരണങ്ങളായ തേനരുവി, എസ്.ടി.ആർ.സചിത്രകഥ എന്നീ ബാലമാസികകളുടെ എഡിറ്ററായി 2019 വരെ അവിടെ കർമനിരതനായി.

1967-ലാണ് കുമ്പളത്ത് കടവത്തുവീട്ടിലെ ഫിലോമിനയെ ജീവിതസഖിയായി സ്വീകരിച്ചത്. സീരിയലുകളിലും സിനിമകളിലും ശ്രദ്ധേയമായ വേഷങ്ങൾ ചെയ്തിട്ടുള്ള ഫിലോമിന പുതുശ്ശേരിയായിരുന്നു സംസ്ഥാന അവാർഡ് ലഭിച്ച കൃഷ്ണപക്ഷകിളികളിലെ പ്രധാന റോൾ. ഈ അക്ഷര-താരദമ്പതികൾക്ക് നാലുമക്കളാണ്. ഹൈദ്രാബാദ് സെൻട്രൽ യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. ജോളി, പ്രവാസിയായ റോയി, ഇന്ത്യൻ നേവി ഉദ്യോഗസ്ഥനായ ബൈജു, അധ്യാപകനായ നവീൻ.

## നോവൽ രചനയിൽ

കുഞ്ഞാഗസ്തിയുടെ ബാല കൗമാരങ്ങളുടെ വഴിയിലെ നൊമ്പരപ്പാടുകളാണ് 'കുഞ്ഞാഗസ്തിയുടെ കുസൃതികൾ.' എ.കെ. പുതുശ്ശേരിയുടെ 86-ാമത്തെ പുസ്തകമായ ഇതിൽ തന്റെ ഒന്നാം ക്ലാസ്സുമുതൽ ഏഴാം ക്ലാസ്സുവരെയുള്ള അനുഭവങ്ങളാണ് അക്ഷരങ്ങളായി നിരന്നിട്ടുള്ളത്. ഇത് ജോർജ് ട്രവലിയൻ വിഭാവനം ചെയ്ത സാമൂഹ്യ ചരിത്രമാണെന്നാണ് ജസ്റ്റിസ് കെ. സുകുമാരൻ അഭിപ്രായപ്പെട്ടിട്ടുള്ളത്. എട്ടാം ക്ലാസ്സുമുതൽ പത്തുവരെയുള്ള പഠനകാലത്തെ ഓർമകളും നൊമ്പരചിത്രങ്ങളുമാണ് ഈ 87-കാരന്റെ 91-ാമത്തെ ഗ്രന്ഥമായി അച്ചടിയിലായിരിക്കുന്ന 'കുഞ്ഞാഗസ്തിയുടെ കുണ്ടാമണ്ടികൾ.' കുസൃതികളിൽ എറണാകുളം നഗരത്തിന്റെ വടക്കുഭാഗ ചരിത്രംകൂടെ രേഖിതമാക്കിയിരുന്നെങ്കിൽ കുണ്ടാമണ്ടികളിൽ തെക്കുഭാഗത്തെ ചരിത്രമാണ് മുദ്രിതമായിരിക്കുന്നത്. വായനാലോകത്തിന് പുതുശ്ശേരി മാഷ് സമ്മാനിച്ച 90-ാമത് പുസ്തകമാണ് 'അന്വേഷിച്ചു കണ്ടെത്തിയോ?'. ഉദ്വേഗജനകവും എന്നാൽ നിർമലവുമായ ഒരു പ്രണയകഥയെ രാഷ്ട്രീയ- സാമൂഹ്യ വിമർശനങ്ങളോടെ രചിച്ചിട്ടുള്ള ഒരു നോവലാണിത്. നവതിവർഷങ്ങളെ മുന്നിൽകണ്ടുകൊണ്ട് എഴുത്തിന്റെയും വായനയുടെയും വഴിയിൽ സജീവമായി ഇന്നും നിലകൊള്ളുന്ന എ.കെ. പുതുശ്ശേരി 25 അധ്യായങ്ങളിലായി യാക്കോബിന്റെ മകൻ പൂർവയൗസേപ്പിന്റെ കഥ നോവലായി രചിച്ചുകൊണ്ടിരിക്കുകയാണ്. പൂർവകാലഘട്ടത്തിന്റെയും ഈ കാലഘട്ടത്തിന്റെയും ഭരണസംവിധാനങ്ങളെ സങ്കലിതമാക്കി സാമൂഹിക പശ്ചാത്തലത്തിന്റെ നിറംനൽകിക്കൊണ്ട് കൊച്ചിയിലെ ശിവരാമമേനോൻ റോഡിലെ പുതുശ്ശേരി മനയിലിരുന്ന് അയാൾ നോവലെഴുതുകയാണിപ്പോൾ! ■

www.malankaralibrary.com

# ഐക്യത്തിന്റെ പാലമൊരുക്കുന്ന കുമ്പഴയുടെ നല്ലച്ചൻ!

ജെസി ചാത്യാത്ത്
*jacychathiath@gmail.com*

**ആധ്യാത്മിക– ഭൗതിക മേഖലകളിൽ ഐക്യത്തിന്റെയും കൂട്ടായ്മയുടെയും പാലമൊരുക്കുന്ന ബഥനി സന്ന്യാസ സമൂഹാംഗമായ ഇഗ്നേഷ്യസ് തങ്ങളത്തിലച്ചൻ നവതിയുടെ പൂർണതയിലും കർമകുശലനായി മുന്നേറുന്നു. ഈ സമർപ്പിതന്റെ സാമൂഹിക പ്രതിബദ്ധത നിറഞ്ഞ ജീവിതക്കാഴ്ചകളിലേക്ക്...**

ആയിരം പൂർണ ചന്ദ്രന്മാരെ ദർശിച്ച് സഫലജീവിതത്തിന്റെ തൊണ്ണൂറിലെത്തി നിൽക്കുമ്പോഴും ഇഗ്നേഷ്യസ് തങ്ങളത്തിലച്ചൻ നന്മയുടെ പാൽനിലാവുപരത്തി അവിശ്രമ പരിശ്രമിയായി ശോഭിക്കുകയാണ്. യുവജനങ്ങളുടെ കൂട്ടുകാരൻ, പ്രവാസികളുടെ ആശ്രിതൻ, നിരാലംബരുടെയും പതിതരുടെയും അത്താണി, തൊഴിലന്വേഷകരുടെ തൊഴിലച്ചൻ, പുനരൈക്യത്തിന്റെ മധ്യസ്ഥൻ എന്നിങ്ങനെ വിശേഷണങ്ങൾ നീളുമ്പോഴും കുമ്പഴയുടെ നല്ലച്ചനെന്ന ബ്രാൻഡഡ് നാമം ഇഗ്നേഷ്യസച്ചനെ മലങ്കര കത്തോലിക്കാസഭയുടെ ഉദയസൂര്യനാക്കി നിലനിർത്തുന്നു.

## യുവജന തോഴൻ

സഭ ദൈവജനമാണെന്ന കാഴ്ചപ്പാടാണ് ഇഗ്നേഷ്യസച്ചനുള്ളത്. സഭയിൽ ഭൂരിഭാഗം വരുന്ന അല്മായരെ ശക്തിപ്പെടുത്തേണ്ടത് സഭയുടെ കെട്ടുറപ്പിനനിവാര്യമാണെന്ന ബോധ്യം അച്ചനുണ്ടായിരുന്നു. അതിന് യുവജനങ്ങളെ ശക്തീകരിക്കുകയാണ് പ്രധാനമെന്ന തിരിച്ചറിവും അച്ചനിൽ രൂഢമൂലമായിരുന്നു. വൈദികരും സമർപ്പിതരുമൊക്കെ ശുശ്രൂഷകരാണെന്ന ബോധ്യം അച്ചന് നന്നായിട്ടുണ്ട്. 1970-ൽ കുമ്പഴ സെന്റ് മേരീസ് മലങ്കര കത്തോലിക്കാപള്ളി വികാരിയായിരിക്കേയാണ് യുവജനങ്ങളെ സംഘടിപ്പിച്ച് സെന്റ് മേരീസ് യംഗ്സ്റ്റേഴ്സ് ഗ്രൂപ്പിന് രൂപം നൽകുന്നത്. മലങ്കര കത്തോലിക്കാ സഭയുടെ വളർച്ചയ്ക്ക് യുവജനങ്ങളുടെ സേവനം അത്യന്താപേക്ഷിതമാണെന്ന് തിരിച്ചറിഞ്ഞ ഇഗ്നേഷ്യസച്ചൻ കെ.സി.എസ്.എൽ. ഡയറക്ടറായിരുന്ന ഫാ. ഡൊമിനിക് സഖറിയായോടൊപ്പം യുവജനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള ശ്രമങ്ങളാരംഭിച്ചു. തിരുവനന്തപുരം, തിരുവല്ല, ബത്തേരി രൂപതകളിൽ വിവിധ പേരുകളിൽ പ്രവർത്തിച്ചിരുന്ന യുവജനപ്രസ്ഥാനങ്ങളെയൊക്കെ ഒരു പൊതുനാമത്തിനു കീഴിൽകൊണ്ടുവരണമെന്ന ഉദ്ദേശ്യത്തോടെ അന്നത്തെ തിരുവനന്തപുരം മലങ്കര രൂപതാധ്യക്ഷനും ഇഗ്നേഷ്യസച്ചന്റെ മൂത്ത സഹോദരനുമായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ അനുഗ്രഹാശീർവാദങ്ങളോടെ 1972-ൽ മലങ്കര കാത്തലിക് യൂത്ത്മൂവ്മെന്റ് (MCYM) രൂപീകരിച്ചു. അങ്ങനെ മലങ്കര രൂപതകളിലെല്ലാം പ്രവർത്തിച്ചിരുന്ന യുവജനപ്രസ്ഥാനങ്ങൾ ഇഗ്നേഷ്യസച്ചന്റെ പരിശ്രമഫലമായി എം.സി.വൈ.എം. എന്ന പൊതുനാമത്തിന്റെ കീഴിലായി. ഈ യുവജന പ്രവർത്തകരെയെല്ലാം ഒരുമിച്ചണിനിരത്തിക്കൊണ്ട് ദൈവദാസൻ മാർ ഈവാനിയോസ് അന്ത്യവിശ്രമം കൊള്ളുന്ന പട്ടം സെന്റ് മേരീസ് കത്തീഡ്രലിലെ കബറിടത്തിലേക്ക് എം.സി.വൈ.എം-ന്റെ നേതൃത്വത്തിൽ റാന്നി- പെരുനാട് നിന്നും 1978-ൽ ഒരു തീർഥാടന പദയാത്രയും സംഘടിപ്പിച്ചു. അത് വർഷന്തോറും ഇന്നും മുടക്കമില്ലാതെ നടന്നുവരുന്നുണ്ട്. തൊണ്ണൂറിലെത്തിയിട്ടും ഇഗ്നേഷ്യസച്ചൻ ഇന്നും യുവജനങ്ങളുടെ തോഴനാണ്.

www.malankaralibrary.com



## സാമൂഹിക ഇടപെടലുകൾ

കുമ്പഴ ഇടവകയിൽ വികാരിയായിരിക്കുമ്പോഴാണ് പത്തനംതിട്ടയുടെ ശോച്യാവസ്ഥയും ദുരിതങ്ങളുമൊക്കെ ഇഗ്നേഷ്യസച്ചൻ പൂർണമായി ഉൾക്കൊള്ളുന്നത്. എല്ലാ ആവശ്യങ്ങൾക്കും കൊല്ലം ജില്ലാ ആസ്ഥാനത്തെ ആശ്രയിക്കേണ്ട അവസ്ഥയായിരുന്നു. 1978-79 കാലഘട്ടത്തിൽ പത്തനംതിട്ട ഒരു ജില്ലയായി ഉയർത്തണമെന്ന ആവശ്യം ശക്തമായി രൂപപ്പെട്ടു. ഇതിനായി പത്തനംതിട്ട എം.എൽ.എ. ആയിരുന്ന കെ.കെ. നായരും മുനിസിപ്പൽ ചെയർപേഴ്സണായിരുന്ന മീരാ സാഹിബും മഹാകവി മാത്തൻ തരകനും നേതൃത്വം നൽകി നടത്തിയ എല്ലാ ഇടപെടലുകളിലും ഇഗ്നേഷ്യസച്ചനും മുന്നിൽനിന്നു പ്രവർത്തിച്ചു. ഇതൊരു പൊതുആവശ്യമാണെന്ന കാഴ്ചപ്പാടോടെ, പത്തനംതിട്ട പ്രദേശത്തിന്റെ വികസനത്തിന് ഒരു ജില്ല അനിവാര്യമാണെന്ന ഉറച്ച ബോധ്യത്തോടെ എല്ലാ കാര്യങ്ങളിലും ഒരു രാഷ്ട്രീയ സമവാക്യങ്ങളും നോക്കാതെ അച്ചൻ നിലകൊണ്ടു. അക്കാലത്ത് സംസ്ഥാന മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരൻ പത്തനംതിട്ട എം.എൽ.എ. കെ.കെ. നായർക്ക് മന്ത്രിസ്ഥാനം വാഗ്ദാനം നൽകി അംഗീകരിച്ചപ്പോൾ തനിക്ക് മന്ത്രിസ്ഥാനം വേണ്ട പകരം പത്തനംതിട്ടയെ ഒരു ജില്ലയാക്കി ഉയർത്തിത്തരണമെന്ന ആവശ്യം ഉന്നയിക്കുകയായിരുന്നു. ഇതിന്റെയൊക്കെ അനന്തരഫലമായി 1982 നവംബർ ഒന്നിന് കേരളത്തിലെ 13-ാമത് റവന്യൂ ജില്ലയായി പത്തനംതിട്ട ഉയർത്തപ്പെട്ടു.

കാലംചെയ്ത തിരുവനന്തപുരം ആർച്ച്ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസിന്റെ ആദർശവാക്യമായിരുന്നു 'സ്നേഹം മമദീപം.' അദ്ദേഹത്തിന്റെ ദർശനങ്ങളെ സഫലീകരിക്കാൻ ഇഗ്നേഷ്യസച്ചൻ ജനനന്മയ്ക്കായി ഒട്ടേറെ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയുണ്ടായി. 1997-ൽ കല്ലൂപ്പാറ കേന്ദ്രീകരിച്ച് ആർച്ച്ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷൻ രൂപീകരിച്ചുകൊണ്ട് നിരവധി സാധുജനക്ഷേമ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. അതിന്റെ പ്രഥമ പ്രസിഡന്റായി നിയോഗിതനായതും ഇഗ്നേഷ്യസച്ചനായിരുന്നു. തൊഴിലില്ലാതെ കഷ്ടപ്പെട്ടിരുന്ന അനേകർക്ക് തൊഴിൽ കണ്ടെത്തികൊടുത്തതും ജീവസന്ധാരണത്തിനുള്ള മാർഗങ്ങൾ തുറന്നുകൊടുത്തതും അച്ചന്റെ സാമൂഹിക ഇടപെടലുകളിലെ വലിയ മുന്നേറ്റങ്ങളായിരുന്നു. ഇത്തരം സാമൂഹിക പ്രതിബദ്ധതയുടെ ആൾരൂപമായി മാറിയപ്പോഴാണ് ഇഗ്നേഷ്യസച്ചന് 'കുമ്പഴയുടെ നല്ലച്ചൻ' എന്ന പേരുവീണത്. ഇന്ന് ആലുവ ബഥനി നവജ്യോതി പ്രൊവിൻസിന്റെ കീഴിൽ കവിയൂരിനടുത്ത് കോട്ടൂരിൽ പ്രവർത്തിച്ചു വരുന്ന ബഥനി ദിവ്യകാരുണ്യാലയം അഗതിമന്ദിരവും ഈ ഫൗണ്ടേഷന്റെ ഭാഗമായാണ് പ്രവർത്തിക്കുന്നത്.

1979-ൽ കുമ്പഴയിൽ ഉണ്ടായ ദാരുണബസപകടത്തിൽ മരണപ്പെട്ട 45 പേരുടെ സംസ്കാരശുശ്രൂഷകൾക്കും തുടർനടപടികൾക്കും മറ്റുമായി കോന്നി എം.എൽ.എ. പി.ജെ. തോമസിനൊപ്പം ഇഗ്നേഷ്യസച്ചൻ കൈമെയ് മറന്ന് പ്രവർത്തിച്ചത് ഇന്നും ദേശവാസികൾ മറന്നിട്ടില്ല.

## മലങ്കരസഭയുടെ പ്രാണേതാവ്

മലങ്കര കത്തോലിക്കാ സഭയുടെ പ്രവർത്തനങ്ങൾ കേരളത്തിൽ മാത്രം ഒതുങ്ങി നിന്നാൽ പോരെന്ന് തിരിച്ചറിഞ്ഞ സഭാധികാരികൾ, അമേരിക്കൻ ഐക്യനാടുകളിലെ സഭാശുശ്രൂഷകൾക്കായി 1984-ൽ ഇഗ്നേഷ്യസച്ചനെ റോക്ക്‌വെൽ സെന്റർ ലത്തീൻ രൂപതയിലെ ചാപ്ലയിന്റെ ചുമതല ഏല്പിച്ചു. അമേരിക്കയിൽ വിവിധ പട്ടണങ്ങളിൽ മലങ്കര മിഷനുകൾക്ക് തുടക്കം കുറിച്ച അച്ചൻ 1987 ജനുവരിമുതൽ മുംബൈ-പൂനെ മിഷൻ സുപ്പീരിയറായി നിയമിതനായി. വൈദികപരിശീലനഘട്ടത്തിലെ തത്വ-ദൈവശാസ്ത്ര പഠനങ്ങൾ പൂനെ പേപ്പൽ സെമിനാരിയിലായിരുന്നതുകൊണ്ട് പൂനെയുടെ ഭൂമിശാസ്ത്രം ഇഗ്നേഷ്യസച്ചന് സുപരിചിതമായിരുന്നു.

പിമ്പ്രിയിൽ ഒരു ബഥനി മഠവും ബഥനി ആശ്രമവും നിർമല ഹയർ സെക്കന്ററി സ്കൂളും അച്ചൻ ആരം

www.malankaralibrary.com

ഭിച്ചു. കാലേവാടിയിൽ ഒരു വനിതാഹോസ്റ്റലും. പൂനെ മലങ്കര സമൂഹം പുരോഗതിയിലേക്ക് കുതിച്ചപ്പോൾ അച്ചന്റെ കർമമേഖല മുംബൈയിലേക്കു മാറ്റി. അച്ചൻ ആരംഭിച്ച മുംബൈ–പൂനെ മലങ്കര കത്തോലിക്കാ കൺവെൻഷനിലൂടെ അവിടെ മലങ്കര കത്തോലിക്കാ സമൂഹം ശക്തിപ്പെട്ടു.

1990–ലെ കുവൈത്ത് യുദ്ധാനന്തരം ധാരാളം മലയാളികൾ മുംബൈയിലേക്ക് പ്രവഹിക്കുകയുണ്ടായി. അവരെയൊക്കെ സഹായിക്കാനും സാന്ത്വനിപ്പിക്കാനും മനസ്സില്ലാതെ എല്ലാവരും പുറംതിരിഞ്ഞു നിന്നപ്പോൾ ഇഗ്നേഷ്യസച്ചൻ പ്രവാസികളുടെ ദൈവദൂതനായിമാറി. അഭയാർഥികൾക്ക് താമസിക്കാനിടവും ഭക്ഷണവും നാട്ടിലേക്ക് തിരിച്ചുപോകാൻ യാത്രാക്കൂലിയുമൊക്കെ സംഘടിപ്പിച്ചുകൊടുത്ത് അവരുടെ സംരക്ഷകനായി.

## വിദ്യാഭ്യാസപ്രേഷിതൻ

എക്യുമെനിക്കൽ ദൈവശാസ്ത്രത്തിലായിരുന്നു ഇഗ്നേഷ്യസച്ചൻ ഗവേഷണം നടത്തിയതും ഡോക്ടറേറ്റ് കരസ്ഥമാക്കിയതെങ്കിലും വിദ്യാഭ്യാസരംഗത്തെ അച്ചൻ വളരെ ഗൗരവത്തോടെയാണ് കണ്ടിരുന്നത്. ഗവേഷണ പഠനാനന്തരം വിദേശത്തുനിന്ന് തിരിച്ചെത്തി കുമ്പഴയിൽ വികാരിയായി നിയമിതനായപ്പോൾ അവിടെ ഒരു ഇംഗ്ലീഷ് മീഡിയം വിദ്യാലയം വേണമെന്ന ഇടവകക്കാരുടെയും നാട്ടുകാരുടെയും ആവശ്യത്തെ അച്ചൻ അനുഭാവപൂർവം ഉൾക്കൊണ്ടു. പക്ഷേ, കുമ്പഴ വലിയൊരു കുന്നായിരുന്നതിനാൽ കെട്ടിടനിർമാണം പ്രായോഗികമല്ലായിരുന്നു. അങ്ങനെ കുമ്പഴയുടെ വടക്കുഭാഗത്തായി മൈലപ്രയിൽ ഒരു കെട്ടിടം നിർമിക്കുകയും അവിടെ മൗണ്ട് ബഥനി സ്കൂൾ 1977 ജൂൺ ഒന്നിന് ആരംഭിക്കുകയും ചെയ്തു. അക്കാലഘട്ടത്തിൽ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ ആരംഭിക്കാൻ ശ്രമിച്ചവർക്കൊക്കെ തിക്താനുഭവങ്ങളായിരുന്നു. രാഷ്ട്രീയപാർട്ടികൾ കൊടിനിറം വ്യത്യാസമില്ലാതെതന്നെ ഈ സംരംഭത്തെ എതിർത്തിരുന്നു. കാരണം, രണ്ടുതരം പൗരന്മാരെ സമൂഹത്തിൽ സൃഷ്ടിക്കുമെന്ന പരാതിയായിരുന്നു അവർക്ക്. എന്നാൽ ഇഗ്നേഷ്യസച്ചൻ ജനകീയമുന്നേറ്റങ്ങൾ നടത്തിക്കൊണ്ട് കേരളത്തിലെ സ്വകാര്യമാനേജ്മെന്റ് സ്കൂളുകളുടെ വളർച്ചയ്ക്കും നിലനിൽപ്പിനുംവേണ്ടി അത്യധ്വാനം ചെയ്തു. നാട്ടിൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ വ്യാപകമായി സ്ഥാപിക്കുന്നതിൽ മുഖ്യസൂത്രധാരനായി പ്രവർത്തിക്കുകയും അംഗീകാരം ലഭിക്കുന്നതിന് സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്തു. അത് വലിയൊരു വിജയമായിരുന്നു. അതോടെ കേരളത്തിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളെ സംഘടിപ്പിച്ച് ഓൾ കേരള ഇംഗ്ലീഷ് മീഡിയം സ്കൂൾ അസോസിയേഷന് (AKEMSA-അകംസാ) അച്ചൻ രൂപംനൽകി. അകംസായുടെ പ്രഥമ പ്രസിഡന്റും അച്ചൻതന്നെയായിരുന്നു.

## ജീവിതരേഖയും വിളിയും

മധ്യതിരുവിതാംകൂറിലെ പുരാതനകുടുംബമായ കല്ലൂപ്പാറ തങ്ങളത്തിൽ വർഗീസ് ഇടിക്കുള– അന്നമ്മ ദമ്പതികളുടെ നവരത്നങ്ങളിൽ ഏഴാമനായി 1933 ജൂലൈ 21–നാണ് ഇഗ്നേഷ്യസിന്റെ ജനനം. എസ്.എസ്.എൽ.സി. പഠനാനന്തരം 1952–ലാണ് സമർപ്പിത ജീവിതം ആഗ്രഹിച്ച് ബഥനി സന്ന്യാസാശ്രമത്തിൽ ചേരുന്നത്. പൂനെ പേപ്പൽ സെമിനാരിയിൽ തത്വ–ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തീകരിച്ച് 1963 സെപ്തംബർ 21–ന് പൂനെ ബിഷപ് ആൻഡ്രൂസ് ഡിസൂസയിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. ആദ്യ ഒരുവർഷം തിരുവനന്തപുരം ബഥനി ആശ്രമവിദ്യാർഥികളുടെ റെക്ടറായി സേവനമനുഷ്ഠിച്ചു. തുടർന്ന് നാലുമാസക്കാലം റാന്നി വടശ്ശേരിക്കര, പുതുശ്ശേരിമല എന്നിവിടങ്ങളിലെ സഹവികാരിയായി നിയോഗിതനായി. അതേത്തുടർന്ന് റോമിൽ ലാറ്ററൻ സർവകലാശാലയിൽ നിന്ന് എക്യുമെനിക്കൽ ദൈവശാസ്ത്രത്തിൽ ഡിപ്ലോമയും ഡോക്ടറേറ്റും കരസ്ഥമാക്കി. 1970–ൽ നാട്ടിൽ തിരിച്ചെത്തുകയും പത്തനംതിട്ട കുമ്പഴ ബഥനി ആശ്രമത്തിൽ ശുശ്രൂഷകനും കുമ്പഴ സെന്റ് മേരീസ് മലങ്കര കത്തോലിക്കാപള്ളി വികാരിയുമായി. 1980–ൽ ബഥനി ആശ്രമ പ്രൊക്കുറേറ്റർ ജനറലായി നിയമിതനായി. 1984–ൽ അമേരിക്കയിൽ ന്യൂയോർക്ക് കേന്ദ്രീകരിച്ച് ആതുരശുശ്രൂഷയ്ക്കായി പുതിയ കർമമണ്ഡലം തിരഞ്ഞെടുത്തു.

1987–ൽ നാട്ടിൽ തിരിച്ചെത്തിയ തങ്ങളത്തിലച്ചന്റെ കർമരംഗം ആദ്യം പൂനെ–മുംബൈ ബഥനി ആശ്രമം കേന്ദ്രീകരിച്ചും പിന്നീട് തിരുവല്ല ബഥനി മിശിഹാനുകരണം സന്ന്യാസ സമൂഹത്തിന്റെ ആശ്രമം സുപ്പീരിയർ, പൂവത്തൂർ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ പള്ളിവികാരി, വേങ്ങൽ സെന്റ് മേരീസ് പള്ളിവികാരി, മലങ്കര കത്തോലിക്കാ അസോസിയേഷൻ രൂപതാ സ്പിരിച്വൽ അഡ്വൈസർ എന്നിങ്ങനെയുമായിരുന്നു. ഇപ്പോൾ ബഥനി ദിവ്യകാരുണ്യാലയത്തിൽ പ്രായം മറന്നും കർമനിരതനായി പ്രവർത്തിക്കുകയാണ് ഐക്യത്തിന്റെ ഈ പാലം നിർമിതിക്കാരൻ. ■

www.malankaralibrary.com

# കുർബാനയ്ക്കു പുറത്തുള്ള ദിവ്യകാരുണ്യ സ്വീകരണം



റവ. ഡോ. എബ്രഹാം കാവിൽപുരയിടത്തിൽ
*വൈസ് ചാൻസലർ, മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ, മൗണ്ട് സെന്റ്തോമസ്, കാക്കനാട്*

? സാധാരണഗതിയിൽ വി. കുർബാനയുടെ അർപ്പണ വേളയിലാണല്ലോ വിശ്വാസികൾക്കു ദിവ്യകാരുണ്യം നൽകുന്നത്. എന്നാൽ വി. കുർബായുടെ അർപ്പണസമയത്തല്ലാതെ ഒരു വിശ്വാസിക്കു വി. കുർബാന സ്വീകരിക്കാൻ അനുവാദമുണ്ടോ? ഇതേക്കുറിച്ചുള്ള സഭാനിയമം ഒന്നു വിശദീകരിക്കാമോ?

**– ജോൺസൺ കോന്തുരത്ത്**

ഒരു വിശ്വാസിയുടെ ജീവിതത്തിൽ ആത്മീയ വളർച്ചയ്ക്കു അത്യന്താപേക്ഷിതമായ വിശുദ്ധ കുർബാനയുടെ സ്വീകരണത്തെക്കുറിച്ചാണു ചോദ്യകർത്താവിന്റെ സംശയം. ചോദ്യത്തിനുള്ള ഉത്തരത്തിലേക്കു നേരിട്ടുകടക്കുന്നതിനുമുമ്പു കുർബാന സ്വീകരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു ഒന്നു ചിന്തിക്കുന്നത് ഉചിതമാണെന്നു കരുതുന്നു.

സാർവ്വത്രികസഭയുടെ മതബോധനഗ്രന്ഥം ഈ വിഷയത്തിൽ നൽകുന്ന പ്രബോധനം ശ്രദ്ധേയമാണ്. 'ദിവ്യകാരുണ്യസ്വീകരണം ക്രിസ്തുവിനോടുള്ള നമ്മുടെ ഐക്യം വളർത്തുന്നു. ദിവ്യകാരുണ്യം സ്വീകരിക്കുന്നതിന്റെ പ്രധാനഫലം യേശുക്രിസ്തുവുമായുള്ള ഉറ്റബന്ധമാണ്' (CCC 1391). ഭൗതികമായ ഭക്ഷണം നമ്മുടെ ശാരീരിക ജീവിതത്തിൽ പുറപ്പെടുവിക്കുന്നതെന്തോ അതു കുർബാനസ്വീകരണംമൂലം നമ്മുടെ ആദ്ധ്യാത്മികജീവിതത്തിൽ വിസ്മയനീയമാംവിധം ഉളവാക്കുന്നുവെന്നും മതബോധന ഗ്രന്ഥം പഠിപ്പിക്കുന്നു (CCC 1392). ക്രൈസ്തവജീവിതത്തിന്റെ വളർച്ചയ്ക്കു ദിവ്യകാരുണ്യത്തിന്റെ പോഷണം ആവശ്യമാണ്. വിശുദ്ധ കുർബാനയുടെ സ്വീകരണം നമ്മെ പാപത്തിൽനിന്ന് അകറ്റുകയും വിശുദ്ധീകരിക്കുകയും പാപസാഹചര്യങ്ങളിൽനിന്നു അകന്നുനിൽക്കാനുള്ള ആത്മീയമായ കരുത്തു പ്രദാനംചെയ്യുകയും ചെയ്യുന്നു. ചുരുക്കത്തിൽ, മാമ്മോദീസായിലൂടെ പ്രസാദവരം സ്വീകരിച്ച ഒരു വിശ്വാസി നന്മയിൽ വളരുന്നതിനും തിന്മയെ ചെറുക്കുന്നതിനും വിശുദ്ധിയിൽ വളരുന്നതിനും അതുവഴി സ്വർഗരാജ്യത്തിനു അർഹനാകുന്നതിനും അത്യന്താപേക്ഷിതമായ ആത്മീയ ഭക്ഷണമാണ് ദിവ്യകാരുണ്യം.

ഈ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടാണ് സഭയുടെ കൗദാശിക ദൈവശാസ്ത്ര പഠനങ്ങളോടുചേർന്നു സഭാനിയമവും വിശുദ്ധ കുർബാന സ്വീകരിക്കേണ്ടതിന്റെ ആവശ്യകത അടിവരയിടുന്നത്.കൂടെക്കൂടെ വിശുദ്ധ കുർബാന സ്വീകരിക്കണമെന്ന ആഹ്വാനം നൽകുന്ന സഭാനിയമം പെസഹാക്കാലത്തു നിർബന്ധമായും വിശുദ്ധകുർബാന സ്വീകരിക്കണമെന്നു നിഷ്കർഷിക്കുന്നു (CCEO c. 708; CIC cc. 920, 921).

വിശുദ്ധകുർബാന സ്വീകരണത്തിനു വിശ്വാസികൾക്കുള്ള അവകാശത്തെക്കുറിച്ചു ലത്തീൻ സഭാനിയമം വ്യക്തമായി പറയുന്നുണ്ട്. നിയമം മുടക്കിയിട്ടില്ലാത്ത, മാമോദീസ സ്വീകരിച്ച എതൊരു വ്യക്തിക്കും വിശുദ്ധകുർബാന സ്വീകരിക്കാൻ കഴിയുമെന്നും അത് നിരസിക്കാൻ പാടില്ലെന്നും കാനൻ 912 വ്യക്തമാക്കുന്നു. സ്വാഭാവികമായും വിശുദ്ധ കുർബാനസ്വീകരണത്തിനാവശ്യമായ തിരിച്ചറിവും മാരകമായ പാപങ്ങൾ കുമ്പസാരം വഴി മോചിക്കപ്പെട്ട പ്രസാദവരാവസ്ഥയും വിശുദ്ധ കുർബാന സ്വീകരണത്തിന് അടിസ്ഥാന ആവശ്യമാണെന്ന് എവർക്കും അറിയാവുന്നതാണല്ലൊ. സഭാ നിയമവും ഇക്കാര്യം പ്രതിപാദിക്കുന്നുണ്ട്.

www.malankaralibrary.com

വിശുദ്ധകുർബാന സ്വീകരണത്തിന്റെ പ്രാധാന്യ ത്തെക്കുറിച്ച് ഇത്രമാത്രം പറഞ്ഞതിനുശേഷം നമു ക്കു ചോദ്യത്തിലേക്കു തിരികെയെത്താം. ചോദ്യത്തി ന്റെ വിശകലനത്തിനും അതുമായി ബന്ധപ്പെട്ട കാ ര്യങ്ങൾ പറയുന്നതിനും അടിസ്ഥാനമാക്കാവുന്ന ഒരു കാനൻ രണ്ടു സഭാ നിയമസംഹിതകളിലും നൽ കിയിട്ടുണ്ട്. ലത്തീൻസഭാനിയമത്തിലെ 918-ാം നമ്പർ കാനനും പൗരസ്ത്യ സഭാനിയമത്തിലെ 713-ാം നമ്പർ കാനൻ ഒന്നാം ഖണ്ഡികയും രണ്ടുകാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്: ഒന്ന്, വിശുദ്ധ കുർബാനയുടെ ആഘോഷത്തിനിടയിലാണ് വിശ്വാസികൾ സാധാ രണഗതിയിൽ വിശുദ്ധ കുർബാന സ്വീകരിക്കുന്നത്. രണ്ട്, ന്യായമായ കാരണങ്ങളുണ്ടെങ്കിൽ, അഭ്യർഥന പ്രകാരം വിശുദ്ധ കുർബാനയുടെ ആഘോഷത്തി നു പുറത്ത് വിശുദ്ധ കുർബാന നൽകാവുന്നതാണ്. ഇവിടെ ഒന്നാമതായി പറയുന്നതാണു സാധാരണ ഗതിയിൽ എല്ലാവരും പാലിക്കുന്നതും പാലിക്കേണ്ട തും. വിശുദ്ധ കുർബാനയിലുള്ള പങ്കാളിത്വം ദിവ്യ കാരുണ്യസ്വീകരണത്തിലൂടെയാണു പൂർണ്ണത പ്രാപിക്കുന്നതും കൂടുതൽ ഫലദായകമാകുന്നതും. ഇക്കാര്യത്തെകുറിച്ചു നമുക്കു സംശയങ്ങളില്ല.

മേൽപറഞ്ഞ കാനന്റെ രണ്ടാമത്തെ ഭാഗത്താണു നമ്മൾ കൈകാര്യം ചെയ്യുന്ന ചോദ്യത്തിന്റെ ഉത്തരം. ന്യായമായ കാരണമുണ്ടെങ്കിൽ, അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ, വിശുദ്ധ കുർബാനയർപ്പണത്തി നു പുറമേയും ദിവ്യകാരുണ്യം നൽകാവുന്നതാണ് എന്നാണു നിയമം പറയുന്നത്. ന്യായമായ കാരണം (just cause) എന്നത് എന്താണ് എന്നതും കാരണങ്ങ ളുടെ ന്യായാന്യായങ്ങൾ പരിശോധിക്കുന്നത് ആരാ ണെന്നതുമാണ് അടുത്ത പ്രധാന കാര്യങ്ങൾ.

രോഗികൾക്കു വിശുദ്ധ കുർബാന വീടുകളിൽ/ ആശുപത്രികളിൽ കൊണ്ടുപോയി കൊടുക്കുന്ന പ തിവു ലോകത്തെല്ലായിടത്തുമുണ്ട്. അതു വിശുദ്ധ കുർബാനയുടെ ആഘോഷത്തിനു പുറത്താണ്. ന്യായമായ കാരണം ഇവിടെയുള്ളത് രോഗികൾക്കു ദൈവാലയത്തിൽ വന്നു വിശുദ്ധ കുർബാനയിൽ പ ങ്കെടുക്കാൻ കഴിയില്ല എന്നതാണ്. ഇവിടെ രോഗിയോ ബന്ധുക്കളോ ഇക്കാര്യം അഭ്യർത്ഥിക്കുന്നു. തീർ ത്തും കിടപ്പുരോഗികളല്ലെങ്കിലും ഗുരുതരമായ രോ ഗാവസ്ഥയും അനുബന്ധബുദ്ധിമുട്ടുകളും ദൈവാ ലയത്തിൽ മറ്റുള്ളവരോടൊപ്പം വിശുദ്ധ കുർബാന യിൽ പങ്കെടുക്കുന്നതിൽനിന്നു ചിലരെ തടസ്സപ്പെടു ത്തുന്ന സാഹചര്യത്തിലും വിശുദ്ധ കുർബാനയർപ്പ ണത്തിനു പുറത്തു വീട്ടിൽവച്ചോ അവർ ദൈവാലയ ത്തിലെത്തിയോ വിശുദ്ധ കുർബാന സ്വീകരിക്കുന്ന തും അനുവദനീയമാണ്. ഇതും എല്ലായിടത്തും നട ക്കുന്ന കാര്യവുമാണ്. യഥാർഥ വിശ്വാസജീവിതം നയി ക്കുന്ന ഒരു വ്യക്തി, ഒരു ദിവസം വിശുദ്ധ കുർബാന യിൽ പങ്കെടുക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ, വ്യക്തമായ കാരണങ്ങളാൽ (മാതാപിതാക്കളുടെ ചരമദിനം, സ്വന്തം ജന്മദിനം തുടങ്ങിയവ) അന്ന് മറ്റൊ രു സമയത്ത് ദൈവാലയത്തിലെത്തി വിശുദ്ധ കുർ ബാന സ്വീകരിക്കാൻ വികാരിയച്ചനോട് അഭ്യർത്ഥിക്കു ന്നതു ന്യായമായ കാരണമായി കണക്കാക്കാം. ചു രുക്കത്തിൽ, ഒരിടവകയുടെ പശ്ചാത്തലത്തിൽ, ഒരു വ്യക്തിയുടെ അഥവാ കുടുംബത്തിന്റെ സാഹചര്യ വും പ്രത്യേകതകളും കണക്കിലെടുത്ത് ബഹു. വികാ രിയച്ചന്മാർക്കു ഉചിതമായ തീരുമാനമെടുക്കാൻ സാധാരണഗതിയിൽ പ്രയാസമുണ്ടാകില്ല.

ന്യായമായ ഒരു കാരണം നിലനിൽക്കുമ്പോൾ, ഇപ്രകാരം വിശുദ്ധ കുർബാന സ്വീകരണത്തിനായി ദൈവാലയത്തിലെത്തുന്ന വിശ്വാസികളെ ഈശോ യുടെ മനോഭാവത്തോടെതന്നെ ബഹു. വൈദീകർ സ്വീകരിക്കണം. നെല്ലും പതിരും തിരിച്ചറിയാനുള്ള വിവേകം ഉപയോഗിക്കുന്നതിനോടൊപ്പം ഇപ്രകാ രമുള്ള ഒരു അഭ്യർത്ഥനയുടെ പിന്നിലെ ആത്മാർ ത്ഥതയെ നിർദയമായി തള്ളിക്കളയുന്നതു ന്യായീ കരിക്കാനാകാത്ത സമീപനമാണ്. കാരണം, ശരിയായ ഒരുക്കമുള്ളവരും കൂദാശകൾ സ്വീകരിക്കുന്നതിൽ നിന്നു നിയമം വിലക്കിയിട്ടില്ലാത്തതുമായ വിശ്വാസി കൾ ഉചിതമായ സമയങ്ങളിൽ ആവശ്യപ്പെടുമ്പോൾ സഭയുടെ ആത്മീയനന്മകൾ പ്രത്യേകിച്ചു കൂദാശ കൾ അവർക്കു നിഷേധിക്കാൻ പാടില്ലായെന്നു സഭാ നിയമം വ്യക്തമാക്കുന്നുണ്ട് (CCEO c. 381 § 2; CIC c. 843 §1).

മേൽപറഞ്ഞതൊക്കെ നിലനിൽക്കുമ്പോൾ തന്നെ ചില സാഹചര്യങ്ങളിൽ വിശുദ്ധ കുർബാന സ്വീകരണത്തിനുള്ള അഭ്യർത്ഥന ഒരു വൈദികനു നിഷേധിക്കാവുന്നതാണ്. നിയമം പറയുന്ന ന്യായമാ യകാരണം ഇല്ലാത്ത സാഹചര്യങ്ങളാണവ. ഉചിത മായ സമയത്തല്ലാത്ത അഭ്യർത്ഥന (ഉദാ. രാത്രിയിൽ) മരണകരമായ സാഹചര്യത്തിലല്ലാതെ സ്വീകരിക്കേ ണ്ടതില്ല. ദൈവാലയത്തിൽ അർപ്പിക്കപ്പെടുന്ന വിശുദ്ധ കുർബാനയിൽ പങ്കെടുക്കാൻ എല്ലാ സാ ഹചര്യങ്ങളും ഉണ്ടായിട്ടും അതിൽ പങ്കെടുക്കാതെ മറ്റൊരു സമയത്തു വിശുദ്ധ കുർബാന സ്വീകരണ ത്തിനുവരുന്ന പതിവു അംഗീകരിക്കാനാവില്ല. അതു

***ശേഷം പേജ് 52-ൽ***

www.malankaralibrary.com

# പരീക്ഷണങ്ങളുടെ വിശുദ്ധവാഗ്ദാനങ്ങൾ

സി.വി. ബാലകൃഷ്ണന്റെ 'ഒരു വൃത്തത്തിന്റെ രണ്ടു പകുതികൾ' എന്ന കഥയുടെ വിശകലനം. (*സമകാലിക മലയാളം വാരിക, 2022 സെപ്തംബർ 19*)



ഫാ. സുനിൽ OFM Cap.
*ഡയറക്ടർ, അസ്സീസി ആർട്സ് & കമ്മ്യൂണിക്കേഷൻ, കൊല്ലം*

ആത്മീയതയെ പുതിയ തുറമുഖങ്ങളിൽ കൊണ്ടെത്തിക്കുന്ന ചില പരീക്ഷണങ്ങൾ മലയാളകഥയിൽ ഉയിരെടുക്കുന്നുണ്ട്. പരീക്ഷണങ്ങളുടെ പ്രത്യാശയിൽ ജീവിക്കുന്ന വിശുദ്ധ വാഗ്ദാനങ്ങളായി ചിലപ്പോൾ ചില സംവാദങ്ങൾ രൂപപ്പെടുന്നത് കാണാം. നമ്മുടെ ആത്മീയ പ്രതിസംസ്കാരം ഏതാണ്ട് മാറിമറിഞ്ഞിരിക്കുന്നുവെന്നുതന്നെയാണ് ബുദ്ധിപഥങ്ങൾക്കതീതമായി നിൽക്കുന്ന ചില ഭാവനാനിർമിതികൾ നമുക്ക് പറഞ്ഞു തരുന്നത്. നമ്മുടെ അനുഭവത്തിന്റെ നയനപഥങ്ങൾക്കുള്ളിൽ ഭദ്രമായി നിലനിൽക്കാത്ത ചില ഗോഡ് ടോക്കുകൾ (God talks) കഥയിൽ സംഭവിക്കുന്നുണ്ട്. വിനോദരസത്തിൽ മാത്രം ഊന്നുന്ന ആഖ്യാനത്തിലൂടെ കഥയിൽ ഒരു ഗോഡ് ടോക്ക് സൃഷ്ടിക്കാൻ ശ്രമിക്കുന്ന കഥാകാരനല്ല സി.വി. ബാലകൃഷ്ണൻ. ദൈവവർത്തമാനങ്ങൾക്ക് ദൃശ്യപരമായ ഉജ്ജ്വലത പകരാൻ സി.വി. ബാലകൃഷ്ണനെ സഹായിക്കുന്നത് ബിബ്ലിക്കൽ ഇമേജസ് (biblical images) തന്നെയാണ്. കഥയുടെ സംവാദത്തെ അങ്ങേയറ്റം സ്വാഭാവികമാക്കിത്തീർത്ത ക്രിസ്തുവെന്ന കഥാകാരന്റെ പിൻതുടർച്ചക്കാരനാകാൻ ഈ ഗോഡ് ടോക്കുകാരനും ആകുന്നിടത്താണ് 'ഒരു വൃത്തത്തിന്റെ രണ്ടു പകുതികൾ' എന്ന കഥ നമ്മിൽനിന്നും ആത്മീയ (മതേതര) വായന ആവശ്യപ്പെടുന്നത്. ദൈവസംവാദത്തിൽ ഭാഷയുടെ പരുക്കൻ സ്വഭാവത്തെ കടത്തിവിടാതെ തന്നെ വെളിച്ചത്തിന്റെ രശ്മികളെ തെറുത്തെടുക്കാൻ ഈ കഥാകാരൻ കാട്ടുന്ന ശ്രദ്ധയെ പ്രത്യേകം നിരീക്ഷിക്കേണ്ടതുണ്ട്. പോഞ്ഞിക്കര റാഫിയും കാക്കനാടനുമൊക്കെ വേദപുസ്തകത്തിലെ ചില മൂലകഥകളെ അതേപടിയും ചില്ലറ വ്യതിയാനങ്ങളോടെയും ആവിഷ്കരിച്ചിട്ടുണ്ട്. ഉത്പത്തി 11:3-9 ഉദ്ധരിച്ചുകൊണ്ടാണ് കാക്കനാടൻ 'ബാബേൽ' എന്ന കഥ രചിച്ചത്. അത്തരം ചില ശ്രമങ്ങളുടെ തുടർച്ചകളെയാണ് സി.വി. ബാലകൃഷ്ണന്റെ 'ഒരു വൃത്തത്തിന്റെ രണ്ടു പകുതികൾ' എന്ന കഥയിൽനിന്നും നാം വായിച്ചെടുക്കുന്നത്. ബൈബിളിന്റെ സാംസ്കാരിക സാധ്യതയെ കടഞ്ഞുകൊണ്ടുവരാൻ ഈ കഥാകാരൻ നടത്തുന്ന ശ്രമത്തെ ഒരു കഥാപാത്ര വായനയിലൂടെ മാത്രമേ പുറത്തുകൊണ്ടുവരാൻ കഴിയൂ. ബൈബിളിന്റെ കഠിനതകളിലേക്കുള്ള ഈ സർഗാത്മക വഴിതെറ്റിക്കൽ ചില വിവേചനമൂല്യങ്ങളെ കരുതിവയ്ക്കുന്നതിനാൽ ഒരു ദൈവശാസ്ത്രവായനയാണ് കഥ നമ്മിൽനിന്നും ആവശ്യപ്പെടുന്നത്. കഥ ഇവിടെ കലയുടെ രൂപത്തിലുള്ള കാലവിശദീകരണവും ആത്മീയ ശൈഥില്യത്തെയും കുടുംബത്തകർച്ചയെയും കുറിച്ചുള്ള പ്രതിരൂപാത്മകമായ വീക്ഷണവുമാണ്.

www.malankaralibrary.com

## കഥാപാത്രം എന്ന ആത്മീയ/ സാംസ്കാരിക നിർമിതി

പ്രശ്നരൂപത്തിലുള്ള പ്രേരണകളിൽനിന്നാണ് പലപ്പോഴും കഥാപാത്രങ്ങൾ മിണ്ടിത്തുടങ്ങുക. രൂപസ്പഷ്ടതയിൽ എത്തിച്ചേരുന്ന ഒരു കഥാപാത്രത്തിന് കാലത്തെ എഡിറ്റ് ചെയ്ത് അവതരിപ്പിക്കാനാവും. ഒരുപക്ഷേ, ബാലകൃഷ്ണന്റെ 'ഒരു വൃത്തത്തിന്റെ രണ്ടു പകുതികൾ' എന്ന കഥയിലെ ഓരോ കഥാപാത്രങ്ങളും ആത്മീയ/സാംസ്കാരിക നിർമിതിയുടെ അളന്നുവച്ച നിശ്ചിത തൂക്കങ്ങളാണ്. പുതിയ ആത്മീയതയുടെ രാഷ്ട്രീയ ജ്ഞാനം ചില യാഥാർഥ്യങ്ങളുടെയും അനുഭവങ്ങളുടെയും പശ്ചാത്തല വ്യാഖ്യാനങ്ങളിലൂടെ തുറന്നുകാട്ടുക വഴി കഥാകാരൻ ബൈബിളിന്റെ സാംസ്കാരിക സാധ്യതയെയാണ് വിസ്തൃതപ്പെടുത്തുന്നത്. എക്കാലത്തെയും ആത്മീയ ഭ്രാന്തിനും വഴിവിട്ട ജീവിതത്തിനും സാഹിത്യഭാവന കൊടുക്കുന്ന രൂപമാണ് ഈ കഥയുടെ മൊത്തം കഥാപാത്രങ്ങളെയും സഞ്ചരിപ്പിക്കുന്നത്. ഇതിലെ കഥാപാത്രങ്ങളെ നാം ആശ്ചര്യത്തോടെ ആസ്വദിക്കുമ്പോൾതന്നെ മറഞ്ഞിരിക്കുന്ന നമ്മുടെ പുതിയ മനഃശാസ്ത്രത്തിന്റെ അനുഭവങ്ങളെ യാഥാർഥ്യത്തിലെന്നോണം ലയിപ്പിക്കുന്നതാണ് നാം കാണുന്നത്. വർത്തമാനകാലത്തെ കൂടി തള്ളിത്തുറന്ന്, അതിൽ പ്രവേശിച്ചിരുന്നു ആത്മഗതം ചെയ്യാൻ നമ്മെ ക്ഷണിക്കുന്ന പ്രധാന കഥാപാത്രങ്ങളെ ഒറ്റയ്ക്കു നിർത്തി വായിച്ചാൽ അവരിലുള്ള ഓരോ ഭാവാർഥങ്ങളും നമ്മിലെ ഓരോ തരം ഗൂഢസ്വഭാവങ്ങളാണെന്നു കാണാൻ കഴിയും. ഇവിടെ കഥാപാത്രങ്ങളെ യാഥാർഥ്യത്തിന്റെ അഗ്നിയിലിട്ടു നീറ്റി കഥയെ പരിശുദ്ധമാക്കുന്ന കലയാണ് പ്രവർത്തിപ്പിച്ചിരിക്കുന്നത്. കഥാപാത്രങ്ങളുടെ ചുറ്റിപ്പിണയുന്ന ആന്തരിക ഘടനകളിലേക്ക് പ്രവേശിച്ചാൽ ചില തത്വപരാഗസ്പർശങ്ങളിലേക്ക് നമുക്ക് കടന്നെത്താനാവും. കഥാപാത്രങ്ങളുടെ നിൽപിലും നടപ്പിലും ഇരിപ്പിലുമെല്ലാം ഭാവനയാൽ പൊതിയപ്പെട്ട ജ്ഞാനം കലരുകയാണ്. ഈ കഥ കഥാപാത്രങ്ങളിലൂടെ ചുരുൾ നിവർത്തപ്പെടുന്ന ഒരു കാലരേഖയുടെ കൂടി അനാവരണപ്പെടുത്തലാണ്. പുതിയ മനുഷ്യന്റെ ഹിപ്പോക്രസിയെ പലവിധമായി അടയാളപ്പെടുത്തുന്ന ആ കഥാപാത്രങ്ങളിലൂടെ സഞ്ചരിച്ചാൽ കാപട്യത്തിന്റെ ആഴങ്ങളും വഴികളും കൂടുതൽ ഭദ്രമായി വെളിപ്പെട്ടുവരും.

**ഒന്ന്/ ശേബ**

ഒരു സ്ത്രീയുടെ ഉള്ളിൽ ഉയിരെടുത്തു നിൽക്കുന്നത് വൈകാരികമായ ജ്ഞാനോദയങ്ങളാണ്. അത് പ്രകൃതി അവൾക്കുകൊടുത്ത മുഖാവരണമാണ്. അവളുടെ ഭാവഭാഷയുടെ മിനുസമേറിയ ബാഹ്യതലങ്ങൾക്കു താഴെ വികാരസംഘർഷങ്ങളുടെ ഭീഷണമായ നിവേദനങ്ങൾ സംഭരിച്ചുവച്ചിരിക്കുന്നതിനെ ഏറ്റവും ഗൗരവമായാണ് ബാലകൃഷ്ണൻ ശേബയിലൂടെ പുറത്തുകൊണ്ടുവരുന്നത്. കഥയിലെ ശേബ എന്ന കഥാപാത്രം ഫാ. ലിയോപോൾദിന്റെ അടുത്തെത്തുന്നത് സൈമൺ എന്ന തന്റെ ജീവിതപങ്കാളിയുടെ അവിഹിതബന്ധത്തെപ്പറ്റിയുള്ള പരാതി ബോധിപ്പിക്കാനാണ്. പൗരോഹിത്യത്തിന്റെ ആത്മീയ/സാംസ്കാരിക സാധ്യതയെയാണ് ശേബയിലെ ദൈവവിശ്വാസി ഗൗരവമായി ഉൾക്കൊണ്ടത്. അവൾ ലിയോപ്പോൾദിനോട് ഇങ്ങനെ പറയുന്നു: 'പതിനെട്ടു വർഷം മുമ്പ് ഇതേ പള്ളിയിൽ ഫാ. റാഫേൽ കാമ്പുള്ളിയുടെ കാർമികത്വത്തിൽ നടന്ന ചടങ്ങിലൂടെ തന്റെ ജീവിതപങ്കാളിയും പിന്നീട് അമേലിയ, കരോളിന, ജെയ്സൺ എന്നിങ്ങനെ മൂന്നുമക്കൾക്കു പിതാവുമായ സൈമണെച്ചൊല്ലിയായിരുന്നു പരാതി. സൈമൺ ഇപ്പോൾ മറ്റൊരു ബന്ധത്തിലാണ്.'

"ആട്ടെ, സൈമണ് ബന്ധം ഏതു പെണ്ണുമായാണ്?" ഫാ. ലിയോപ്പോൾദ് ചോദിച്ചു.

"പെണ്ണുമായല്ല" – ശേബ പറഞ്ഞു.

"ങ്ഹേ" ഫാദർ സന്നിഗ്ധതയിലായി.

"ഒരാണുമായാണ്," ശേബ വ്യക്തമാക്കി.

സഹനം എന്ന വിഗ്രഹത്തെ മൃദുലതയോടെ ഉടച്ചുകളയാൻ ശേബ എടുക്കുന്ന ഒരു പ്രാഥമിക സ്റ്റെപ്പാണിത്. ഈ കാലഘട്ടത്തിലെ ദമ്പതിമാർ നേരിടുന്ന ഒരു വലിയ വിപത്തിന്റെ ഭാവനാത്മകമായ ആവിഷ്ക്കാരമായി വേണം ശേബയുടെ മുൻകൈയെടുപ്പുകളെ വായിച്ചെടുക്കാൻ. വൈകാരിക ഭാവാർഥങ്ങളുടെ പര്യടനങ്ങൾക്ക് ദാമ്പത്യത്തിന്റെ കഠിന വേദനകളെ ലഘൂകരിച്ചെടുക്കാനാവുമെന്നുതന്നെയാണ് ശേബയുടെ നിഗമനങ്ങൾ ചൂണ്ടിക്കാട്ടുന്നത്. ഇവിടെ ശേബയുടെ വാക്കുകൾ സങ്കടത്തിന്റെ ചാരുതയാർന്ന ചിത്രമെഴുത്തുപോലെ അനുഭവപ്പെടുന്നു.

**രണ്ട്/ ഫാദർ ലിയോപ്പോൾദ്**

ദൈവം സൗജന്യമായി നൽകുന്ന വിചാരങ്ങളെ അർഹതപ്പെട്ടവരുടെ ഹൃദയങ്ങളിലേക്കെത്തിക്കുക എന്നതാണ് ഒരു പുരോഹിതന്റെ ദൗത്യം. ഇവിടെ ഫാ. ലിയോപ്പോൾദ് ഉന്നയിക്കുന്ന വിമൂകമായ ചോദ്യങ്ങളിൽനിന്നാണ് ചില പ്രകാശഖണ്ഡങ്ങൾ ഉണ്ടാകുന്നത്. അനുഗ്രഹിക്കപ്പെട്ടവരുടെ ഹൃദയത്തിന്മേൽ

www.malankaralibrary.com

പുരോഹിതന്റെ നിശബ്ദതപോലും ശബ്ദായമാനമായി ആലേഖനം ചെയ്യപ്പെടും. അതിഭാഷണങ്ങളോ അധിക്ഷേപങ്ങളോ ഇല്ലാതെയാണ് ഫാ. ലിയോപ്പോൾഡ് തന്റെ ആത്മീയ സാമീപ്യത്തിമിർപ്പ് പരസ്യപ്പെടുത്തുന്നത്. രഹസ്യം വിനിമയം ചെയ്യുന്ന ഒരു ആത്മീയസംഗീതമാണ് ഫാ. ലിയോപ്പോൾഡിന്റെ സാന്നിധ്യത്തെ ഊർജസ്വലതയോടെ നിലനിർത്തുന്നത്. അതുകൊണ്ടയാൾക്ക് സൗമ്യതയോടെ ഇടപെടാനാകുന്നു. മതേതര ബോധത്തിന്റെ വക്താവാകാൻ കഴിയുന്നു.

"ഇനി അറിയാനുള്ളത് അതാരാണെന്നാണ് ശേബ പറയൂ."

"സഫ്‌വാൻ."

ഫാ. ലിയോപ്പോൾഡ് ഞെട്ടി, സഫ്‌വാനെന്നത് ക്രിസ്ത്യാനിപ്പേരുകളിൽ ഒന്നല്ലെന്ന് ഉറപ്പാണ്. "മുസ്ലീമാണോ?"

"അതെ."

തുടർന്ന് ശേബയും ഫാ. ലിയോപ്പാൾഡുമായുള്ള സംവാദത്തിൽ ശേബ ഇങ്ങനെ കൂട്ടിച്ചേർക്കുന്നു. 'മതമല്ല ഇവിടെ പ്രശ്നം'.

ഈ പ്രസ്താവനയെയും ശരിവയ്ക്കുന്നിടത്താണ് ഫാ. ലിയോപ്പോൾഡിലെ മതേതരവാദി ഉണർന്നെണീക്കുന്നത്. സൈമണും സഫ്‌വാനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചൊക്കെ അന്വേഷിക്കുന്ന ഫാ. ലിയോപ്പോൾഡ് ജ്ഞാനധാരകളുടെ മഹാപ്രവാഹത്തിൽ നർത്തനമാടുന്ന ബുദ്ധിയെ ഉപേക്ഷിക്കുകയും അവർക്കിടയിൽ ഒരു സാധാരണക്കാരനായി ഇരുന്ന് അവരെ കേൾക്കുകയും ചെയ്യുന്നുണ്ട്. അതുകൊണ്ടുതന്നെ മറ്റു സുവിശേഷകന്മാരെപ്പോലെ അതിശയകരമായി സംസാരിക്കുന്ന ഫാ. ലിയോപ്പോൾഡിന്റെ മുമ്പിൽ സൈമണും സഫ്‌വാനും നിശബ്ദരായിത്തീരുന്നതാണ് നാം കാണുന്നത്. ജ്യോതിർമയിയായ ദൈവാത്മാവിനെ ഉൾക്കൊള്ളാൻ മനുഷ്യർ പരാജയപ്പെടുമ്പോഴാണ് കലഹങ്ങളും ലൈംഗിക ദുരാഗ്രഹങ്ങളും ദുഷ്ചിന്തകളുമൊക്കെ രൂപമെടുക്കുന്നതെന്ന് ഫാ. ലിയോപ്പോൾഡിന്റെ മൗനം നമ്മോടുപറയുന്നു. വിജ്ഞാനത്തെ മനനത്തിന്റെ മനോഹരമായ വചനങ്ങളിലൂടെ മെരുക്കിയെടുത്ത് ശേബമാരുടെയും സൈമൺമാരുടെയും സഫ്‌വാൻമാരുടെയും ആത്മാവുകളിൽ നിമജ്ജനം ചെയ്യുകയാണ് ഫാ. ലിയോപ്പോൾഡ്. കാലദേശങ്ങൾക്ക് വശംവദമാകാത്ത ശരീരവും ആത്മാവിന്റെ നൽവരവും കിട്ടിയിട്ടുള്ള പുരോഹിതന്മാരുടെ പ്രതിനിധിയാണിവിടെ ഫാ. ലിയോപ്പോൾഡ്.

## അനുബന്ധം/ വാക്യാർച്ചനകൾ

"ദൈവത്തിനു വിരോധമായി നടന്നാൽ ദൈവം മനുഷ്യനു വിരോധമായി നടക്കും. ദൈവത്തിന് ഒരു നിയമാവലിയുണ്ട്. പാപങ്ങൾ ചെയ്യുന്നവരെ ദൈവം ദണ്ഡിപ്പിക്കും. കണ്ണിനെ മങ്ങിക്കും. ജീവനെ ക്ഷയിപ്പിക്കും."

'ദേശം ശൂന്യമാകും' എന്നു പറഞ്ഞുകൊണ്ടാണ് മുകളിലത്തെ ഉദ്ധരണി പൂർത്തിയാക്കുന്നത്. തിന്മയുടെ ശക്തമായ ഉപരോധങ്ങൾ കാലങ്ങളോളം ദൈവപ്രസാദത്തെ മനുഷ്യമനസ്സിൽ നിന്നു മാറ്റിനിർത്തുമെന്നുതന്നെയാണ് ബാലകൃഷ്ണൻ പറഞ്ഞുവയ്ക്കുന്നത്. ഇരുട്ടിലിരുന്ന് ജീവിതത്തിന് നിറം കൊടുക്കുന്ന സൈമന്റെയും സഫ്‌വാന്റെയും ജീവിതത്തെ അനാവരണപ്പെടുത്തുകവഴി ഭൂമിയിൽ അരങ്ങേറുന്ന മ്ലേച്ഛതകളുടെ മനഃശാസ്ത്രത്തെ തന്നെയാണ് ബാലകൃഷ്ണൻ ചൂണ്ടിക്കാട്ടുന്നത്. കഥയുടെ അർഥഗർഭമായ മുഹൂർത്തങ്ങളെ ആഴത്തിൽ വരച്ചിടുന്ന വാക്യങ്ങളെ കൂടി ഉദ്ധരിക്കാൻ ഈ ലേഖകൻ നിർബന്ധിതനാകുന്നു.

**ഒന്ന്**

*സ്നേഹം എന്നത്, തീർച്ചയായും ഒരു വലിയ വാക്കാണ്.*

**രണ്ട്**

*ദാമ്പത്യം സ്നേഹരഹിതമാവുകയെന്നത് ജലത്തിനടിയിലെ ഉരുളാത്ത കല്ലിൽ പായൽ പടരുന്നതുപോലെ സ്വാഭാവികമായ ഒരു കാര്യമാണ്.*

**മൂന്ന്**

*താൻ ആഗ്രഹിക്കപ്പെടുകയെന്നത് ഏതൊരു സ്ത്രീയെ സംബന്ധിച്ചും ഏറ്റവും അഭിമാനകരമാണെന്നതിൽ തർക്കമില്ല.*

**നാല്**

*ബന്ധത്തിന് ചില അതിർത്തികളുണ്ട്. അവ ലംഘിക്കപ്പെടരുത്.*

കഥ കാലത്തെക്കുറിച്ചുള്ള പ്രവചനക്ഷേത്രമാവണമെന്ന് നിഷ്കർഷയുള്ള കഥാകാരനാണ് സി.വി. ബാലകൃഷ്ണൻ. ഈ കഥയിൽ തിന്മയുണ്ട്. പക്ഷേ, പരീക്ഷണങ്ങളുടെ വിശുദ്ധ വാഗ്ദാനങ്ങൾകൊണ്ട് വായനക്കാരനെ നന്മയുടെ സ്കൂളിൽ കൊണ്ടിരുത്താൻ ബാലകൃഷ്ണനാവുന്നു. കഥയിൽ ബാലകൃഷ്ണൻ ആവിഷ്കരിച്ച തിന്മപോലും നമ്മുടെ കാലഘട്ടത്തിലെ മനുഷ്യസഹജമായൊരു വികാരമായി മാറിയിരിക്കുന്നു. ■

www.malankaralibrary.com

# മരുന്ന് വാഴും മല

**കെ.ജി. എസിന്റെ 'മരുന്ന് വാഴും മല' എന്ന കവിതയുടെ ആസ്വാദനം**
*സമകാലിക മലയാളം ഓണപ്പതിപ്പ്, 2022 സെപ്തംബർ ലക്കം*



റവ. ഡോ. സുനിൽ ജോസ് CMI
*സെന്റ് ജോസഫ്സ് കോളജ്, ദേവഗിരി, കോഴിക്കോട്*

സുഖാലസ്യത്തിന്റെ പുലർവേളകളിൽനിന്ന് യാഥാർഥ്യത്തിന്റെ മധ്യാഹ്നങ്ങളിലേക്ക് മലയാള കവിത ഉണർത്തെഴുന്നേറ്റ കാലത്തിന്റെ കവിയാണ് കെ.ജി ശങ്കരപ്പിള്ള എന്ന കെ.ജി എസ്. ആദ്യകാലത്തെ ആധുനിക കവിതയിലെ ശൂന്യതാവാദം, മോഹഭംഗം, അരാഷ്ട്രീയത, അസ്തിത്വ സംത്രാസം തുടങ്ങിയ ഭാവങ്ങളെ ശുദ്ധികലശം ചെയ്തുകൊണ്ടാണ് ആധുനികതയുടെ മധ്യാഹ്നത്തിൽ കെ.ജി.എസ് അണിചേരുന്നത്. ചരിത്രത്തെയും സംസ്കാരത്തെയും വിമർശനാത്മകമായി നോക്കിക്കാണുകയും പുതിയ രീതിയിൽ അവയെ ഘടിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു അദ്ദേഹത്തിന്റെ കവിത. പില്ക്കാല കവിതകൾ സ്വന്തം സത്യാന്വേഷണങ്ങളിലേക്കും സ്വകാര്യതയിലേക്കുമുള്ള മടക്കയാത്രയായി വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്.

ആധുനിക കവിതയുടെ പ്രമുഖ പ്രയോക്താക്കളിൽ ഒരാളായി അറിയപ്പെടുന്ന കെ.ജി.എസിന്റെ, ബംഗാൾ (1984), അയോധ്യ, ആനന്ദൻ, കഷണ്ടി, ഊർമിള, രമണൻ, നന്നങ്ങാടികൾ, പ്രാർഥിക്കുന്നെങ്കിൽ ഇങ്ങനെ, കൊച്ചിയിലെ വൃക്ഷങ്ങൾ (1994) തുടങ്ങിയ ഒട്ടേറെ കവിതകൾ പ്രസിദ്ധങ്ങളാണ്. കേരള–കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ ലഭിച്ചിട്ടുള്ള കവി കവിതയിൽ ഇന്നും സജീവമാണ്. മികച്ച അധ്യാപകനും വിവർത്തകനും എഡിറ്ററുമായ ശങ്കരപ്പിള്ള എറണാകുളം മഹാരാജാസ് കോളജിന്റെ പ്രിൻസിപ്പലായാണ് വിരമിച്ചത്. 'പ്രസക്തി', 'സമകാലിക കവിത' മുതലായ സാഹിത്യ ജേർണലുകളുടെ എഡിറ്ററായിരുന്നിട്ടുണ്ട്. സംവിധായക സങ്കല്പം (2010) എന്ന കൃതി തിയേറ്ററിനെക്കുറിച്ചുള്ള ലേഖനസമാഹാരമാണ്.

വൃത്തതാളങ്ങളുടെ പിൻബലമില്ലാതെ ആശയങ്ങളുടെ കർക്കശ്യത്തെ ഉൾക്കൊള്ളാനാവുംവിധം പരുക്കൻ വാക്കുകളാൽ തീർത്തെടുത്ത കാവ്യസഞ്ചയങ്ങളായിരുന്നു അദ്ദേഹത്തിന്റെ കവിതകൾ എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. മഹാഭാരതത്തിന്റെ കൈപിടിച്ച് സമകാലിന വ്യവസ്ഥാദുരന്തങ്ങളെ കവിതയിലേക്കാവഹിച്ച 'ബംഗാൾ'എന്ന കവിത കവിയെ പ്രശസ്തനാക്കി. കെ.ജി. എസിന്റെ കവിത, മറ്റേതൊരു ആധുനിക കവിതയിൽനിന്നും വ്യത്യസ്തമായിരിക്കുന്നത് അതിലെ ഘടനാവിശേഷവും വാക്കുകളുടെ സ്പഷ്ടവും മെരുങ്ങാത്തതുമായ പ്രയോഗരീതികളും അമിതമായ കൃത്യതാബോധവും പദസംഘാതങ്ങളുടെ ചാരുതയുംകൊണ്ടാണ്.

'മരുന്ന് വാഴും മല' എന്ന കവിത ആരംഭിക്കുന്നത് 'കേട്ട് കേട്ട്, കണ്ട് കണ്ട് എനിക്കത്രമേൽ സ്വന്തമായ ഒരു മലയുണ്ട്' എന്ന വരികളോടെയാണ്. വയലിനക്കരെ തോപ്പിനക്കരെ മലയിലേക്ക് നയിക്കുന്ന പാതയുടെ 'വിജയത്ത്' എന്നിടത്തെത്തുമ്പോൾ ഇതൊരു കെ.ജി എസ് കവിതയായി മാറുന്നു. കന്യാകുമാരിയിലേക്കുള്ള യാത്രയിൽ കാത്തിരുന്ന് മലനോക്കി, ഇടത്ത് മലകണ്ടു, മടക്കത്തിൽ വലത്ത് മലകണ്ടു– എന്നിടത്തെത്തുമ്പോൾ കവിത എ.ആ

www.malankaralibrary.com



റിന്റെ മലയവിലാസത്തിന്റെ പുത്തനാഖ്യാനമായി മാറുന്നു. ഇതര കവികളുടെ കാവ്യസന്ദർഭങ്ങളിൽ നിന്നുള്ള സൂചനകൾ കെ.ജി.എസ് കവിതകളിൽ പുതിയൊരു ഭാവത്തോടെ അവതരിപ്പിക്കപ്പെടാറുണ്ട്. നേരിന്റെ കാവലായ ആ മലയെക്കുറിച്ചുള്ള തിരിച്ചറിവാണ് കവിത നിറയെ. 'കാണാതെ കടന്നുപോകിലും തിരിഞ്ഞുനോക്കുമ്പോൾ ഇടയനെപ്പോലെ കൂടെയുണ്ട് ആ വലിപ്പം. അതേ തെളിക്കൽ, പ്രിയം ആജ്ഞ.' ഒരേ പുതപ്പിൽ അനേകായുസിലെ മഴ, മഞ്ഞ്, ഉദിപ്പ്, നടപ്പ്, ഇരിപ്പ്, കത്തൽ, കെടൽ, ഉയിർപ്പുമറിയും മല; ആ ഗരിമയെപ്പറ്റി കവിക്കൊരു 'വചനം വയ്യ, ഭജനവും.' അറിഞ്ഞാലും ഇല്ലെങ്കിലും ആ മല അകം നിറഞ്ഞുണ്ട് എന്നാണ് കവിയുടെ കണ്ടെത്തൽ. നാഞ്ചിനാടൻ വിസ്തൃതിയെ അത് ഒരു നെന്മണിയോളം ചെറുതാക്കും; പിന്നിട്ട വഴികൾ സ്വയമൊന്നിച്ചൊരു പത്മാസനത്തിലിരിക്കും. പോകേണ്ടവഴി ഒന്നിച്ചൊരു നീതിമുദ്രയുദിക്കും പോലെ. എന്നിവിടെ ആത്മബോധത്തിന്റെ താപസചരിതങ്ങൾ മുദ്രകളായി വായനക്കാരന്റെ മനസ്സിൽ ഉദിക്കും. പേരില്ലാത്ത ഈ മല പതിയെപതിയെ സൂക്ഷ്മ ജന്മങ്ങളുടെ പച്ചിലനീരിൽ മൃതസഞ്ജീവനി ഒരുക്കിവയ്ക്കുന്ന മരുത്വാമലയായി 'ഗുരുത്വാമല'യായി മാറുന്നുണ്ട് കവിതയിൽ. തളിരും കാതലും ഗുണവും ധ്യാനവും പൊരുളും വെളിവുമായി അത് പരിണമിക്കുന്നതിന്റെ സൂക്ഷ്മമായ കാഴ്ചകൾ കവി കാട്ടിത്തരുന്നു. ഇടനേര് നേരിന്റെ കാതലായും കാവലായും തിരിച്ചറിയുന്നിടത്താണ് കവിത അവസാനിക്കുന്നത്.

ചുറ്റുപാടുമുള്ള സാധാരണ ദൃശ്യങ്ങളെയും അതിസാധാരണ വസ്തുക്കളെയും അർഥഗൗരവമുള്ള സമസ്യകളവതരിപ്പിക്കാനുള്ള പ്രതീകങ്ങളായി മാറ്റുക, ശങ്കരപ്പിള്ളയുടെ കവിതകളിൽ കാണുന്ന പൊതുരീതിയാണ്. കിണർ, മരങ്ങൾ, അരഞ്ഞാണം, കുട, ചാരുകസേര, ഫോട്ടോ, കാക്ക, കോഴി, ചേര, കഴുത, കുതിര തുടങ്ങിയ കവിതകൾ ഉദാഹരണങ്ങളാണ്. 'മരുന്ന് വാഴും മല' മരുത്വാമലയായും 'ഗുരുത്വാമലയായും' മാറുന്ന പരിണാമം ശ്രദ്ധേയമാണ്. സകല വേദവും ഭേദവും അവയിലെ കേന്ദ്രശൂന്യതയും വാക്യം വാക്യമായുദിച്ച വെളിവ്, മതമേതായാലും മനുഷ്യൻ നന്നായാൽ മതിയെന്ന സഞ്ജീവനി, വാഴും 'ഗുരുത്വാമല.' പ്രളയത്തിൽ ആഴാതെ ചുഴലിയിൽ പാറാതെ. അത് അതായിത്തന്നെയിരിക്കുന്നു. ഈ നേരിനെ കവി നേരിന്റെ കാവൽ എന്ന് പേരിട്ടുവിളിക്കുന്നു. ■

പേജ് 47-ൽ നിന്നും തുടർച്ച

പോലെതന്നെ, അപരിചിതരായ വ്യക്തികൾ ഇത്തരം സാഹചര്യങ്ങളിൽ ദിവ്യകാരുണ്യ സ്വീകരണത്തിനായി നടത്തുന്ന അഭ്യർത്ഥന പരിഗണിക്കാതിരിക്കുന്നതാണ് ഉചിതം. ഭക്തജീവിതത്തിന്റെ പ്രകടനപരത ജീവിതശൈലിയായി മാറ്റിയിരിക്കുന്നവരുടെ ഇത്തരം അഭ്യർത്ഥനകളും ന്യായമായ കാരണമായി കണക്കാക്കാനാവില്ല.

അവസാനിപ്പിക്കുന്നതിനുമുമ്പ് ഒരു കാര്യം കൂടി വ്യക്തമാക്കേണ്ടതുണ്ട്. വിശുദ്ധ കുർബാനയർപ്പണത്തിനു പുറമേയുള്ള കുർബാനസ്വീകരണ സാഹചര്യം യാന്ത്രികമാകാതിരിക്കാൻ വൈദികനും വിശ്വാസിയും ശ്രദ്ധിക്കേണ്ടതുണ്ട്. വിശുദ്ധ കുർബാന സ്വീകരണത്തിനണയുന്ന വിശ്വാസികളെ അതിനായി ഒരുക്കുന്ന ഹ്രസ്വമെങ്കിലും അവസരോചിതമായ ഒരു ചെറിയ പ്രാർത്ഥനാശുശ്രൂഷ നടത്തുന്നത് ഉചിതമാണ്. ചില സ്ഥലങ്ങളിൽ അതിനായുള്ള പ്രാർത്ഥനകൾ നിജപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങൾ ആത്മീയചൈതന്യം പ്രദാനം ചെയ്യുന്ന അവസരങ്ങളാക്കിമാറ്റാൻ ദിവ്യകാരുണ്യം നൽകുന്ന വൈദികനും സ്വീകരിക്കുന്ന വിശ്വാസിയും ഒരുപോലെ ശ്രദ്ധിക്കണം എന്നർത്ഥം. ■

www.malankaralibrary.com

# സീതാരാമം



റവ. ഡോ. ബെന്നി ബനഡിക്റ്റ് CMI
*ഡയറക്ടർ, ചേതന മീഡിയ ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ*

**ഹനുരാഘവ്പ്പുടി കഥയും തിരക്കഥയും എഴുതി സംവിധാനം ചെയ്ത തെലുങ്ക് ചിത്രം 'സീതാരാമം' ആണ് ഈ ലക്കം പരിചിതമാക്കുന്നത്. ദുൽഖർ സൽമാൻ, മൃണാൾ താക്കൂർ, രശ്മിക മന്ദാന തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.**

'സീതാരാമം' സുന്ദരമായ ഒരു ചലച്ചിത്ര അനുഭവമാണ്. മലയാളം, തമിഴ്ഭാഷകളിൽകൂടി മൊഴിമാറ്റം ചെയ്തതിട്ടുള്ള ഈ തെലുങ്ക് ചിത്രം കാല്പനികതയും അല്പം അതിഭാവുകത്വവും ഇടകലർത്തിയ സുന്ദരമായൊരു പ്രണയകഥയാണ്. പക്ഷേ, മനസ്സിലേക്കു ഈ ചിത്രം പകരുന്ന വിശാലമായ മനുഷ്യ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും കുളിർമ അടുത്ത കാലത്തു ഇറങ്ങിയിട്ടുള്ള ബിഗ്ഹിറ്റ് ചിത്രങ്ങളിലൊന്നും കണ്ടെന്നുവരില്ല. രാജ്യസ്നേഹത്തിന്റെ പേരിൽ ചില പ്രത്യേക ജനവിഭാഗങ്ങൾക്കുനേരെ വിദ്വേഷത്തിന്റെ വിഷം കുത്തിവയ്ക്കുന്ന സിനിമകൾവരെ ഇറങ്ങുന്ന കാലത്ത് 'സീതാരാമം' വളരെയധികം പ്രേക്ഷകരെ, പ്രത്യേകിച്ചു യുവജനങ്ങളെ, വിശ്വസാഹോദര്യത്തിന്റെ നേർക്കാഴ്ചയിലേക്ക് നയിക്കുന്നു; ചരിത്രം പുനരാവിഷ്കരിക്കുന്ന ഒരു പിരിയഡ് സിനിമയാണ് ഈ ചിത്രം. പക്ഷേ, ഇതിൽ 'പഴഞ്ചൻ' എന്ന് വിളിച്ചു മാറ്റിവയ്ക്കാവുന്ന ഒരു ഘടകം പോലുമില്ല. 'ഓൾഡ് ഈസ് ഗോൾഡ്' എന്ന പല്ലവി ശരിവയ്ക്കുംവിധം പഴമയുടെ സൗന്ദര്യമാണ് ഈ ചിത്രത്തിന് യുവജനങ്ങളുടെ ഇടയിൽ കൂടുതൽ മതിപ്പുണ്ടാക്കുന്നത് എന്ന് കാണാം. ഒരുദാഹരണത്തിനു ഈ ഡിജിറ്റൽ കാലത്ത് ചെറുപ്പക്കാരും പ്രായമായവരുംവരെ മിക്കവാറും ഉപേക്ഷിച്ചു കഴിഞ്ഞ, കടലാസിൽ എഴുതുന്ന കത്തുകൾ ഈയിടെ ഇറങ്ങിയ 'ജാനേമൻ' എന്ന ചിത്രത്തിലും 'കുൽസുമ്മാന്റെപേരക്കുട്ടി' എന്ന ഹ്രസ്വചിത്രത്തിലും കഥയുടെ കേന്ദ്രസ്ഥാനത്തുതന്നെ കടന്നുവരുന്നതും പുതിയ തലമുറ അതിനെ ഏറെ പ്രിയത്തോടെ സ്വീകരിക്കുന്നതും കണ്ട് അതിശയവും സന്തോഷവും തോന്നിയിട്ടുണ്ട്. 'സീതാരാമ'ത്തിലും മർമപ്രധാനമായൊരുപങ്ക് കടലാസ്സിലെഴുതിയ ഒരു കത്തിനാണ്. കത്തു വരുന്നത് പാക്കിസ്ഥാനിൽനിന്ന്; അവിടെ ജയിലിൽ കിടന്നുകൊണ്ട് ലെഫ്റ്റനന്റ് റാം (ദുൽഖർ സൽമാൻ) ഇന്ത്യയിൽ, കാശ്മീരിലുള്ള തന്റെ ഭാര്യ സീതക്കു (മൃണാൾ താക്കൂർ) എഴുതിയ കത്ത് അവളുടെ കൈയിൽ ഒരിക്കലും എത്തിയില്ല. ആ കത്ത്, ഇരുപതുവർഷങ്ങൾക്കു ശേഷം സീതയെ തിരഞ്ഞുപിടിച്ചു ഏൽപ്പിക്കാനുള്ള ദൗത്യം ഏറ്റെടുത്തു ഇന്ത്യയിൽ എത്തുന്നത് പാക്കിസ്ഥാനി പെൺകുട്ടി അഫ്രീൻ (രശ്മിക മന്ദാന) ആണ്. അവൾ നിസ്സാരക്കാരിയല്ല; ലണ്ടനിൽ വിദ്യാർഥി നേതാവായ അഫ്രീൻ തീവ്രമായ പാക്കിസ്ഥാൻ ദേശസ്നേഹവും അതേ അളവിൽ ഇന്ത്യയോടുള്ള വെറുപ്പും മനസ്സിൽ സൂക്ഷിച്ചിരുന്നവളാണ്. ഈ കത്ത് സീതയെ തിരഞ്ഞുപിടിച്ചു ഏൽപ്പിക്കുന്ന ദൗത്യം അഫ്രീന്റെ മരണമടഞ്ഞു പോയ മുത്തച്ഛൻ പാക്കിസ്ഥാനി സൈനിക കമാൻഡർ മേജർ അബു താരിഖ് ആണ് തന്റെ വക്കീൽവഴി അവൾക്കു കൈമാറിയിരിക്കുന്നത്. ആ ദൗത്യം പൂർത്തിയാക്കിയാൽ മാത്രമേ താരിഖിന്റെ സ്വത്തിൽ അഫ്രീനു അവകാശം ലഭിക്കയുള്ളു എന്ന വ്യവസ്ഥയും വച്ചിട്ടുണ്ട്. എങ്ങനെയെങ്കിലും സീതയെ കണ്ടു പിടിച്ചു കത്ത് ഏൽപ്പിച്ച്, സ്വത്തുകൈപ്പറ്റുക, ലണ്ടനിൽ ഒരു ഇന്ത്യൻ വ്യാപാരിക്കു വരുത്തിവച്ചിട്ടുള്ള നഷ്ടത്തിന് പരിഹാരം ചെയ്യുക. ഈയൊരു ഉദ്ദേശ്യം മാത്രമേ ഇന്ത്യയിൽ ഹൈദരാബാദ് നഗരത്തിലേക്കു സീതയെ അന്വേഷിച്ചു പുറപ്പെടുമ്പോൾ അഫ്രീന്റെ മനസ്സിലുണ്ടായിരുന്നുള്ളു. പക്ഷേ, ഈ അന്വേഷണം രണ്ടുരാജ്യങ്ങൾ തമ്മിലുള്ള ചരിത്രത്തിന്റെ നീണ്ട അധ്യായങ്ങളിലേക്കും അതിന്റെയുള്ളിൽ ദേശം, മതം തുടങ്ങിയ എല്ലാ അതിർവരമ്പുകളെയും മറികടന്നു മനുഷ്യഹൃദയങ്ങളെ ഒന്നിപ്പിക്കുന്ന ഉത്കൃഷ്ടമായ പ്രണയത്തിന്റെ കഥയിലേക്കും കടന്നുചെല്ലുമ്പോൾ അഫ്രീൻ എന്ന പെൺകുട്ടിയുടെ മനസ്സു തന്നെ മാറുകയാണ്. കഥ നടക്കുന്നത് രണ്ടുകാലഘട്ടങ്ങളിൽ ആണ്; 1960-കളിൽ കഥയുടെ ഒന്നാം ഭാഗവും 80-കളിൽ രണ്ടാം ഭാഗവും. രണ്ടുകാലഘട്ട

www.malankaralibrary.com



ങ്ങളിലൂടെയും മാറിമറിഞ്ഞ് ഈ ചിത്രം നമ്മെ കൊണ്ടുപോകുന്നത് ഹൈദരാബാദിൽ നിസ്സാമിന്റെ കൊട്ടാരത്തിലെ മുസ്ലീം മതവിശ്വാസിയായ നൂർജഹാൻ രാജകുമാരിയും, കാശ്മീരിൽ അതിർത്തി സേനയിൽ ജോലി ചെയ്യുന്ന അനാഥനായ റാം എന്ന ഹിന്ദു മതവിശ്വാസിയായ പട്ടാളക്കാരനും തമ്മിൽ ഉടലെടുത്ത പരിപാവനമായ പ്രണയബന്ധത്തിന്റെ പുനരാഖ്യാനത്തിലേക്കാണ്. നൂർജഹാൻ 'സീത'യാവുന്നത് എങ്ങനെ? അത് ഈ ചിത്രത്തിന്റെ കൗതുകരമായ സസ്പെൻസ് ആണ്.

റാം പട്ടാളക്കാരനാണ്, അദ്ദേഹത്തിന്റെ മനസ്സു എപ്പോഴും രാജ്യത്തിന്റെ സുരക്ഷയിൽ കേന്ദ്രീകരിച്ചിരിക്കുകയാണ്; പക്ഷേ, സാധാരണ മനുഷ്യരെ ഒരിക്കലും അദ്ദേഹം യുദ്ധത്തിന്റെയോ വെറുപ്പിന്റെയോ കരുക്കളാക്കാൻ സമ്മതിക്കുന്നില്ല. അതിർത്തിയിൽ കണ്ടുമുട്ടുന്ന പാക്കിസ്ഥാൻ ഗ്രാമീണരോടും, പട്ടാളക്യാമ്പിന് ചുറ്റുമുള്ള കാശ്മീരിലെ എല്ലാ ജനവിഭാഗങ്ങളോടും ഒരേ മമതയാണ് റാമിന്. യുദ്ധഭൂമിയിൽ റാമിനെയും സഹപട്ടാളക്കാരെയും ആകാശവാണിക്കുവേണ്ടി അഭിമുഖം നടത്തിയ പത്രപ്രവർത്തക റാം അനാഥനാണ് എന്ന് കണ്ടപ്പോൾ റേഡിയോയിലൂടെ ലെഫ്റ്റനന്റ് റാമിന് കത്തുകൾ എഴുതാൻ ശ്രോതാക്കളെ പ്രേരിപ്പിക്കുന്നു. പിന്നെ നാം കാണുന്നത് റാമിന് ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ നിന്ന് കത്തുകളുടെ പ്രവാഹമാണ്. ഒരു ദിവസം റാമിനെ വിസ്മയിപ്പിച്ചുകൊണ്ട് എത്തിച്ചേരുന്നൊരു കത്ത് റാമിന്റെ ഭാര്യ 'സിതാമഹാലക്ഷ്മി' ആണെന്ന് അവകാശപ്പെട്ടുള്ള 'ഫ്രം അഡ്രസ്' ഇല്ലാത്തൊരു കത്താണ്. പിന്നെ ദിവസവും റാം സീതയുടെ കത്ത് കാത്തിരിപ്പായി; എവിടെ നിന്നാണ് ആ കത്തുകൾ വരുന്നത് എന്നറിയില്ല. ഒടുവിൽ ലഭിച്ച കത്ത് ഡൽഹിയിൽ നിന്നാണ് പോസ്റ്റ് ചെയ്തിരിക്കുന്നതെന്ന് മനസ്സിലാക്കി റാം പട്ടാളക്കാരൻ കൂട്ടുകാരനെയുംകൂട്ടി ഡൽഹിയിലേക്കും പിന്നെ കിട്ടിയ സൂചന അനുസരിച്ചു സീതയെ കണ്ടുമുട്ടാനായി ട്രെയിനിൽ ഹൈദരാബാദിലേക്കും തിരിക്കുന്നു. ആ യാത്ര റാമിന്റെയും സീതയുടെയും ജീവിതത്തിന്റെ ഗതിവിഗതികൾ എന്നന്നേക്കുമായി എങ്ങനെ മാറ്റിമറിച്ചു എന്ന് ഇരുപതുവർഷങ്ങൾക്കു ശേഷം അഫ്രീൻ നടത്തുന്ന അന്വേഷണത്തിലൂടെയാണ് പ്രേക്ഷകർക്ക് വെളിപ്പെടുക. എല്ലാ പ്രതിബന്ധങ്ങളെയും മറികടന്നു സീതയും റാമും വിവാഹിതരായി കശ്മീരിലെ പട്ടാള ക്യാമ്പിൽ എത്തി, അവരുടെ സ്നേഹകൂടാരത്തിൽ സ്വപ്നങ്ങളും മോഹങ്ങളും ചിറകുവിരിച്ചുയരുമ്പോൾ, രാജ്യസ്നേഹം ജീവത്യാഗം ആവശ്യപ്പെട്ടു മുന്നിലെത്തുന്നു. വിധി വീണ്ടും അവർക്കെതിരായി മാറുന്നു. പാക്കിസ്ഥാനിൽ നുഴഞ്ഞുകയറി തീവ്രവാദികളുടെ തലവനായ അൻസാരിയെയും അനുയായികളെയും നിഷ്പ്രഭരാക്കാൻ നിയോഗിക്കപ്പെടുന്ന ചാവേർപ്പടയിൽ ലെഫ്റ്റനന്റ് റാമും ഉണ്ട്; പക്ഷേ, ദൗത്യനിർവഹണത്തിനായി കൊടുക്കേണ്ടിവന്ന വില വളരെ വലുതായിരുന്നു. പാക്കിസ്ഥാനിലെ തടവറയിൽ ബന്ദിയായി മരണം കാത്തുകഴിയുമ്പോൾ, ഇന്ത്യൻ സൈന്യത്തിന്റെ അതീവ രഹസ്യവിവരങ്ങൾ ചോർത്തി കൊടുത്താൽ തടവറയിൽനിന്ന് മുക്തനായി നാട്ടിലേക്ക് മടങ്ങാം എന്ന് പാക്കിസ്ഥാൻ പട്ടാളം വ്യവസ്ഥ വയ്ക്കുന്നുണ്ടെങ്കിലും റാം തിരഞ്ഞെടുക്കുന്നത് സ്വന്തം രാജ്യത്തിന്റെ അന്തസ്സും അത് സംരക്ഷിക്കാൻ അയാൾ കൊടുക്കുന്ന വില സ്വന്തം ജീവനുമാണ്. ബ്രിട്ടീഷ് അടിമത്വത്തിൽനിന്ന് ഒരേ ദിവസം സ്വാതന്ത്ര്യം നേടിയ ഒരു ജനതയെ മതവും വർഗീയതയും രണ്ടായി വിഭജിച്ചു, അതിന്റെ മുറിവുകൾ കാലാകാലത്തേക്കു ശേഷിക്കുന്ന ചരിത്രമാണ് ഇന്ത്യ-പാക്കിസ്ഥാൻ യുദ്ധങ്ങളുടെയും തീവ്രവാദികളുടെ പോരാട്ടങ്ങളുടെയും പുറകിൽ. ഇരുരാജ്യങ്ങളിലേയും പുത്തൻതലമുറകളുടെ മുൻപിൽ 'സീതാരാമം' എന്ന ക്ലാസിക് പ്രണയ കഥ അവതരിപ്പിക്കുന്നതിന് പിന്നിൽ ഹനുരാഘവ് പുടിയുടെ ഒരു ദർശനവും സ്വപ്നവും ഉണ്ട്. യുദ്ധങ്ങളും തീരാവൈരാഗ്യങ്ങളും മാറ്റിവച്ചു ന്യൂജെൻ തലമുറക്കെങ്കിലും സൗഹാർദത്തിന്റെ, സമാധാനത്തിന്റെ, പരസ്പരധാരണകളുടെ പുത്തൻസ്വപ്നങ്ങൾ കാണാനും സാക്ഷാത്കരിക്കാനും കഴിയും എന്നൊരു ശുഭപ്രതീക്ഷയായിരിക്കാം പിന്നണിപ്രവർത്തകരുടെ പ്രചോദനം. അവരെല്ലാം അഭിനന്ദനമർഹിക്കുന്നു. ■

www.malankaralibrary.com

കേരളത്തിലെ പ്രസിദ്ധ മരിയൻ തീർഥാടനകേന്ദ്രമായ
കൊരട്ടി സെന്റ് മേരീസ് ഫൊറോന പള്ളിയിൽ



# അത്ഭുതപ്രവർത്തകയായ കൊരട്ടിമുത്തിയുടെ തിരുനാൾ

## 2022 ഒക്ടോബർ 01 മുതൽ 31 വരെ

**തിരുനാൾ**
15,16 ( ശനി, ഞായർ )

**എട്ടാമിടം**
22,23 ( ശനി, ഞായർ )

**പതിനഞ്ചാമിടം**
29,30 ( ശനി, ഞായർ )

**അത്ഭുതരൂപം എഴുന്നള്ളിക്കൽ** ഒക്ടോബർ 16 ഞായർ പുലർച്ചെ 5.00ന്
ആഘോഷമായ ജപമാല സമാപനം ഒക്ടോബർ 31 ന്

### കൊരട്ടിമുത്തിപള്ളിയിലെ പ്രത്യേകതകൾ

ജാതിമതഭേദമെന്യേയുള്ള വിശ്വാസിസംഗമം.
ഒന്നരനൂറ്റാണ്ടിന്റെ പഴക്കമാർന്ന പൂവൻകുല നേർച്ചയും പൂവൻകായ തുലാഭാര നേർച്ചയും.
'നന്മനിറഞ്ഞമറിയമേ' പ്രാർത്ഥന ഭാരത– വിദേശ ഭാഷകളിൽ ആലേഖിതമാക്കിയ ചുവരുകൾ
ജപമാല രഹസ്യങ്ങളുടെ ശില്പങ്ങൾ ആവിഷ്ക്കരിച്ചിട്ടുള്ള ധ്യാനാത്മക റോസറിവില്ലേജ്.
മുട്ടിൽനീന്തിയുള്ള ഭക്തനേർച്ച.
തിരുനാൾ ദിനങ്ങൾക്കുപുറമേ എല്ലാദിവസവും പൂവൻകുല, അടിമ, തുലാഭാരം നേർച്ചകൾക്കുള്ള സൗകര്യമുണ്ടായിരിക്കും.
ശനിയാഴ്ചകളിൽ രാവിലെ 5.30നും 7.00 നും വൈകിട്ട് 4.45 നും വിശുദ്ധകുർബ്ബാന, നൊവേന
രാവിലെ 10.00ന് വിശുദ്ധ കുർബ്ബാന, നൊവേന, ആരാധന, നേർച്ചപ്പായസം വിതരണം.

# ST. MARY'S FORANE CHURCH

(ARCHDIOCESE OF ERNAKULAM- ANGAMALY)
Koratty 680 308, Thrissur, Ph: 0480-2732780, 7558038308
www.korattymuthy.com | Email:muthy@korattymuthy.com
Korattymuthy Forane Church | korattymuthy_official | korattymuthy

Date of Publication: 13.10.2022 / Karunikan Monthly RNI No. KERMAL/2007/19623 Registered KL/EKM/729/2021-23
Licence No. KL/CR/EKM/WPP-17/2021-23 Licensed to Post Without Prepayment **Total Pages 56**

www.malankaralibrary.com




Printed, Edited and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O., Kochi - 682 015, Ernakulam Dt.
Printed at Viani Printings, Kochi - 682 018, Kerala; Editor : Fr. M. Koottumkal MCBS